കേന്ദ്ര ഗവൺമെന്റ്
നിയമ നീതിന്യായ കമ്പനികാര്യ മന്ത്രാലയം

# ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷുറൻസ് ആക്റ്റ്, 1948

(1948-ലെ 34-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി
കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1980

വില

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ജോലിക്കാരുടെ സ്റ്റേററ് ഇൻഷ്വറൻസ് ആക്ററ്, 1948

(1948-ലെ 34-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1980

# ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് ആക്റ്റ് 1948

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും, ബാധകതയും.
2. നിർവ്വചനങ്ങൾ.
2ക. ഫാക്ടറികളുടേയും സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ.

### അദ്ധ്യായം II

### കോർപ്പറേഷൻ, സ്ററാൻറിംഗ് കമ്മിററി, ചികിൽസിയാനുകൂല്യസമിതി

3. ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് കോർപ്പറേഷൻെറ സ്ഥാപനം.
4. കോർപ്പറേഷൻെറ ഘടന.
5. കോർപ്പറേഷൻ അംഗങ്ങളുടെ ഉദ്യോഗകാലാവധി.
6. പുനർനാമനിർദ്ദേശത്തിനോ പുനർതിരഞ്ഞെടുപ്പിനോ ഉള്ള അർഹത.
7. ഉത്തരവുകൾ, തീരുമാനങ്ങൾ മുതലായവയുടെ പ്രമാണീകരണം.
8. സ്ററാൻറിംഗ് കമ്മിററി ഏർപ്പെടുത്തൽ.
9. സ്ററാൻറിംഗ് കമ്മിററിയംഗങ്ങളുടെ ഉദ്യോഗകാലാവധി.
10. ചികിൽസിയാനുകൂല്യസമതി.
11. അംഗത്വം രാജി വയ്ക്കുന്നത്.
12. അംഗത്വം അവസാനിക്കുന്നത്.
13. അയോഗ്യത.
14. ഒഴിവുകൾ പൂരിപ്പിക്കൽ.
15. ഫീസും ബത്തകളും.
16. മുഖ്യ ഉദ്യോഗസ്ഥൻമാർ.
17. സ്ററാഫ്.
18. സ്ററാൻറിംഗ് കമ്മിററിയുടെ അധികാരങ്ങൾ.
19. ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ ആരോഗ്യം മുതലായവയ്ക്കുള്ള നടപടികൾ പ്രോൽസാഹിപ്പിക്കാൻ കോർപ്പറേഷനുള്ള അധികാരം.
20. കോർപ്പറേഷൻെറയും, സ്ററാൻറിംഗ് കമ്മിററിയുടേയും ചികിൽസിയാനുകൂല്യസമിതിയുടേയും യോഗങ്ങൾ.
21. കോർപ്പറേഷനേയും സ്ററാൻറിംഗ് കമ്മിററിയേയും പുറംതള്ളുന്നത്.
22. ചികിൽസിയാനുകൂല്യസമിതിയുടെ കർത്തവ്യങ്ങൾ.
23. മുഖ്യ ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങൾ.
24. ഏർപ്പെടുത്തലിലുള്ള ന്യൂനത മുതലായവ കാരണമായി കോർപ്പറേഷൻ മുതലായവയുടെ കൃത്യങ്ങൾ അസാധുവല്ലെന്ന്.
25. പ്രാദേശിക ബോർഡുകളും തദ്ദേശക്കമ്മിററികളും പ്രാദേശിക-തദ്ദേശചികിൽസിയാനുകൂല്യസമിതികളും

## അദ്ധ്യായം III

## ധനകാര്യവും ആഡിററും

വകുപ്പുകൾ

26. ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ്നിധി.
27. [വിട്ടുകളയപ്പെട്ടു]
28. നിധി ചെലവാക്കാവുന്നത് ഏതു ആവശ്യങ്ങൾക്കെന്ന്.
29. വസ്തുധാരണം ചെയ്യുന്നതും മാററും.
30. കോർപ്പറേഷനിൽ വസ്തു നിക്ഷിപ്തമാകുന്നത്.
31. [വിട്ടുകളയപ്പെട്ടു]
32. ബഡ്ജററ് അടങ്കലുകൾ.
33. കണക്കുകൾ.
34. ആഡിററ്.
35. വാർഷികറിപ്പോർട്ട്.
36. ബഡ്ജററും ആഡിററ് ചെയ്ത കണക്കുകളും വാർഷികറിപ്പോർട്ടും പാർലമെൻറ് മുമ്പാകെ വയ്ക്കണം എന്ന്.
37. ആസ്തി ബാദ്ധ്യതകളുടെ മൂല്യനിർണ്ണയം.

## അദ്ധ്യായം IV

## അംശദായം

38. എല്ലാ ജോലിക്കാരും ഇൻഷ്വർ ചെയ്യപ്പെടണമെന്ന്.
39. അംശദായങ്ങൾ.
40. അംശദായങ്ങൾ ആദ്യമായി മുഖ്യനിയോജകൻ കൊടുക്കണമെന്ന്.
41. തൊട്ടുമീതെയുള്ള നിയോജകനിൽനിന്ന് അംശദായം വസൂലാക്കൽ.
42. അംശദായങ്ങൾ കൊടുക്കുന്നതു സംബന്ധിച്ച് സാമാന്യ വ്യവസ്ഥകൾ.
43. അംശദായം കൊടുക്കേണ്ട സമ്പ്രദായം.
44. ചില സംഗതികളിൽ നിയോജകർ റിട്ടേണുകൾ നൽകുകയും രജിസ്ററുകൾ വച്ചുപോരുകയും ചെയ്യേണ്ടതാണെന്ന്.
45 ഇൻസ്പെക്ററർമാരും അവരുടെ ചുമതലകളും കർത്തവ്യങ്ങളും.
45 ക ചില സംഗതികളിൽ അംശദായങ്ങൾ നിശ്ചയിക്കൽ
45 ഖ അംശദായങ്ങൾ വസൂലാക്കൽ.

## അദ്ധ്യായം V

## ആനുകൂല്യങ്ങൾ

46. ആനുകൂല്യങ്ങൾ
47. സുഖക്കേട്-ആനുകൂല്യത്തിന് ഒരാൾക്ക് അർഹതയുള്ളത് എപ്പോഴെന്ന്.
48. [വിട്ടുകളയപ്പെട്ടു]
49. സുഖക്കേട് ആനുകൂല്യം.
50. പ്രസവകാലാനുകൂല്യം.
51 അവശനാക്കപ്പെടൽ ആനുകൂല്യം.
51 ക. നിയോജനത്തിനിടയിൽ ഉൽഭവിക്കുന്ന അപകടം സംബന്ധിച്ച അനുമാനം.
51 ഖ. റഗുലേഷനുകൾ മുതലായവ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ.

വകുപ്പുകഠം

51 ഗ. നിയോജകൻെറ വാഹനത്തിൽ യാത്ര ചെയ്യുമ്പോഠം സംഭവിക്കുന്ന അപകടങ്ങഠം.
51 ഘ. അടിയന്തരാവസ്ഥ നേരിടുമ്പോഠം സംഭവിക്കുന്ന അപകടങ്ങഠം.
52. ആശ്രിതരുടെ ആനുകൂല്യം.
52 ക. ജീവികാജന്യരോഗം.
53. മറേറതെങ്കിലും നിയമത്തിൻകീഴിൽ നഷ്ടപരിഹാരമോ നഷ്ടമോ ലഭിക്കുകയോ വസൂലാക്കുകയോ ചെയ്യുന്നതിനുള്ള തടസ്സം.
54. അവശനാക്കപ്പെടൽ പ്രശ്നത്തിൻെറ തീരുമാനം.
54 ക. മെഡിക്കൽ ബോർഡുകളിലേയ്ക്കുള്ള റഫറൻസുകളും മെഡിക്കൽ അപ്പീൽ ട്രിബ്യൂണലുകളിലേയ്ക്കും ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതികളിലേയ്ക്കും ഉള്ള അപ്പീലുകളും.
55. മെഡിക്കൽ ബോർഡോ മെഡിക്കൽ അപ്പീൽ ട്രിബ്യൂണലോ തീരുമാനങ്ങഠം റവ്യൂ ചെയ്യുന്നത്.
55 ക. ആശ്രിതരുടെ ആനുകൂല്യം റവ്യൂ ചെയ്യുന്നത്.
56. ചികിൽസിയാനുകൂല്യം.
57. ചികിൽസിയാനുകൂല്യത്തിൻെറ തോത്.
58. സ്റേററ് ഗവൺമെൻറ് വൈദ്യ ചികിൽസ നൽകുന്നത്.
59. കോർപ്പറേഷൻ ആശുപത്രികഠം മുതലായവ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത്.
59 ക. സ്റേററ് ഗവൺമെൻറിനുപകരം കോർപ്പറേഷൻ ചികിൽസിയാനുകൂല്യം നൽകുന്നത്.

## സാമാന്യം

60. ആനുകൂല്യം തീറു നൽകാവുന്നതോ ജപ്തി ചെയ്യാവുന്നതോ അല്ലെന്ന്.
61. മററു അധിനിയമങ്ങഠംക്കുകീഴിലെ ആനുകൂല്യങ്ങഠംക്കുള്ള തടസ്സം.
62. ആളുകഠം രൊക്കമായ ആനുകൂല്യങ്ങഠം സംരാശീകരിക്കാൻ പാടില്ലെന്ന്.
63. ആളുകഠംക്ക് ചില സംഗതികളിൽ ആനുകൂല്യം കിട്ടാൻ അവകാശമില്ലെന്ന്.
64. സുഖക്കേട്-ആനുകൂല്യമോ അവശനാക്കപ്പെടൽ ആനുകൂല്യമോ കിട്ടുന്നവർ ഉപാധികഠം പാലിക്കണമെന്ന്.
65. ആനുകൂല്യങ്ങഠം കൂട്ടിച്ചേർക്കാൻ പാടില്ലെന്ന്.
66. [വിട്ടുകളയപ്പെട്ടു]
67. [വിട്ടുകളയപ്പെട്ടു]
68. മുഖ്യ നിയോജകൻ ഏതെങ്കിലും അംശദായം കൊടുക്കാതിരിക്കുകയോ കൊടുക്കാൻ ഉപേക്ഷവരുത്തുകയോ ചെയ്യുന്നിടത്ത് കാർപ്പറേഷൻെറ അവകാശങ്ങഠം.
69. ഫാക്ററികഠം മുതലായവയുടെ ഉടമയ്ക്കോ കൈവശക്കാരനോ, കവിഞ്ഞ സുഖക്കേട് ആനുകൂല്യം സംബന്ധിച്ചുള്ള ബാദ്ധ്യത.
70. അവിഹിതമായി കിട്ടിയ ആനുകൂല്യം തിരിയെ കൊടുക്കൽ.
71. ആനുകൂല്യം മരണദിവസം ഉഠംപ്പെടെ മരണ ദിവസം വരേയ്ക്ക് കൊടുക്കേണ്ടതാണെന്ന്.
72. നിയോജകൻ കൂലി കുറയ്ക്കുക മുതലായവ ചെയ്യാൻ പാടില്ലെന്ന്.
73. സുഖക്കേടുകാലത്തോ മറേറാ ജോലിക്കാരനെ നിയോജകൻ ഡിസ്മിസ് ചെയ്യാനോ ശിക്ഷിക്കാനോ പാടില്ലെന്ന്.

## അദ്ധ്യായം V ക

## ഇടക്കാല വ്യവസ്ഥകൾ

വകുപ്പുകൾ

73 ക. നിയോജകൻെറ പ്രത്യേക അംശദായം.

73 ഖ. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഇല്ലാത്തിടത്ത് ഈ അദ്ധ്യായത്തിൻ കീഴിലെ തർക്കങ്ങളോ പ്രശ്നങ്ങളൊ തീരുമാനിക്കാനുള്ള പ്രത്യേക ട്രിബ്യൂണലുകൾ.

73 ഗ. V-ാം അദ്ധ്യായത്തിൻ കീഴിലെ ആനുകൂല്യങ്ങൾ ജോലിക്കാരുടെ അംശദായത്തെ ആശ്രയിച്ചിരിക്കണമെന്ന്.

73 ഘ. നിയോജകൻെറ വിശേഷാൽ അംശദായം വസൂലാക്കുന്ന സംപ്രദായം.

73 ങ. കൂടുതൽ വിവരമോ റിട്ടേണോ ആവശ്യപ്പെടാനുള്ള അധികാരം.

73 ച. നിയോജകൻെറ വിശേഷാൽ അംശദായങ്ങൾ സംബന്ധിച്ച് ഒഴിവാക്കാനുള്ള അധികാരം കേന്ദ്രഗവൺമെൻറിനാൽ മാത്രം പ്രയോഗിക്കപ്പെടേണ്ടതാണെന്ന്.

73 ഛ. ഈ ആക്ററിലെ ചില വ്യവസ്ഥകൾ നിയോജകൻെറ വിശേഷാൽ അംശദായത്തിന് ബാധകമാകുന്നത്.

73 ജ. [വിട്ടുകളയപ്പെട്ടു.]

73 ഝ. അദ്ധ്യായം V ക. യുടെ കാലദൈർഘ്യം.

## അദ്ധ്യായം VI

## തർക്കങ്ങളുടേയും അവകാശവാദങ്ങളുടേയും ന്യായനിർണ്ണയം

74. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഏർപ്പെടുത്തൽ.

75. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി തീരുമാനിക്കേണ്ട വിഷയങ്ങൾ.

76. നടപടികൾ ആരംഭിക്കൽ മുതലായവ.

77. നടപടികളുടെ പ്രാരംഭം.

78. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയുടെ അധികാരങ്ങൾ.

79. അഭിഭാഷകർ ഹാജരാകുന്നതും മററും.

80. [വിട്ടുകളയപ്പെട്ടു.]

81. ഹൈക്കോടതിയിലേക്കുള്ള റഫറൻസ്.

82. അപ്പീൽ.

83. അപ്പീൽ നിലവിലിരിക്കേ പണം കൊടുക്കൽ നിറുത്തി വയ്ക്കുന്നത്

## അദ്ധ്യായം VII

## ദണ്ഡനങ്ങൾ

84. വ്യാജപ്രസ്താവനയ്ക്കുള്ള ശിക്ഷ.

85. അംശദായങ്ങൾ കൊടുക്കാതിരിക്കലിനും മററുമുള്ള ശിക്ഷ.

85 ക. മുൻകുററസ്ഥാപനത്തിനുശേഷം ചില സംഗതികളിൽ വർദ്ധിപ്പിച്ചശിക്ഷ.

85 ഖ. നഷ്ടപരിഹാരം വസൂലാക്കാനുള്ള അധികാരം.

85 ഗ. ഉത്തരവുകൾ പുറപ്പെടുവിക്കാൻ കോടതിക്കുള്ള അധികാരം.

86. പ്രാസിക്യൂഷൻ.

## അദ്ധ്യായം VIII

## പലവക

വകുപ്പുകൾ

87. ഒരു ഫാക്ടറിയേയോ സ്ഥാപനത്തേയോ, തരം ഫാക്ടറികളേയോ തരം സ്ഥാപനങ്ങളേയോ ഒഴിവാക്കുന്നത്.
88. ആളുകളേയോ തരം ആളുകളേയോ ഒഴിവാക്കൽ.
89. കാർപ്പറേഷൻ നിവേദനം നടത്തുന്നത്.
90. ഗവൺമെൻറിൻേറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻേറയോ വകയായ ഫാക്ടറികളേയോ സ്ഥാപനങ്ങളേയോ ഒഴിവാക്കൽ.
91. ആക്ററിലെ, ഒന്നോ അതിലധികമോ വ്യവസ്ഥകളിൽനിന്നുള്ള ഒഴിവാക്കൽ.
91 ക. ഒഴിവാക്കലുകൾ മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽകാല പ്രാബല്യത്തോടുകൂടിയോ ആയിരിക്കാമെന്ന്.
92. നിദേശങ്ങൾ നൽകാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.
93. കാർപ്പറേഷൻ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവൻറുമാരായിരിക്കുമെന്ന്.
93 ക. സ്ഥാപനത്തിൻെറ കൈമാററത്തിൻെറ സംഗതിയിലുള്ള ബാദ്ധ്യത
94. കാർപ്പറേഷന് കൊടുക്കാനുള്ള അംശദായം മുതലായവയ്ക്ക് മററ് കടങ്ങളേക്കാൾ മുൻഗണനയുണ്ടെന്ന്.
94 ക. അധികാരങ്ങളുടെ പ്രത്യായോജനം.
95. ചട്ടങ്ങളുണ്ടാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.
96. ചട്ടങ്ങളുണ്ടാക്കാൻ സ്റേററ് ഗവൺമെൻറിനുള്ള അധികാരം.
97. റഗുലേഷനുകളുണ്ടാക്കാൻ കാർപ്പറേഷനുള്ള അധികാരം.
98. [റദ്ദാക്കപ്പെട്ടു]
99. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ.
99. ക. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.
100. റദ്ദാക്കലുകളും ഒഴിവാക്കലുകളും.

ഒന്നാം പട്ടിക
രണ്ടാം പട്ടിക
മൂന്നാം പട്ടിക
അനുബന്ധം.

# ജോലിക്കാരുടെ സ്റേററ്ഇൻഷ്വറൻസ് ആക്ററ്, 1948
## (1948-ലെ 34-ാം നമ്പർ ആക്ററ്)

**[1948 ഏപ്രിൽ 19]**

ജോലിക്കാർക്ക് സുഖക്കേടായിരിക്കുകയോ, പ്രസവകാലമായിരിക്കുകയോ, നിയോജനക്ഷതി ഉണ്ടാവുകയോ ചെയ്യുന്നുവെങ്കിൽ ചില ആനുകൂല്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാനും, അത് സംബന്ധിച്ച് മററ് ചില വിഷയങ്ങൾക്ക് വ്യവസ്ഥയുണ്ടാക്കാനും ഉള്ള ആക്ററ്.

ജോലിക്കാർക്ക്, സുഖക്കേടായിരിക്കുകയോ, പ്രസവകാലമായിരിക്കുകയോ നിയോജനക്ഷതി ഉണ്ടാവുകയോ ചെയ്യുന്നുവെങ്കിൽ ചില ആനുകൂല്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുകയും അത് സംബന്ധിച്ച് മററ് ചില വിഷയങ്ങൾക്ക് വ്യവസ്ഥയുണ്ടാക്കുകയും ചെയ്യുന്നത് സമീചീനമായിരിക്കയാൽ,

ഇതിനാൽ താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

### അദ്ധ്യായം I
### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും ബാധകതയും.—(1) ഈ ആക്ററിന്, ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് ആക്ററ്, 1948 എന്ന പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിലോ തീയതികളിലോ പ്രാബല്യത്തിൽ വരുന്നതും, ഈ ആക്ററിലെ വ്യത്യസ്ത വ്യവസ്ഥകൾക്കും വ്യത്യസ്ത സ്റേററുകൾക്കും, അല്ലെങ്കിൽ അവയുടെ വ്യത്യസ്ത ഭാഗങ്ങൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ആണ്.

(4) ഇത് ആദ്യമായി, കാലികമായ ഫാക്ടറികൾ അല്ലാത്ത എല്ലാ ഫാക്ടറികൾക്കും, (ഗവൺമെൻറ് വകയായ ഫാക്ടറികൾ ഉൾപ്പെടെ) ബാധകമാകുന്നതാണ്.

(5) സമുചിതഗവൺമെൻറിന് കാർപ്പറേഷനുമായി ആലോചിച്ചും, സമുചിതഗവൺമെൻറ് സ്റേററ് ഗവൺമെൻറ് ആയിരിക്കുന്നിടത്ത്, കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടിയും, ഈ ആക്ററിലെ വ്യവസ്ഥകളോ, അവയിലെ ഏതെങ്കിലുമോ, വ്യാവസായികമോ വാണിജ്യപരമോ കാർഷികമോ മററുവിധത്തിലുള്ളതോ ആയ മറേറതെങ്കിലും സ്ഥാപനത്തിന്നോ, തരം സ്ഥാപനങ്ങൾക്കോ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വ്യാപിപ്പിക്കാനുള്ള അതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് ആറുമാസത്തെ നോട്ടീസ് നൽകിയതിനു ശേഷം, അപ്രകാരം ചെയ്യാവുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u> ഈ ആക്ററിൽ, വിഷയത്തിലോ, സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(1) "സമുചിതഗവൺമെൻറി"ന് കേന്ദ്രഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളോ, റയിൽവേ ഭരണമോ വൻകിടതുറമുഖമോ, ഖനിയോ, എണ്ണപ്പാടമോ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് എന്നും, മററെല്ലാ സംഗതികളിലും സ്റേററ് ഗവൺമെൻറ് എന്നും അർത്ഥമാകുന്നതും.

(2) "ആനുകൂല്യകാലാവധി" യ്ക്ക് റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്നതും അംശദായകാലാവധിക്ക് സമാന്തരമായ, തുടർച്ചയായുള്ള ഇരുപത്തഞ്ച് ആഴ്ചയിൽ കുറയാത്തതും, എന്നാൽ ഇരുപത്തേഴു ആഴ്ചയിലോ, തുടർച്ചയായുള്ള ആറ് മാസത്തിലോ കവിയാത്തതും ആയ കാലാവധി എന്നർത്ഥമാകുന്നതും:

എന്നാൽ ആദ്യത്തെ ആനുകൂല്യകാലാവധിയുടെ സംഗതിയിൽ, റഗുലേഷനുകൾക്കോ, അവയ്ക്ക് കീഴിലോ കൂടുതലായതോ കുറഞ്ഞതോ ആയ കാലാവധി വിനിർദ്ദേശിക്കാവുന്നതാണ്;

(3) "പ്രസവാവസ്ഥ" എന്നാൽ, ജീവനുള്ള കുട്ടിയുടെ നിർഗമനത്തിൽ പരിണമിക്കുന്ന പ്രസവവേദന എന്നോ, ഇരുപത്താറ് ആഴ്ചയിലെ ഗർഭത്തിനു ശേഷം, കുട്ടിയുടെ, അത് ജീവനുള്ളതോ മരിച്ചതോ ആയാലും, നിർഗമനത്തിൽ പരിണമിക്കുന്ന പ്രസവവേദന എന്നോ അർത്ഥമാകുന്നതും,

(4) "അംശദായ" ത്തിന് ഒരു ജോലിക്കാരനെ സംബന്ധിച്ച്, മുഖ്യനിയോജകൻ കാർപ്പറേഷന് കൊടുക്കേണ്ട പണത്തുക എന്നർത്ഥമാവുകയും, അതിൽ ഈ ആക്ററിലെ വ്യവസ്ഥകൾക്കനുസൃതമായി, ജോലിക്കാരനോ അയാൾക്കുവേണ്ടിയോ കൊടുക്കേണ്ട ഏതെങ്കിലും തുക ഉൾപ്പെടുകയും ചെയ്യുന്നതും,

(5) "അംശദായകാലാവധി" ക്ക്, റഗുലേഷനുകളിൽ വിനിർദേശിക്കുന്നതും തുടർച്ചയായുള്ള ഇരുപത്തഞ്ച് ആഴ്ചയിൽ കുറയാത്തതും, എന്നാൽ ഇരുപത്തേഴ് ആഴ്ചയിലോ ആറുമാസത്തിലോ കവിയാത്തതും ആയ കാലാവധി എന്നർത്ഥമാകുന്നതും:

എന്നാൽ, ആദ്യത്തെ അംശദായകാലാവധിയുടെ സംഗതിയിൽ, റഗുലേഷനുകൾക്കോ, അവയ്ക്ക് കീഴിലോ ഒരു കൂടുതലായതോ കുറഞ്ഞതോ ആയ കാലാവധി വിനിർദ്ദേശിക്കാവുന്നതാണ്;

(6) "കാർപ്പറേഷ"ന്, ഈ ആക്ററിൻകീഴിൽ ഏർപ്പെടുത്തുന്ന ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് കാർപ്പറേഷൻ എന്നർത്ഥമാകുന്നതും,

(6ക) "ആശ്രിത" ന് മരിച്ചുപോയ ഇൻഷ്വർചെയ്യപ്പെട്ട ആളുടെ, താഴെ പറയുന്ന സംബന്ധികളിൽ, അതായത്:—

(i) വിധവയോ, നിയമാനുസൃതവേഴ്ചയിലുണ്ടായതോ ദത്ത് എടുക്കപ്പെട്ടതോ ആയ മൈനർ പുത്രനോ, നിയമാനുസൃതവേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ അവിവാഹിത പുത്രിയോ, വിധവയായ മാതാവോ,

(ii) ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ മരണസമയത്ത് പൂർണ്ണമായും അയാളുടെ സമ്പാദ്യത്തെ ആശ്രയിച്ചിരുന്നുവെങ്കിൽ, പതിനെട്ട് വയസ്സ് തികഞ്ഞിരിക്കുകയും ദൗർബല്യമുള്ള ആൾ ആയിരിക്കുകയും ചെയ്യുന്ന, നിയമാനുസൃത വേഴ്ചയിൽ ഉണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ പുത്രനോ പുത്രിയോ,

(iii) ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ മരണസമയത്ത് പൂർണ്ണമായോ ഭാഗികമായോ അയാളുടെ സമ്പാദ്യത്തെ ആശ്രയിച്ചിരുന്നുവെങ്കിൽ—

(ക) വിധവയായ മാതാവ് അല്ലാത്ത മാതാവോ പിതാവോ,

(ഖ) നിയമവിരുദ്ധവേഴ്ചയിലുണ്ടായ മൈനർ പുത്രനോ, നിയമവിരുദ്ധവേഴ്ചയിലുണ്ടായ അവിവാഹിത പുത്രിയോ, വിവാഹിതയും മൈനറും ആണെങ്കിലോ, വിധവയും മൈനറും ആണെങ്കിലോ നിയമാനുസൃത വേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ, നിയമവിരുദ്ധ വേഴ്ചയിലുണ്ടായതോ ആയ പുത്രിയോ,

(ഗ) മൈനർ സഹോദരനോ, അവിവാഹിതയായ സഹോദരിയോ, മൈനറാണെങ്കിൽ വിധവയായ സഹോദരിയോ,

(ഘ) വിധവയായ പുത്രഭാര്യ,

(ങ) മുമ്പ് മരിച്ച പുത്രന്റെ മൈനർ കുട്ടി,

(ച) മുമ്പ് മരിച്ച പുത്രിയുടെ മൈനർകുട്ടിയുടെ മാതാപിതാക്കൻമാരിൽ ആരും ജീവിച്ചിരിപ്പില്ലാത്തിടത്ത്, അങ്ങനെയുള്ള കുട്ടി,

(ഛ) ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ മാതാപിതാക്കൻമാരിൽ ആരും ജീവിച്ചിരിപ്പില്ലെങ്കിൽ, പിതാമഹനോ പിതാമഹിയോ എന്നവരിൽ ആരെങ്കിലും എന്നർത്ഥമാകുന്നതും,

(7) "മുറപ്രകാരം നിയമിക്കപ്പെട്ട" എന്നാൽ, ഈ ആക്ററിലെ വ്യവസ്ഥകളോ, അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോ റഗുലേഷനുകളോ അനുസരിച്ച്, മുറപ്രകാരം നിയമിക്കപ്പെട്ട എന്നർത്ഥമാകുന്നതും,

(8) "നിയോജനക്ഷതി" എന്നാൽ, ഇൻഷ്വർ ചെയ്യാവുന്ന ഒരു നിയോജനമായ തന്റെ നിയോജനത്തിൽ നിന്നും അതിന്നിടയിലും ഉൽഭവിക്കുന്ന അപകടത്താലോ ജീവികാജന്യരോഗത്താലോ ഒരു ജോലിക്കാരന് ഉണ്ടാകുന്ന ശാരീരികമായക്ഷതി—ആ അപകടം സംഭവിക്കുന്നതോ, ജീവികാജന്യരോഗം ബാധിക്കുന്നതോ ഇൻഡ്യയുടെ രാജ്യക്ഷേത്രാതിർത്തിയുടെ ഉള്ളിലോ പുറത്തോ ആയാലും—എന്ന് അർത്ഥം ആകുന്നതും,

(9) "ജോലിക്കാരൻ" എന്നാൽ, ഈ ആക്ററ് ബാധകമാകുന്ന ഒരു ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ പ്രവർത്തിയിലോ പ്രവർത്തി സംബന്ധിച്ചോ കൂലിയ്ക്ക് നിയോജിക്കപ്പെടുന്നവനും—

(i) മുഖ്യനിയോജകനാൽ ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ ഏതെങ്കിലും പ്രവർത്തിക്കോ, അതിന് ആനുഷംഗികമോ പ്രാരംഭികമോ അതോടുബന്ധപ്പെട്ടതോ ആയ പ്രവർത്തിക്കോ,—അങ്ങനെയുള്ള പ്രവർത്തി ജോലിക്കാരൻ ഫാക്ററിയിലോ സ്ഥാപനത്തിലോ വച്ചോ മററുവിടെയെങ്കിലും വച്ചോ ചെയ്യുന്നതായാലും—നേരിട്ട് നിയോജിക്കപ്പെടുകയോ, അല്ലെങ്കിൽ

(ii) ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ കെട്ടിടപരിസരങ്ങളിൽ തൊട്ടുമീതെയുള്ള ഒരു നിയോജകനാലോ, അയാൾ മുഖേനയോ അല്ലെങ്കിൽ മുഖ്യനിയോജകന്റേയോ അയാളുടെ ഏജൻറിന്റേയോ മേൽനോട്ടത്തിൻകീഴിലോ സാധാരണമായി ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ പ്രവർത്തിയുടെ ഭാഗമായതോ, ഫാക്ററിയിലോ സ്ഥാപനത്തിലോ നടത്തിക്കൊണ്ടുപോകുന്ന പ്രവർത്തിയ്ക്ക് പ്രാരംഭികമായതോ ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ ഉദ്ദേശ്യത്തിന് ആനുഷംഗികമായതോ ആയ പ്രവർത്തിക്ക് നിയോജിക്കപ്പെടുകയോ,

(iii) ആരുടെ സേവനങ്ങളാണോ, അയാൾ ഏതൊരാളുമായിട്ടാണോ ഒരു സേവനകാൺട്രാക്ററിൽ ഏർപ്പെട്ടിട്ടുള്ളത് ആ ആൾ മുഖ്യനിയോജകന് താൽക്കാലികമായി കടം കൊടുക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ളവനായിരിക്കുകയോ,

ചെയ്യുന്നവനുമായ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, അതിൽ ഫാക്ററിയുടേയോ സ്ഥാപനത്തിൻേറയോ അതിൻെറ ഏതെങ്കിലും ഭാഗത്തിൻേറയോ, വകുപ്പിൻേറയോ ശാഖയുടേയോ ഭരണവുമായോ, അല്ലെങ്കിൽ ഫാക്ററിക്കോ സ്ഥാപനത്തിന്നോവേണ്ടി അസംസ്കൃതപദാർത്ഥങ്ങൾ വാങ്ങുന്നതോ, ഫാക്ററിയുടേയോ സ്ഥാപനത്തിൻേറയോ ഉത്പന്നങ്ങൾ വിതരണം ചെയ്യുകയോ വിൽക്കുകയോ ചെയ്യുന്നതോ ആയോ ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തിയിൽ കൂലിക്ക് നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആൾ ഉൾപ്പെടുന്നതും, എന്നാൽ—

(ക) ഇൻഡ്യൻ കരസേനയിലേയോ നാവികസേനയിലേയോ വ്യോമസേനയിലേയോ ഏതെങ്കിലും അംഗമോ,

(ഖ) അപ്രകാരം നിയോജിക്കപ്പെടുന്ന ഏതൊരാളുടെ (ഓവർറൈറം പ്രവർത്തിക്കുള്ള വേതനം ഒഴിച്ചുനിറുത്തിയുള്ള) കൂലിയാണോ പ്രതിമാസം ആയിരം രൂപയിൽ കവിയുന്നതും അങ്ങനെയുള്ള ഏതെങ്കിലും ആളോ ഉൾപ്പെടുന്നതല്ലാത്തതും—

എന്നാൽ, ഏതൊരു ജോലിക്കാരൻെറ (ഓവർടൈം പ്രവർത്തിക്കുള്ള വേതനം ഒഴിച്ചുനിറുത്തിയുള്ള) കൂലിയാണോ അംശദായകാലാവധിക്കുശേഷം (അതിനുമുമ്പല്ലാതെ) ഏതെങ്കിലും സമയത്ത് പ്രതിമാസം ആയിരം രൂപയിൽ കവിയുന്നത്, അങ്ങനെയുള്ള ആൾ ആ കാലാവധിയുടെ അവസാനംവരെ ജോലിക്കാരനായി തുടരുന്നതാണ്,—

(10) "ഒഴിവാക്കപ്പെട്ട ജോലിക്കാരൻ" എന്നാൽ ഈ ആക്ററിൻകീഴിൽ, ജോലിക്കാരൻെറ അംശദായം കൊടുക്കാൻ ബാദ്ധ്യസ്ഥനല്ലാത്ത ജോലിക്കാരൻ എന്നർത്ഥമാകുന്നതും,

(11) "കുടുംബ" ത്തിനും ഭാര്യയും അല്ലെങ്കിൽ ഭർത്താവും, ഇൻഷർ ചെയ്യപ്പെട്ട ആളെ ആശ്രയിക്കുന്ന നിയമാനുസൃതവേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ മൈനർ കുട്ടികളും, അയാളെ ആശ്രയിക്കുന്ന മാതാപിതാക്കളും എന്നർത്ഥമാകുന്നതും,

(12) "ഫാക്ററി" ക്ക് ഏതു കെട്ടിട പരിസരങ്ങളിലാണോ തൊട്ടുമുമ്പുള്ള പന്ത്രണ്ട് മാസങ്ങളിലെ ഏതെങ്കിലും ദിവസം ഇരുപതോ അതിലധികമോ ആളുകൾ കൂലിക്ക് നിയോജിക്കപ്പെടുകയോ, അല്ലെങ്കിൽ നിയോജിക്കപ്പെട്ടിരിന്നിരിക്കുകയോചെയ്യുകയും അതിൻെറ ഏതെങ്കിലുംഭാഗത്ത് യന്ത്രശക്തിയുടെ സഹായത്തോടുകൂടി നിർമ്മാണ പ്രകിയ നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ സാധാരണമായി അപ്രകാരം നടത്താറുണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കെട്ടിട പരിസരങ്ങൾ, അതിൻെറ അതിർത്തികൾ ഉൾപ്പെടെ, എന്നർത്ഥമാകുന്നതും എന്നാൽ ഖനി ആക്ററ്, 1952 (1952-ലെ 35)-ൻെറ പ്രവർത്തനത്തിന് വിധേയമായ ഖനിയോ, റയിൽവേ റണ്ണിംഗ് ഷെഡ്ഡോ ഉൾപ്പെടുത്തുന്നതല്ലാത്തതും,

"കാലിക ഫാക്ററി" എന്നാൽ, താഴെ പറയുന്ന നിർമ്മാണ പ്രക്രിയകളിൽ, അതായത് പരുത്തി കുരു കളയൽ, പരുത്തിയോ ചണമോ പ്രസ് ചെയ്യൽ, നിലക്കടല തോടുകളയൽ, കാപ്പിയുടേയൊ നീലത്തിൻേറയോ

അരക്കിന്റേയോ റബറിന്റേയോ (ശർക്കരയുൾപ്പെടെ) പഞ്ചസാരയുടെയോ തേയിലയുടേയോ നിർമ്മാണം, എന്നിവയിൽ ഒന്നിലോ അതിലധികം എണ്ണത്തിലോ അല്ലെങ്കിൽ മുൻപറഞ്ഞ പ്രക്രിയകളിൽ ഏതിനെങ്കിലും ആനുഷംഗികമായതോ അതോട് ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും നിർമ്മാണ പ്രക്രിയയിലോ, അനന്യമായി ഏർപ്പെട്ടിരിക്കുന്ന ഫാക്ററി എന്ന് അർത്ഥമാകുന്നതും, അതിൽ ഒരു വർഷത്തിൽ ഏഴുമാസത്തിൽ കവിയാത്ത കാലം.

(ക) തേയിലയോ കാപ്പിയോ കലർത്തുന്നതോ പായ്ക്ക് ചെയ്യുന്നതോ റീ പായ്ക്കു ചെയ്യുന്നതോ ആയ ഏതെങ്കിലും പ്രക്രിയയിലോ,

(ഖ) കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിനിർദ്ദേശിക്കുന്ന മററു നിർമ്മാണ പ്രക്രിയയിലോ,

ഏർപ്പെട്ടിരിക്കുന്ന ഫാക്ററി ഉൾപ്പെടുന്നതും,—

''നിർമ്മാണപ്രക്രിയ'' ''യന്ത്രശക്തി'' എന്നീ പദങ്ങൾക്ക് ഫാക്ററി ആക്ററ്, 1948 (1948-ലെ 63)-ൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(13) ''താട്ടുമീതെയുള്ള നിയോജകൻ'' എന്നാൽ, അയാളാലോ അയാൾ മുഖേനയോ നിയോജിക്കപ്പെടുന്ന ജോലിക്കാരെ സംബന്ധിച്ച്, ഈ ആക്ററ് ബാധകമാകുന്ന ഒരു ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ കെട്ടിടപരിസരങ്ങളിലോ, മുഖ്യനിയോജകന്റേയോ അയാളുടെ ഏജൻറിന്റേയോ മേൽനോട്ടത്തിൻ കീഴിലോ, സാധാരണമായി മുഖ്യനിയോജകന്റെ ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ പ്രവൃത്തിയുടെഭാഗമായതോ, അല്ലെങ്കിൽ അങ്ങനെയുള്ളഫാക്ററിയിലോ സ്ഥാപനത്തിലോ നടത്തിക്കൊണ്ടുപോകുന്ന പ്രവൃത്തിക്ക് പ്രാരംഭികമോ, അങ്ങനെയുള്ള ഫാക്ററിയുടേയോ സ്ഥാപനത്തിന്റേയോ ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആയതോ ആയ ഏതെങ്കിലും പ്രവൃത്തി മുഴുവന്റേയുമോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ നിർവ്വഹണം ഏറെറടുത്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നതും, അതിൽ താനുമായി ഒരു സേവനകാൺട്രാക്ററിൽ ഏർപ്പെട്ടിട്ടുള്ള ഒരു ജോലിക്കാരന്റെ സേവനം മുഖ്യനിയോജകന് താൽക്കാലികമായി കടംകൊടുക്കുകയോ വാടകയ്ക്ക് കൊടുക്കുകയോ ചെയ്യുന്ന ആൾ ഉൾപ്പെടുന്നതും;

(13 ക) ''ഇൻഷ്വർ ചെയ്യാവുന്ന നിയോജനം'' എന്നാൽ, ഈ ആക്ററ് ബാധകമാകുന്ന ഒരു ഫാക്ററിയിലേയോ സ്ഥാപനത്തിലേയോ നിയോജനം എന്നർത്ഥമാകുന്നതും,

(14) ''ഇൻഷ്വർ ചെയ്യപ്പെട്ട ആൾ'' എന്നാൽ, ആരെ സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ അംശദായങ്ങൾ കൊടുക്കേണ്ടതു്, അല്ലെങ്കിൽ കൊടുക്കേണ്ടിയിരുന്നത്, അങ്ങനെയുള്ളതും, അത് കാരണമായി ഈ ആക്ററ് വ്യവസ്ഥചെയ്യുന്ന ആനുകൂല്യങ്ങളിൽ ഏതിനെങ്കിലും അവകാശമുള്ളതുമായ ആൾ എന്ന് അർത്ഥം ആകുന്നതും,

(14 ക.) ''മാനേജിംഗ് ഏജൻറ്'' എന്നാൽ, മറെറാരാളുടെ വ്യാപാരമോ, ബിസിനസോ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി ആ മറേറയാളുടെ പ്രതിനിധിയായി നിയമിക്കപ്പെടുന്നതോ പകരം നോക്കുന്നതോ ആയ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ നിയോജകന്റെ കീഴിലുള്ള വ്യക്തിയായ മാനേജർ ഉൾപ്പെടുന്നതല്ലാത്തതും,

(14 ഖ) ''ഗർഭമലസൽ'' എന്നാൽ, ഗർഭകാലത്തിന്റെ ഇരുപത്താറാമത്തെ ആഴ്ചയ്ക്ക് മുമ്പോ, ആ ആഴ്ചയിലോ ഉള്ള ഏതെങ്കിലും കാലത്ത് ഗർഭം വഹിക്കുന്ന ഒരു ഗർഭപാത്രത്തിന്റെ ഉള്ളടക്കത്തിന്റെ പുറംതള്ളൽ എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ഏത് ഗർഭമലസൽ സംഭവിക്കുന്നതാണോ

ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-ൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്നതായിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ഗർഭമലസൽ ഉൾപ്പെടുന്നതല്ലാത്തതും,

(15) "ഫാക്ടറിയുടെ കൈവശക്കാരൻ" ന്
ഫാക്ടറി ആക്ററ്, 1948 (1948-ലെ 63)-ൽ അതിനു നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതും,

(15 ക) "എന്നെന്നേക്കുമായും ഭാഗികമായും അവശനാക്കപ്പെടുക" എന്നാൽ, സ്ഥിരമായ പ്രകൃതത്തിലും, ഏത് അപകടത്തിൻെറ ഫലമായാണോ അവശനാക്കപ്പെടുന്നത്, ആ അപകടത്തിൻെറ സമയത്ത് ഏറെറടുക്കാൻ ജോലിക്കാരന് കഴിവുണ്ടായിരുന്ന ഏതൊരു നിയോജനത്തിലും സമ്പാദിക്കാനുള്ള അയാളുടെ കഴിവിന് കുറവുവരുത്തുന്ന വിധവും അവശനാക്കപ്പെടുക എന്ന് അർത്ഥമാകുന്നതും :

എന്നാൽ, രണ്ടാം പട്ടികയിലെ ii-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതൊരു ക്ഷതിയും, തൽഫലമായി എന്നെന്നേക്കുമായും ഭാഗികമായും അവശനാക്കുന്ന ഒന്നായി കരുതപ്പെടുന്നതാണ്.

(15 ഖ) "എന്നന്നേക്കുമായും പൂർണ്ണമായും അവശനാക്കപ്പെടുക" എന്നാൽ സ്ഥിരമായ പ്രകൃതത്തിലും, ഏത് അപകടത്തിൻെറ ഫലമായാണോ അവശനാക്കപ്പെടുന്നത് ആ അപകടത്തിൻെറ സമയത്ത് ജോലിക്കാരന് ചെയ്യാൻ കഴിവുണ്ടായിരുന്ന എല്ലാ പ്രവൃത്തിക്കും അയാൾക്ക് കഴിവില്ലാതാകുന്ന വിധവും അവശനാക്കപ്പെടുക എന്ന് അർത്ഥമാകുന്നതും

എന്നാൽ, രണ്ടാം പട്ടിക I-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതൊരു ക്ഷതിയുടേയും' അല്ലെങ്കിൽ അതിലെ രണ്ടാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ക്ഷതികളുടെ നേരെ, ആ II-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന പ്രകാരം സമ്പാദിക്കാനുള്ള കഴിവിൻെറ നഷ്ടശതമാനങ്ങളുടെ ആകെത്തുക നൂറു ശതമാനമോ അതിലധികമോ ആകുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും കൂട്ടം ക്ഷിതികളുടേയും ഫലമായി എന്നന്നേക്കുമായും പൂർണ്ണമായും അവശനാക്കപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു ;

(16) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നതും,

(17) "മുഖ്യനിയോജകൻ" എന്നാൽ—

(i) ഒരു ഫാക്ടറിയിൽ, ഫാക്ടറിയുടെ ഉടമസ്ഥനോ കൈവശക്കാരനോ എന്ന് അർത്ഥമാകുന്നതും, അതിൽ അങ്ങനെയുള്ള ഉടമസ്ഥൻേറയോ കൈവശക്കാരൻേറയോ മാനേജിംഗ് ഏജൻറും, മരിച്ചുപോയ ഉടമസ്ഥൻേറയോ, കൈവശക്കാരൻേറയോ നിയമാനുസൃത പ്രതിനിധിയും 'ഫാക്ടറി ആക്ററ്, 1948 (1948-ലെ 63)-ൻ കീഴിൽ ഒരാൾ ഫാക്ടറിയുടെ മാനേജരായി പേരു പറയപ്പെട്ടിട്ടുള്ളിടത്ത്, അപ്രകാരം പേരു പറയപ്പെട്ടിട്ടുള്ള ആളും, ഉൾപ്പെടുന്നതും,

(ii) ഇൻഡ്യയിൽ ഏതെങ്കിലും ഗവൺമെൻറ് വകുപ്പിൻെറ നിയന്ത്രണത്തിൻ കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽ, അങ്ങനെയുള്ള ഗവൺമെൻറ് ഇതിലേയ്ക്ക് നിയമിക്കുന്ന അധികാരസ്ഥാനമോ, അപ്രകാരം അധികാരസ്ഥാനത്തെ നിയമിച്ചിട്ടില്ലാത്തിടത്ത്, വകുപ്പദ്ധ്യക്ഷനോ എന്ന് അർത്ഥമാകുന്നതും,

(iii) മറേറതെങ്കിലും സ്ഥാപനത്തിൽ, സ്ഥാപനത്തിൻെറ മേൽനോട്ടത്തിനും നിയന്ത്രണത്തിനും ഉത്തരവാദിയായ ഏതെങ്കിലുംആരം എന്ന് അർത്ഥമാകുന്നതും,

(18) ''റഗുലേഷ'' ന് കാർപ്പറേഷനാൽ ഉണ്ടാക്കപ്പെടുന്ന റഗുലേഷൻ എന്നർത്ഥമാകുന്നതും,

(19) ''പട്ടിക'' ക്ക് ഈ ആക്ററിലെ പട്ടിക എന്നർത്ഥമാകുന്നതും,

(20) ''സുഖക്കേട്''' എന്നാൽ വൈദ്യചികിൽസയും വൈദ്യസഹായവും വേണ്ടതായിട്ടുള്ളതും പ്രവൃത്തി ചെയ്യാതിരിക്കുന്നത് ചികിൽസിയ കാരണങ്ങളാൽ ആവശ്യമാക്കുന്നതും ആയ അവസ്ഥ എന്നർത്ഥമാകുന്നതും,

(21) ''താൽക്കാലികമായി അവശനാക്കപ്പെടുക'' എന്നാൽ, ഏതു നിയോജനക്ഷതിയാണോ, വൈദ്യചികിൽസ വേണ്ട ഒന്നായിരിക്കുകയു, അങ്ങനെയുള്ള ക്ഷിതിക്കുമുമ്പോ ക്ഷിതിയുടെ സമയത്തോ ജോലിക്കാരൻ ചെയ്തിരുന്ന പ്രവൃത്തി ചെയ്യാൻ, ആ ക്ഷിതിയുടെ ഫലമായി അയാളെ താൽക്കാലികമായി കഴിവില്ലാത്തവനാക്കുകയും, ചെയ്യുന്നത് അങ്ങനെയുള്ള ക്ഷതിയുടെ ഫലമായി ഉണ്ടാകുന്ന അവസ്ഥ എന്ന് അർത ഥമാകുന്നതും,

(22) ''കൂലി'' എന്നാൽ നിയോജനക്കാൺട്രാക്ററിലെ പ്രകടമോ വ്യംഗ്യമോ ആയ നിബന്ധനകൾ നിറവേററപ്പെടുന്നുവെങ്കിൽ ജോലിക്കാരന് കൊടുക്കുന്നതോ കൊടുക്കേണ്ടതോ ആയ എല്ലാ വേതനവും എന്നർത്ഥമാകുന്നതും, അതിൽ പ്രാധികൃത അവധിയുടേയോ ലാക്കൗട്ടിൻേറയോ നിയമവിരുദ്ധമല്ലാത്ത പണിമുടക്കിൻെറയോ ലേ-ആഫിൻേറയോ ഏതെങ്കിലും കാലയളവും സംബന്ധിച്ച് ജോലിക്കാരന് കൊടുക്കുന്ന ഏതെങ്കിലും തുകയും രണ്ടുമാസത്തിൽ കവിയാത്ത ഇടവേളകൾ വിട്ടുകൊടുക്കുന്ന കൂടുതൽ വേതനം വല്ലതും ഉണ്ടെങ്കിൽ അതും ഉൾപ്പെടുന്നതും, എന്നാൽ—

(ക) നിയോജകൻ ഏതെങ്കിലും പെൻഷൻ ഫണ്ടിലേയ്ക്കോ, പ്രാവിഡൻറ് ഫണ്ടിലേയ്ക്കോ അല്ലെങ്കിൽ ഈ ആക്ററിൻ കീഴിലോ കൊടുക്കുന്ന ഏതെങ്കിലും അംശദായമോ,

(ഖ) ഏതെങ്കിലും യാത്രബത്തയോ യാത്രസൗജന്യത്തിൻെറ മൂല്യമോ,

(ഗ) ജോലിക്കാരന്, തൻെറ നിയോജനത്തിൻെറ പ്രകൃതം ആവശ്യമാക്കിത്തീർത്തിട്ടുള്ള പ്രത്യേക ചെലവുകൾ നേരിടുന്നതിന് കൊടുക്കുന്ന ഏതെങ്കിലും തുകയോ,

(ഘ) ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ കൊടുക്കേണ്ട ഏതെങ്കിലും ഗ്രാററുവിററിയോ, ഉൾപ്പെടുന്നതല്ലാത്തതും,

(23) ''ആഴ്ച'' എന്നാൽ, ശനിയാഴ്ച രാത്രിയിൽ അർദ്ധരാത്രി ആരംഭിക്കുന്ന ഏഴു ദിവസക്കാലം എന്നർത്ഥമാകുന്നതും,

(24) ഈ ആക്ററിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതും വ്യാവസായിക തർക്കങ്ങൾ ആക്ററ് 1947 (1947-ലെ 14)-ൽ നിർവ്വചിച്ചിട്ടുള്ളതും ആയ മറെറല്ലാ വാക്കുകൾക്കും പദങ്ങൾക്കും, അവയ്ക്ക് ആ ആക്ററിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതും,

ആകുന്നു.

2 ക. ഫാക്ററികളുടേയും സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ.— ഈ ആക്ററ് ബാധകമാകുന്ന ഏതൊരു ഫാക്ററിയും അല്ലെങ്കിൽ സ്ഥാപനവും, ഇതിലേയ്ക്ക് ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിലും രീതിയിലും രജിസ്ററർ ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം II

## കാർപ്പറേഷൻ, സ്ററാൻറിംഗ് കമ്മിററി, ചികിൽസീയാനുകൂല്യസമിതി

3. ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് കോർപ്പറേഷൻെറ സ്ഥാപനം —(1) കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഇതിലേയ്ക്ക് നിശ്ചയിക്കുന്ന തീയതി മുതല്ക്കുള്ള പ്രഭാവത്തോടുകൂടി, ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് പദ്ധതിയുടെ ഭരണത്തിനായി ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് കാർപ്പറേഷൻ എന്ന് അറിയപ്പെടേണ്ട ഒരു കോർപ്പറേഷൻ സ്ഥാപിക്കപ്പെടുന്നതാകുന്നു.

(2) കാർപ്പറേഷൻ, ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് കാർപ്പറേഷൻ എന്ന നാമത്തിലുള്ളതും ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉള്ളതുമായ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും, അത് വ്യവഹരിക്കുകയും അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നത് ആ നാമത്തിലായിരിക്കേണ്ടതുമാകുന്നു.

4. കാർപ്പറേഷൻെറ ഘടന.—കാർപ്പറേഷൻ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത് :—

(ക) കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഒരു ചെയർമാൻ,

(ഖ) കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഒരു വൈസ് ചെയർമാൻ,

(ഗ) കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട അഞ്ചിൽ കവിയാത്തത്ര ആളുകൾ,

(ഘ) ഈ ആക്ററ് പ്രാബല്യത്തിലുള്ള സ്റേററുകളിൽ ഓരോന്നിനെയും പ്രതിനിധാനം ചെയ്യുന്നതും ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറുകളാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതുമായ ഒരാൾ,

(ങ) യൂണിയൻ രാജ്യക്ഷേത്രങ്ങളെ പ്രതിനിധാനം ചെയ്യാൻ കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഒരാൾ.

(ച) നിയോജകരെ പ്രതിനിധാനം ചെയ്യുന്നവരും കേന്ദ്ര ഗവൺമെൻറ് ഇതിനുവേണ്ടി അംഗീകരിക്കുന്ന നിയോജക സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടവരുമായ, അഞ്ച് ആളുകൾ,

(ഛ) ജോലിക്കാരെ പ്രതിനിധാനം ചെയ്യുന്നവരും കേന്ദ്ര ഗവൺമെൻറ് ഇതിനുവേണ്ടി അംഗീകരിക്കുന്ന ജോലിക്കാരുടെ, സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടവരുമായ അഞ്ച് ആളുകൾ,

(ജ) വൈദ്യവൃത്തിയെ പ്രതിനിധാനം ചെയ്യുന്നവരും, കേന്ദ്ര ഗവൺമെൻറ് ഇതിനുവേണ്ടി അംഗീകരിക്കുന്ന ചികിൽസക സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്രഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടവരുമായ രണ്ട് ആളുകൾ.

(ഝ) പാർലമെൻറിലെ മൂന്ന് അംഗങ്ങൾ അവരിൽ രണ്ടുപേർ ലോകസഭയിലേയും ഒരാൾ രാജ്യസഭയിലെയും യഥാക്രമം ലോകസഭയിലെ അംഗങ്ങളാലും രാജ്യസഭയിലെ അംഗങ്ങളാലും തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളായിരിക്കേണ്ടതാണ്,

(ഞ) കാർപ്പറേഷൻെറ ഡയറക്ടർ ജനറൽ എക്സഫിഷ്യോ.

5. കാർപ്പറേഷൻ അംഗങ്ങളുടെ ഉദ്യോഗ കാലാവധി.—(1) ഈ ആക്ററിൽ മററു വിധത്തിൽ പ്രകടമായി വ്യവസ്ഥചെയ്യുന്ന വിധമൊഴികെ 4-ാം വകുപ്പിലെ (ക), (ഖ), (ഗ), (ഘ), (ങ) ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന അംഗങ്ങളും എക്സഫിഷ്യോ അംഗവും അല്ലാത്ത കാർപ്പറേഷൻ അംഗങ്ങളുടെ ഉദ്യോഗ കാലാവധി, അവരുടെ നാമനിർദ്ദേശമോ, തിരഞ്ഞെടുപ്പോ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽക്ക് ആരംഭിക്കുന്ന നാലുവർഷം ആയിരിക്കുന്നതാണ്:

എന്നാൽ മുൻപറഞ്ഞ നാലു വർഷക്കാലാവധി കഴിഞ്ഞു എന്നിരുന്നാലും, ഒരു കാർപ്പറേഷൻ അംഗം, അയാളുടെ പിൻഗാമിയുടെ നാമനിർദ്ദേശമോ തിരഞ്ഞെടുപ്പോ വിജ്ഞാപനം ചെയ്യപ്പെടുന്നതുവരെ തുടർന്ന് ഉദ്യോഗം വഹിക്കുന്നതാണ്.

(2) 4-ാം വകുപ്പിലെ (ക), (ഖ), (ഗ), (ഘ), (ങ) ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന കാർപ്പറേഷൻ അംഗങ്ങൾ, അവരെ നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെൻറിന് പ്രീതിയുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാകുന്നു.

6. പുനർനാമനിർദ്ദേശത്തിനോ പുനർതിരഞ്ഞെടുപ്പിനോ ഉള്ള അർഹത.—കാർപ്പറേഷനിലെയോ, സ്ററാൻറിംഗ് കമ്മററിയിലെയോ ചികിൽസ യാനുകൂല്യസമിതിയിലെയോ സ്ഥാനം ഒഴിയുന്ന ഒരു അംഗത്തിന് അതതു സംഗതിപോലെ, പുനർ നാമനിർദ്ദേശത്തിനോ പുനർ തിരഞ്ഞെടുപ്പിനോ അർഹതയുണ്ടായിരിക്കുന്നതാണ്.

7. ഉത്തരവുകൾ തീരുമാനങ്ങൾ മുതലായവയുടെ പ്രമാണീകരണം.—കാർപ്പറേഷൻെറ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും കാർപ്പറേഷൻ ഡയറക്ടർ ജനറലുടെ ഒപ്പിനാൽ പ്രമാണീകരിക്കപ്പെടേണ്ടതും, കാർപ്പറേഷൻ പുറപ്പെടുവിക്കുന്ന മറെറല്ലാ പ്രമാണങ്ങളും ഡയറക്ടർ ജനറലുടെയോ ഡയറക്ടർ ജനറൽ അധികാരപ്പെടുത്തുന്ന മററ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻെറയോ ഒപ്പിനാൽ പ്രമാണീകരിക്കപ്പെടേണ്ടതും ആകുന്നു.

8. സ്ററാൻറിങ്ങ് കമ്മിററി ഏർപ്പെടുത്തൽ.— കാർപ്പറേഷൻ അംഗങ്ങളുടെ ഇടയിൽ നിന്ന്—

(ക) കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു ചെയർമാനും,

(ഖ) കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന മൂന്ന് കാർപ്പറേഷൻ അംഗങ്ങളും,

(ഖഖ) കേന്ദ്ര ഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അപ്പോഴപ്പോൾ വിനിർദ്ദേശിക്കുന്ന മൂന്ന് സ്റേററ് ഗവൺമെൻറുകളെ അതിൽ പ്രതിനിധാനം ചെയ്യുന്ന മൂന്ന് കോർപ്പറേഷൻ അംഗങ്ങളും,

(ഗ) കാർപ്പറേഷൻ താഴെ പറയും പ്രകാരം,—അതായത്:—

(i)..........

(ii) കാർപ്പറേഷൻ അംഗങ്ങളുടെ ഇടയിൽ നിന്ന് നിയോജകരെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അംഗങ്ങൾ,

(iii) കാർപ്പറേഷൻ അംഗങ്ങളുടെ ഇടയിൽ നിന്ന് ജോലിക്കാരെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് അംഗങ്ങൾ,

(iv) കാർപ്പറേഷൻ അംഗങ്ങളുടെ ഇടയിൽ നിന്ന് വൈദ്യവൃത്തിയെ പ്രതിനിധാനം ചെയ്യുന്ന ഒരു അംഗം,

(v) കാർപ്പറേഷൻ അംഗങ്ങളുടെ ഇടയിൽ നിന്ന് പാർലമെൻറ് തിരഞ്ഞെടുക്കുന്ന ഒരു അംഗം, എന്നിങ്ങനെ തിരഞ്ഞെടുക്കുന്ന എട്ട് അംഗങ്ങളും,

(ഘ) കാർപ്പറേഷൻ ഡയറക്ടർ ജനറൽ, എക്സ് അഫിഷ്യോവും: അടങ്ങിയതായ ഒരു കോർപ്പറേഷൻ സ്ററാൻറിങ്ങ് കമ്മിററി ഏർപ്പെടുത്തേണ്ടതാകുന്നു.

9. സ്ററാൻറിംഗ് കമ്മററി അംഗങ്ങളുടെ ഉദ്യോഗ കാലാവധി.—(1) ഈ ആക്ററിൽ മററ് വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ 8-ാം വകുപ്പിലെ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ (ഖ ഖ) ഖണ്ഡത്തിലോ പരാമർശിക്കുന്ന ഒരു അംഗം അല്ലാത്ത ഒരു സ്ററാൻഡിംഗ് കമ്മിററിയംഗത്തിൻെറ ഉദ്യോഗകാലാവധി, അയാളുടെ തിരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽക്ക് രണ്ടുവർഷം ആയിരിക്കുന്നതാണ്.

എന്നാൽ, മുൻപറഞ്ഞ രണ്ടു വർഷകാലാവധി കഴിഞ്ഞു എന്നിരുന്നാലും, ഒരു സ്ററാൻറിംഗ് കമ്മിററിയംഗം, അയാളുടെ പിൻഗാമിയുടെ തിരഞ്ഞെടുപ്പു, വിജ്ഞാപനം ചെയ്യപ്പെടുന്നതുവരെ തുടർന്ന് ഉദ്യോഗം വഹിക്കുന്നതാണ് :

എന്നു മാത്രമല്ല, ഒരു സ്ററാൻറിംഗ് കമ്മിററിയംഗം കോർപ്പറേഷൻ അംഗമല്ലാതായിത്തീരുമ്പോൾ, അയാൾ ഉദ്യോഗം വഹിക്കുന്നതും അവസാനിക്കുന്നതാണ്.

(2) 8-ാം വകുപ്പിലെ (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ (ഖ ഖ) ഖണ്ഡത്തിലോ പരാമർശിക്കുന്ന ഒരു സ്ററാൻറിംഗ് കമ്മിററിയംഗം കേന്ദ്ര ഗവൺമെൻറിന് പ്രീതിയുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാകുന്നു.

10. ചികിൽസിയാനുകൂല്യ സമിതി.—(1) കേന്ദ്ര ഗവൺമെൻറ് താഴെ പറയുന്നവർ അടങ്ങിയതായിരിക്കുന്ന ഒരു ചികിൽസിയാനുകൂല്യ സമിതി ഏർപ്പെടുത്തേണ്ടതാകുന്നു.—

(ക) ചെയർമാനായി, ആരോഗ്യ സർവ്വീസ് ഡയറക്ടർ ജനറൽ, എക്സ് അഫിഷ്യോ,

(ഖ) കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ഒരു ആരോഗ്യ സർവ്വീസ് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ,

(ഗ) കാർപ്പറേഷൻ മെഡിക്കൽ കമ്മീഷണർ എക്സ് അഫിഷ്യോ,

(ഘ) ഈ ആക്ററ് പ്രാബല്യത്തിലുള്ള സ്റേററുകളിൽ (യൂണിയൻ രാജ്യക്ഷേത്രങ്ങൾ അല്ലാത്തവ) ഓരോന്നിനേയും പ്രതിനിധാനം ചെയ്യുന്നതും ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതുമായ ഓരോ അംഗം,

(ങ) നിയോജകരെ പ്രതിനിധാനം ചെയ്യുന്നവരും കേന്ദ്ര ഗവൺമെൻറ് ഇതിനുവേണ്ടി അംഗീകരിക്കുന്ന നിയോജക സംഘടനകളുമായി ആലോചിച്ചതിനുശേഷം കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടവരുമായ മൂന്ന് അംഗങ്ങൾ,

(ച) ജോലിക്കാരെ പ്രതിനിധാനം ചെയ്യുന്നവരും, കേന്ദ്ര ഗവൺമെൻറ് ഇതിനുവേണ്ടി അംഗീകരിക്കുന്ന ജോലിക്കാരുടെ സംഘടനകളുമായി ആലോചിച്ചതിനുശേഷം കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടവരുമായ മൂന്ന് അംഗങ്ങൾ,

(ഛ) വൈദ്യവൃത്തിയെ പ്രതിനിധാനം ചെയ്യുന്നവരും കേന്ദ്ര ഗവൺമെൻറ് ഇതിനുവേണ്ടി അംഗീകരിക്കുന്ന ചികിൽസക സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്ര ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ടവരുമായ മൂന്ന് അംഗങ്ങൾ—ഇവരിൽ ഒന്നിൽ കുറയാതെ സ്ത്രീയായിരിക്കേണ്ടത് ആകുന്നു.

(2) ഈ ആക്ററിൽ, മററ് വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, (1)-ാം ഉപവകുപ്പിലെ (ക) മുതൽ(ഘ) വരെയുള്ള ഏതെങ്കിലും ഖണ്ഡങ്ങളിൽ ഏതിലെങ്കിലും പരാമർശിക്കുന്ന അംഗം അല്ലാത്ത, ചികിൽസിയാനുകൂല്യ സമിതിയംഗത്തിൻെറ ഉദ്യോഗകാലാവധി, അയാളുടെ നാമനിർദ്ദേശം വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ നാലു വർഷം ആയിരിക്കുന്നതാണ്:

എന്നാൽ, മുൻപറഞ്ഞ നാലുവർഷ കാലാവധി കഴിഞ്ഞു എന്നിരുന്നാലും, ചികിൽസിയാനുകൂല്യസമിതി അംഗം, അയാളുടെ പിൻഗാമിയുടെ തിരഞ്ഞെടുപ്പ് വിജ്ഞാപനം ചെയ്യപ്പെടുന്നതു വരെ തുടർന്ന് ഉദ്യോഗം വഹിക്കുന്നതാകുന്നു.

(3) (1)-ാം ഉപവകുപ്പിലെ (ഖ)യും (ഘ)യും ഖണ്ഡങ്ങളിൽ പരാമർശിക്കുന്ന ഒരു ചികിൽസിയാനുകൂല്യ സമിതി അംഗം, അയാളെ നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെൻറിന് പ്രീതിയുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാകുന്നു.

11. <u>അംഗത്വം രാജി വയ്ക്കുന്നത്.</u>—കാർപ്പറേഷനിലേയോ, സ്ററാൻഡിംഗ് കമ്മിററിയിലേയോ ചികിൽസിയാനുകൂല്യ സമിതിയിലെയോ അംഗത്തിന്, കേന്ദ്രഗവൺമെൻറിനുള്ള ലിഖിതമായ നോട്ടീസുവഴി, തൻെറ ഉദ്യോഗം രാജി വയ്ക്കാവുന്നതും, ഗവൺമെൻറ് രാജി സ്വീകരിക്കുന്നതോടെ അയാളുടെ സ്ഥാനം ഒഴിവാകുന്നതും ആണ്.

12. <u>അംഗത്വം അവസാനിക്കുന്നത്.</u>—(1)കാർപ്പറേഷനിലെയോ, സ്ററാൻഡിംഗ് കമ്മററിയിലേയോ, ചികിൽസിയാനുകൂല്യ സമിതിയിലെയോ അംഗം, ആ നികായത്തിൻെറ തുടർച്ചയായുള്ള മൂന്നു യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നുവെങ്കിൽ, അതിലെ അംഗമല്ലാതായിത്തീരുന്നതാണ്,

എന്നാൽ, അതതു സംഗതിപോലെ, കാർപ്പറേഷനോ സ്ററാൻറിംഗ് കമ്മററിയ്ക്കോ, ചികിൽസിയാനുകൂല്യ സമിതിക്കോ, കേന്ദ്ര ഗവൺമെൻറ് ഇതിലേയ്ക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, അയാൾക്കു അംഗത്വം തിരിയെ കൊടുക്കാവുന്നതാണ്.

(2) അതതു സംഗതിപോലെ, കാർപ്പറേഷനിലോ സ്ററാൻറിംഗ് കമ്മററിയിലോ, ചികിൽസിയാനുകൂല്യ സമിതിയിലോ, നിയോജകരേയോ, ജോലിക്കാരെയോ, വൈദ്യവൃത്തിയേയോ, പ്രതിനിധാനം ചെയ്യാൻ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തിരഞ്ഞെടുക്കപ്പെടുകയോ ചെയ്ത ഏതെങ്കിലും ആൾ, കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ അങ്ങനെയുള്ള നിയോജകരേയോ ജോലിക്കാരെയോ, വൈദ്യവൃത്തിയേയോ പ്രതിനിധാനം ചെയ്യുന്നത് അവസാനിച്ചിട്ടുള്ളിടത്ത്, കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതലുള്ള പ്രഭാവത്തോടുകൂടി, അങ്ങനെയുള്ള ആൾ, അതതു സംഗതിപോലെ കാർപ്പറേഷനിലെയോ സ്ററാൻറിംങ്ങ് കമ്മററിയിലെയോ ചികിൽസിയാനുകൂല്യ സമിതിയിലെയോ അംഗമല്ലാതായിത്തിരുന്നതാണെന്ന് പ്രഖ്യാപിക്കുന്നതാണ്.

(3) 4-ാം വകുപ്പിലെ (ഡ)ഖണ്ഡത്തിൽ പരാമർശിക്കുന്ന ആൾ, അയാൾ പാർലമെൻറിലെ അംഗമല്ലാതായിത്തീരുമ്പോൾ, കാർപ്പറേഷനിലെ അംഗമല്ലാതായിത്തീരുന്നതാണ്.

13. <u>അയോഗ്യത.</u>—ഒരാൾ കാർപ്പറേഷനിലെയോ, സ്ററാൻറിംങ്ങ് കമ്മററിയിലെയോ ചികിൽസിയാനുകൂല്യ സമിതിയിലെയോ അംഗമായി വരണം ചെയ്യപ്പെടാനോ അംഗമായിരിക്കാനോ—

(ക) അയാൾ ചിത്തഭ്രമമുള്ളവനാണെന്ന് ക്ഷമതയുള്ള ഒരു കോടതിയാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കയാണെങ്കിലോ,

(ഖ) അയാാം അവിമുക്ത നിർദ്ധനനായിരിക്കുന്നുവെങ്കിലോ,

(ഗ) അയാാംക്ക് കാർപ്പറേഷനുമായി നിലവിലുള്ള ഒരു കോൺട്രാക്ററിലോ, കാർപ്പറേഷന് ചെയ്തുകൊണ്ടിരിക്കുന്ന ഏതെങ്കിലും പ്രവൃത്തിയിലോ ഒരു ചികിൽസകൻ എന്ന നിലയിലോ (ഡയറക്ടർ ആയല്ലാതെ) ഒരു കമ്പനിയിലെ ഓഹരി ഉടമ എന്ന നിലയിലോ ഒഴികെ നേരിട്ടോ നേരിട്ടല്ലാതേയോ, തനിക്ക് തന്നെയോ പങ്കാളി വഴിയോ ഏതെങ്കിലും താൽപര്യമുണ്ടെങ്കിലോ,

(ഘ) ഈ ആക്ററിൻെറ പ്രാരംഭത്തിന് മുമ്പോ പിൻപോ സാൻമാർഗ്ഗികാധഃപതനം ഉാംക്കൊള്ളുന്ന ഒരു കുററത്തിന് അയാാം കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലോ,
അയോഗ്യനാകുന്നതാണ്.

14. ഒഴിവുകാം പൂരിപ്പിക്കൽ.—(1) കാർപ്പറേഷനിലെയും, സ്ററാൻഡിങ്ങ് കമ്മററിയിലെയും, ചികിൽസിയാനുകൂല്യ സമിതിയിലെയും നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തിരഞ്ഞെടുക്കപ്പെട്ടതോ ആയ അംഗങ്ങളുടെ ഉദ്യോഗത്തിലുള്ള ഒഴിവുകാം, അതതു സംഗതിപോലെ നാമനിർദ്ദേശമോ തിരഞ്ഞെടുപ്പോ വഴി പൂരിപ്പിക്കേണ്ടതാകുന്നു.

(2) ഒരു യാദൃച്ഛിക ഒഴിവ് പൂരിപ്പിക്കാനായി നാമനിർദ്ദേശം ചെയ്യപ്പെടുകയോ, തിരഞ്ഞെടുക്കപ്പെടുകയോ ചെയ്യപ്പെട്ട കാർപ്പറേഷനിലെയോ സ്ററാൻറിങ്ങ് കമ്മററിയിലെയോ ചികിൽസിയാനുകൂല്യ സമിതിയിലെയോ അംഗം ഏത് അംഗത്തിൻെറ സ്ഥാനത്താണോ അയാാം നാമനിർദ്ദേശം ചെയ്യപ്പെടുകയോ തെരഞ്ഞെടുക്കപ്പെടുകയോ ചെയ്തിരിക്കുന്നത് ആ അംഗത്തിന്, ആ ഒഴിവ് സംഭവിച്ചിട്ടുണ്ടായിരുന്നില്ലെങ്കിൽ ഉദ്യോഗം വഹിക്കാൻ അവകാശം ഉണ്ടാകുമായിരുന്നിടത്തോളം കാലം മാത്രം ഉദ്യോഗം വഹിക്കുന്നതാകുന്നു.

15. ഫീസും ബത്തകളും .— കാർപ്പറേഷനിലേയും, സ്ററാൻഡിങ്ങ് കമ്മിററിയിലേയും ചികിൽസിയാനുകൂല്യസമിതിയിലേയും അംഗങ്ങാംക്കും കേന്ദ്രഗവൺമെൻറ്, അപ്പോഴപ്പോാം നിർണ്ണയിക്കുന്ന ഫീസും ബത്തകളും ലഭിക്കുന്നതാകുന്നു.

16. മുഖ്യ ഉദ്യോഗസ്ഥൻമാർ .— (1) കേന്ദ്രഗവൺമെൻറിന്, ആദ്യത്തെ നിയമനങ്ങളുടെ സംഗതിയിൽ തനിയേയും തുടർന്നുള്ള നിയമനങ്ങളുടെ സംഗതിയിൽ കാർപ്പറേഷനുമായി ആലോചിച്ചതിനുശേഷവും (ഇതിൽ ഇതിനുശേഷം മുഖ്യ ഉദ്യോഗസ്ഥൻമാർ എന്ന് പരാമർശിക്കപ്പെടുന്ന) താഴെ പറയുന്ന കാർപ്പറേഷൻ ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതാണ്, അതായത് :—

(ക) ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് ഡയറക്ററർ ജനറൽ,
(ഖ) ഇൻഷ്വറൻസ് കമ്മീഷണർ ,
(ഗ) മെഡിക്കൽ കമ്മീഷണർ,
(ഘ) ചീഫ് അക്കൗണ്ട് ആഫീസർ,
(ങ) ആക്ച്വറി.

(2) ഡയറക്ററർ ജനറൽ, കാർപ്പറേഷൻെറ മുഖ്യ നിർവ്വാഹക ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(3) മുഖ്യ ഉദ്യോഗസ്ഥൻമാർ കാർപ്പറേഷൻെറ മുഴുവൻ സമയ ഉദ്യോഗസ്ഥൻമാരായിരിക്കേണ്ടതും, അവർ കേന്ദ്രഗവൺമെൻറിൻേറയും കാർപ്പറേഷൻേറയും അനുമതി കൂടാതെ അവരുടെ ഉദ്യോഗവുമായി ബന്ധപ്പെടാത്ത ഏതെങ്കിലും പ്രവൃത്തി ഏറെറടുക്കാൻ പാടില്ലാത്തതും ആകുന്നു.

(4) മുഖ്യ ഉദ്യോഗസ്ഥൻ, അഞ്ചുവർഷത്തിൽ കവിയാത്തതും അയാളെ നിയമിക്കുന്ന ഉത്തരവിൽ വിനിർദേശിക്കുന്നതുമായ കാലം ഉദ്യോഗം വഹിക്കുന്നതാണ്. സ്ഥാനം ഒഴിയുന്ന മുഖ്യ ഉദ്യോഗസ്ഥൻ മററു വിധത്തിൽ യോഗ്യനാണെങ്കിൽ, പുനർനിയമനത്തിന് അർഹനായിരിക്കുന്നതാണ്.

(5) മുഖ്യ ഉദ്യോഗസ്ഥന്, കേന്ദ്രഗവൺമെൻറ് വിനിർദേശിക്കുന്ന ശമ്പളവും ബത്തകളും ലഭിക്കുന്നതാണ്.

(6) ഒരാാം, 13-ാം വകുപ്പിൽ വിനിർദേശിക്കപ്പെടുന്ന അയോഗ്യതകളിൽ ഏതിനെങ്കിലും വിധേയനാണെങ്കിൽ, അയാാം മുഖ്യ ഉദ്യോഗസ്ഥനായി നിയമിക്കപ്പെടാനോ മുഖ്യഉദ്യോഗസ്ഥനായിരിക്കാനോ അയോഗ്യനായിരിക്കുന്നതാണ്.

(7) കേന്ദ്രഗവൺമെൻറിന്, ഏതു സമയത്തും, ഒരു മുഖ്യഉദ്യോഗസ്ഥനെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതും, കാർപ്പറേഷൻ ഇതിനുവേണ്ടിവിളിച്ചു കൂട്ടുന്ന ഒരു വിശേഷാൽ യോഗത്തിൽ പാസ്സാക്കപ്പെടുന്നതും, കാർപ്പറേഷെൻെറ ആകെ അംഗസംഖ്യയുടെ മൂന്നിൽ രണ്ടിൽകുറയാത്ത വോട്ടുകളുടെ പിൻബലമുള്ളതും ആയ ഒരു പ്രമേയം അങ്ങനെയുള്ള നീക്കം ചെയ്യാൻ ശിപാർശ ചെയ്യുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറ് അപ്രകാരം നീക്കം ചെയ്യേണ്ടതും ആകുന്നു.

17. സ്റ്റാഫ്.— (1) കാർപ്പറേഷന്, അതിൻെറ ബിസിനസ്സിൻെറ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യകമാകുന്ന ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ആയ മററു സ്റ്റാഫിനെ നിയോജിക്കാവുന്നതും, എന്നാൽ പരമാവധി പ്രതിമാസശമ്പളം ആയിരത്തി ഇരുന്നൂറു രൂപയിൽ കവിയുന്ന ഏതെങ്കിലും തസ്തിക സൃഷ്ടിക്കുന്നതിനു കേന്ദ്രഗവൺമെൻറിൻെറ അനുമതി ലഭിക്കേണ്ടതും ആണ്.

(2) കാർപ്പറേഷൻ, അതിൻെറ സ്റ്റാഫ് അംഗങ്ങളുടെ റിക്രൂട്ടുമെൻറ് സമ്പ്രദായവും, ശമ്പളവും ബത്തകളും, അച്ചടക്കവും, പ്രായപരിധി എത്തിയാലുള്ള ആനുകൂല്യങ്ങളും, മററു നിബന്ധനകളും സംബന്ധിച്ച് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി റഗുലേഷനുകാം ഉണ്ടാക്കേണ്ടതാകുന്നു.

(3) കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ള ക്ലാസ് I അല്ലെങ്കിൽ ക്ലാസ് II തസ്തികകാംക്ക് സമാന്തരമായ തസ്തികകളിലേക്കുള്ള ഓരോ നിയമനവും, യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് നടത്തേണ്ടതാണ്:

എന്നാൽ, ഈ ഉപവകുപ്പ്, ആകെ ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്കുള്ള ആഫിഷിയേററിങ് നിയമനത്തിനോ, താൽക്കാലിക നിയമനത്തിനോ ബാധകമാകുന്നതല്ല.

(4) ഒരു തസ്തിക കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ള ക്ലാസ് I അല്ലെങ്കിൽ ക്ലാസ് II തസ്തികകാംക്ക് സമാന്തരമാണോ എന്ന് ഏതെങ്കിലും പ്രശ്നം ഉൽഭവിക്കുന്നുവെങ്കിൽ, ആ പ്രശ്നം ആ ഗവൺമെൻറിന് റഫർ ചെയ്യേണ്ടതും, ആ ഗവൺമെൻറിൻെറ അതിൻമേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതും, ആണ്.

18. സ്റ്റാൻറിങ് കമ്മിററിയുടെ അധികാരങ്ങാം.— (1) സ്റ്റാൻറിങ് കമ്മിററി, കാർപ്പറേഷൻ കാര്യങ്ങളുടെ ഭരണം നടത്തേണ്ടതും, അതിന് കാർപ്പറേഷൻെറ അധികാരങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കുകയോ, ചുമതലകളിൽ ഏതെങ്കിലും നിർവ്വഹിക്കുകയോ ചെയ്യാവുന്നതും, ഇത് കാർപ്പറേഷൻെറ സാമാന്യമായ മേലന്വേഷണത്തിനും നിയന്ത്രണത്തിനും വിധേയമായിരിക്കുന്നതും ആകുന്നു.

(2) സ്റ്റാൻഡിങ് കമ്മിററി, ഇതിലേക്ക് ഉണ്ടാക്കുന്ന റഗുലേഷനുകളിൽ വിനിർദേശിക്കുന്ന എല്ലാ സംഗതികളും വിഷയങ്ങളും കാർപ്പറേഷൻെറ പരിഗണനയ്ക്കും തീരുമാനത്തിനും ആയി, സമർപ്പിക്കേണ്ടതുമാകുന്നു.

(3) സ്റ്റാൻഡിങ് കമ്മിററിക്ക് സ്വവിവേകമുപയോഗിച്ച്, മറേറതെങ്കിലും സംഗതിയോ വിഷയമോ കാർപ്പറേഷൻെറ തീരുമാനത്തിന് സമർപ്പിക്കാവുന്നതാണ്

19 ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ ആരോഗ്യം മുതലായവയ്ക്കുള്ള നടപടികൾ പ്രോൽസാഹിപ്പിക്കാൻ കാർപ്പറേഷനുള്ള അധികാരം .— കാർപ്പറേഷന്, ഈ ആക്ററിൽ വിനിർദേശിക്കുന്ന ആനുകൂല്യത്തിന്റെ പദ്ധതിക്കു പുറമേ, ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ ആരോഗ്യവും, ക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ളതും, അവശരാക്കപ്പെട്ടവരോ ക്ഷതി ഉളവാക്കപ്പെട്ടവരോ ആയ ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ പുനരധിവാസത്തിനും പുനർനിയമനത്തിനും ഉള്ളതും ആയ നടപടികൾ പ്രോൽസാഹിപ്പിക്കാവുന്നതും, അങ്ങനെയുള്ള നടപടികൾ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് നിർണ്ണയിക്കുന്ന പരിധികൾക്കുള്ളിൽ കാർപ്പറേഷന്റെ പണത്തിൽനിന്ന് ചെലവുനേരിടാവുന്നതും ആണ്.

20. കാർപ്പറേഷന്റെയും സ്ററാൻഡിംഗ് കമ്മിററിയുടേയും ചികിൽസിയാനുകൂല സമിതിയുടെയും യോഗങ്ങൾ .— ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി കാർപ്പറേഷനും, സ്ററാൻഡിങ്ങ് കമ്മിററിയും ചികിൽസിയാനുകൂല്യസമിതിയും, ഇതിലേയ്ക്കു ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകളിൽ വിനിർദേശിക്കുന്ന സമയങ്ങളിലും സ്ഥലങ്ങളിലും യോഗം കൂടേണ്ടതും, അവയുടെ യോഗങ്ങളിൽ കാര്യങ്ങളുടെ നടത്തിപ്പു സംബന്ധിച്ച്, അപ്രകാരം വിനിർദേശിക്കുന്ന ചട്ടങ്ങളോ നടപടിക്രമമോ പാലിക്കേണ്ടതും, ആകുന്നു.

21. കാർപ്പറേഷനേയും സ്ററാൻഡിങ്ങ് കമ്മിററിയേയും പുറം തള്ളുന്നത് .— (1) കേന്ദ്രഗവൺമെൻറിന്റെ അഭിപ്രായത്തിൽ കാർപ്പറേഷനോ, സ്ററാൻഡിങ്ങ് കമ്മിററിയോ, അതിൻമേൽ ഈആക്ററോ അതിൻകീഴിലോ ചുമത്തുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിൽ തുടരെത്തുടരെ വീഴ്ചവരുത്തുകയോ ചെയ്യുന്നുവെങ്കിൽ, ആ ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, കാർപ്പറേഷനെ പുറം തള്ളുകയോ, അല്ലെങ്കിൽ സ്ററാൻഡിംങ്ങ് കമ്മിററിയുടെ സംഗതിയിൽ, കാർപ്പറേഷനുമായി ആലോചിച്ചതിനുശേഷം സ്ററാൻഡിങ്ങ് കമ്മിററിയെ പുറം തള്ളുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ്, കേന്ദ്രഗവൺമെൻറ് അതതു സംഗതിപോലെ, കാർപ്പറേഷനോ സ്ററാൻഡിങ്ങ് കമ്മിററിക്കോ, അതിനെ പുറം തള്ളാതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ ന്യായമായ അവസരം നല്കേണ്ടതും അതതുസംഗതിപോലെ, കാർപ്പറേഷന്റേയോ സ്ററാൻഡിങ്ങ് കമ്മിററിയുടേയോ വിശദീകരണങ്ങളും ആക്ഷേപങ്ങളും, വല്ലതും ഉണ്ടെങ്കിൽ, പരിഗണിക്കേണ്ടതും ആകുന്നു.

(2) കാർപ്പറേഷനേയോ സ്ററാൻഡിങ്ങ് കമ്മിററിയേയോ പുറം തള്ളിക്കൊണ്ടു (1)-ാം ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ അതതുസംഗതിപോലെ, കാർപ്പറേഷനിലേയോ സ്ററാൻഡിങ്ങ് കമ്മിററിയിലേയോ എല്ലാ അംഗങ്ങളും അങ്ങനെ പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ അവരുടെ ഉദ്യോഗം ഒഴിഞ്ഞിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

(3) സ്ററാൻഡിങ്ങ് കമ്മിററിയെ പുറം തള്ളിയിട്ടുള്ളപ്പോൾ, 8-ാം വകുപ്പനുസരിച്ച് ഉടൻതന്നെ ഒരു പുതിയ സ്ററാൻഡിങ്ങ് കമ്മിററി ഏർപ്പെടുത്തേണ്ടതാകുന്നു.

(4) കാർപ്പറേഷനെ പുറംതള്ളിയിട്ടുള്ളപ്പോൾ കേന്ദ്രഗവൺമെൻറിന് —

(ക) 4-ാം വകുപ്പനുസരിച്ച് ഉടൻതന്നെ കാർപ്പറേഷനിലേയ്ക്ക് പുതിയ അംഗങ്ങളെ നാമനിർദേശം ചെയ്യുകയോ, ചെയ്യിപ്പിക്കുകയോ അല്ലെങ്കിൽ തിരഞ്ഞെടുപ്പിക്കുകയോ ചെയ്യാവുന്നതും, 8-ാം വകുപ്പിൻകീഴിൽ ഒരു പുതിയ സ്ററാൻഡിങ്ങ് കമ്മിററി ഏർപ്പെടുത്താവുന്നതും,

(ഖ) കാർപ്പറേഷന്റെ അധികാരങ്ങൾ പ്രയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യാൻ സ്വവിവേകം ഉപയോഗിച്ച് യുക്തമെന്ന് തോന്നുന്ന ഏജൻസിയെ, യുക്തമെന്ന് തോന്നുന്ന കാലത്തേക്കായി നിയമിക്കാവുന്നതും, അങ്ങനെയുള്ള ഏജൻസിക്ക്, കാർപ്പറേഷന്റെ എല്ലാ അധികാരങ്ങളും പ്രയോഗിക്കുകയും എല്ലാ ചുമതലകളും നിർവ്വഹിക്കുകയും ചെയ്യാൻ ക്ഷമതയുണ്ടായിരിക്കുന്നതും, ആണ്.

(5) കേന്ദ്രഗവൺമെന്റു, ഈ വകുപ്പിൻ കീഴിൽ എടുക്കുന്ന ഏതെങ്കിലും നടപടിയുടേയും അങ്ങനെയുള്ള നടപടിയിലേക്കു നയിച്ച പരിതഃസ്ഥിതികളുടേയും ഒരു പൂർണ്ണറിപ്പോർട്ട്, ഏററവും നേരത്തേയുള്ള അവസരത്തിലും, ഏതു സംഗതിയിലും അതതുസംഗതിപോലെ, കാർപ്പറേഷനേയോ സ്ററാൻഡിങ്ങ് കമ്മിററിയേയോ പുറം തള്ളിക്കൊണ്ടുള്ള വിജ്ഞാപനത്തിന്റെ തീയതി മുതൽ മൂന്നുമാസത്തിലും വൈകാതേയും പാർലമെന്റ് മുമ്പാകെ വയ്പ്പിക്കേണ്ടതാകുന്നു.

22. ചികിൽസിയാനുകൂല്യസമിതിയുടെകർത്തവ്യങ്ങൾ.— ചികിൽസിയാനുകൂല്യസമിതി.—

(ക) ചികിൽസിയാനുകൂല്യത്തിന്റെ ഭരണവും, ആനുകൂല്യങ്ങൾ നല്കുന്ന ആവശ്യങ്ങൾക്കുള്ള സർട്ടിഫൈ ചെയ്യലും ബന്ധപ്പെട്ട മററുവിഷയങ്ങളും സംബന്ധിച്ച വിഷയത്തിൽ, കാർപ്പറേഷനേയും സ്ററാൻഡിങ്ങ് കമ്മിററിയേയും ഉപദേശിക്കേണ്ടതും,

(ഖ) വൈദ്യചികിൽസയും വൈദ്യസഹായവും സംബന്ധിച്ച് ചികിൽസകൻമാർക്ക് എതിരായുള്ള പരാതികൾ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന അന്വേഷണാധികാരങ്ങളും അന്വേഷണകർത്തവ്യങ്ങളും അതിനുണ്ടായിരിക്കുന്നതും.

(ഗ) വൈദ്യചികിൽസയും വൈദ്യസഹായവും സംബന്ധിച്ച് റഗുലേഷനുകളിൽ വിനിർദേശിക്കുന്ന മററു കർത്തവ്യങ്ങൾ അതു നിർവ്വഹിക്കേണ്ടതും, ആകുന്നു.

23. മുഖ്യ ഉദ്യോഗസ്ഥന്മാരുടെ കർത്തവ്യങ്ങൾ.— മുഖ്യ ഉദ്യോഗസ്ഥന്മാർ നിർണ്ണയിക്കപ്പെടുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും കർത്തവ്യങ്ങൾ നിറവേററുകയും ചെയ്യേണ്ടതാണ്. അവർ റഗുലേഷനുകളിൽ വിനിർദ്ദേശിപ്പെടുന്ന മററ് ചുമതലകൾ നിർവ്വഹിക്കേണ്ടതും, ആകുന്നു.

24. ഏർപ്പെടുത്തലിലുള്ള ന്യൂനത മുതലായവ കാരണമായി കാർപ്പറേഷൻ മുതലായവയുടെ കൃത്യങ്ങൾ അസാധുവല്ലെന്ന്.— കോർപ്പറേഷന്റേയോ സ്ററാൻഡിങ്ങ് കമ്മിററിയുടേയോ ചികിൽസിയാനുകൂല്യ സമിതിയുടേയോ യാതൊരുകൃത്യവും, കോർപ്പറേഷനോസ്ററാൻഡിങ്ങ് കമ്മിററിയോ ചികിൽസിയാനുകൂല്യ സമിതിയോ ഏർപ്പെടുത്തിയതിലെ ഏതെങ്കിലും ന്യൂനത കാരണമായോ, അല്ലെങ്കിൽ അതിലെ ഏതെങ്കിലും അംഗത്തിന് ഏതെങ്കിലും അയോഗ്യതയോ, അയാളുടെ നാമനിർദ്ദേശത്തിലോ തിരഞ്ഞെടുപ്പിലോ ഉള്ള ഏതെങ്കിലും ക്രമക്കേടോ കാരണമായി, ഉദ്യോഗം വഹിക്കാനോ ഉദ്യോഗത്തിൽ തുടരാനോ അവകാശമുണ്ടായിരുന്നില്ലെന്ന കാരണത്തിൻമേലോ അല്ലെങ്കിൽ അങ്ങനെയുള്ള കൃത്യം കോർപ്പറേഷനിലേയോ സ്ററാൻഡിങ്ങ കമ്മിററിയിലേയോ ചികിൽസിയാനുകൂല്യ സമിതിയിലേയോ ഏതെങ്കിലും അംഗത്തിന്റെ ഉദ്യോഗത്തിലുള്ള ഏതെങ്കിലും ഒഴിവിന്റെ കാലത്തു ചെയ്തിട്ടുള്ളതാണെന്ന കാരണത്താലോ അസാധുവാണെന്ന് കരുതപ്പെടുന്നതല്ല.

25. പ്രാദേശിക ബോർഡുകളും തദ്ദേശക്കമ്മിററികളും, പ്രാദേശിക-തദ്ദേശ ചികിൽസിയാനുകൂല്യ സമിതികളും.— കോർപ്പറേഷന്, റഗുലേഷനുകഠം വ്യവസ്ഥ ചെയ്യുന്ന പ്രദേശങ്ങളിലും രീതിയിലും പ്രാദേശികബോർഡുകളും, തദ്ദേശക്കമ്മിററികളും, പ്രാദേശിക-തദ്ദേശ ചികിൽസീയാനുകൂല സമിതികളും നിയമിക്കുകയും, അവയ്ക്ക് അപ്രകാരം വ്യവസ്ഥ ചെയ്യുന്ന അധികാരങ്ങളും ചുമതലകളും പ്രത്യായോജനം ചെയ്യുകയും ചെയ്യാവുന്നതാണ്.

## അദ്ധ്യായം III

## ധനകാര്യവും ആഡിററും

26. ജോലിക്കരുടെ സ്റേററ് ഇൻഷ്വറൻസ് നിധി.—(1) ഈ ആക്ററിൻ കീഴിൽ കൊടുക്കുന്ന എല്ലാ അംശദായങ്ങളും കോർപ്പറേഷനുവേണ്ടി ലഭിക്കുന്ന മററെല്ലാ പണവും ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് നിധി എന്ന് പറയപ്പെടുന്ന ഒരു നിധിയിലേക്ക് കൊടുക്കേണ്ടതും, ഈ ആക്ററിൻെറ ആവശ്യങ്ങഠംക്ക് ആ നിധി,കോർപ്പറേഷൻ കൈവശം വച്ചു ഭരണം നടത്തേണ്ടതും ആകുന്നു.

(2) കോർപ്പറേഷന് കേന്ദ്രഗവൺമെൻറിൽനിന്നോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൽനിന്നോ തദ്ദേശാധികാര സ്ഥാനത്തിൽനിന്നോ ഏതെങ്കിലും വ്യക്തിയിൽനിന്നോ, നികായത്തിൽനിന്നോ, അതു ഏകാംഗീകൃതമോ അല്ലാത്തതോ ആയാലും, ഈ ആക്ററിൻെറ എല്ലാ ആവശ്യങ്ങഠംക്കുമോ അവയിൽ ഏതിനെങ്കിലുമോ, ഗ്രാൻറുകളും സംഭാവനകളും ദാനങ്ങളും സ്വീകരിക്കാവുന്നതാണ്.

(3) ഈ ആക്ററിൽ അടങ്ങിയ മററു വ്യവസ്ഥകഠംക്കും, ഇതിലേയ്ക്ക് ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങഠംക്കും അല്ലെങ്കിൽ റഗുലേഷനുകഠംക്കും വിധേയമായി, മുൻപറഞ്ഞ നിധിയിലേക്ക് സിദ്ധിക്കുന്നതോ കൊടുക്കേണ്ടതോ ആയ എല്ലാ പണവും റിസർവ്വ് ബാങ്ക് ആഫ് ഇൻഡ്യയിലോ, കേന്ദ്രഗവൺമെൻറ് അംഗീകരിക്കുന്ന മററ് ബാങ്കിലോ, ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് നിധി അക്കൌണ്ട് എന്ന് പേർ പറയപ്പെടുന്ന ഒരു അക്കൌണ്ടിലെ വരവു കണക്കിലേക്കായി കൊടുക്കേണ്ടതാകുന്നു.

(4) അങ്ങനെയുള്ള അക്കൌണ്ട് കോർപ്പറേഷൻെറ അംഗീകാരത്തോടുകൂടി, സ്ററാൻഡിംഗ് കമ്മിററി പ്രാധീകാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരാൽ കൈകാര്യം ചെയ്യപ്പെടേണ്ടതാകുന്നു.

27. കേന്ദ്രഗവൺമെൻറിനാലുള്ള ഗ്രാൻറ് [1966-ലെ 44-ാം നമ്പർ ആക്ററ് 12-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.]

28. നിധി ചെലവാക്കാവുന്നത് ഏത് ആവശ്യങ്ങഠംക്കെന്ന്.— ഈ ആക്ററിലേയും, കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയും വ്യവസ്ഥകഠംക്ക് വിധേയമായി, ജോലിക്കാരുടെ സ്റേററ് ഇൻഷ്വറൻസ് നിധി താഴെ പറയുന്ന ആവശ്യങ്ങഠംക്ക് മാത്രം ചെലവഴിക്കേണ്ടതാണ്. അതായത് :

(i) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകഠംക്ക് ആനുകൂല്യങ്ങഠം കൊടുക്കലും, വൈദ്യചികിൽസയും വൈദ്യസഹായവും നൽകലും ചികിൽസീയാനുകൂല്യം അവരുടെ കുടുംബങ്ങഠംക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്, ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് അവരുടെ കുടുംബങ്ങഠംക്ക് അങ്ങനെയുള്ള ആനുകൂല്യം നൽകലും, അതു സംബന്ധിച്ച ചാർജ്ജുകളും, ചെലവുകളും, കൊടുത്തു തീർക്കലും,

(ii) കോർപ്പറേഷനിലേയും, സ്ററാൻഡിങ്ങ് കമ്മിററിയിലേയും ചികിൽസീയാനുകൂല്യസമിതിയിലേയും പ്രാദേശിക ബോർഡുകളിലേയും, തദ്ദേശ കമ്മിററികളിലേയും പ്രാദേശിക തദ്ദേശ ചികിൽസീയാനുകൂല്യ സമിതികളിലേയും അംഗങ്ങാക്ക് ഫീസും ബത്തകളും കൊടുക്കൽ,

(iii) കോർപ്പറേഷനിലെ ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും ശമ്പളങ്ങാം, അവധി ബത്തയും ജായിനിങ്ങ്റൈറം ബത്തയും യാത്രാബത്തയും പ്രതികരബത്തയും ഗ്രാററുവിററികളും അനുകമ്പാബത്തകളും, പെൻഷൻ, അവരുടെ പ്രാവിഡൻറ് ഫണ്ടിലേക്കോ മററു ആനുകൂല്യനിധിയിലേക്കോ ഉള്ള അംശദായം എന്നിവ കൊടുക്കലും, ഈ ആക്ററിലെ വ്യവസ്ഥകാംക്ക് പ്രഭാവം നൽകുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരേയും മററു സർവ്വീസുകളേയും സംബന്ധിച്ചുള്ള ചെലവു നേരിടലും,

(iv) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടേയും, ചികിൽസീയാനുകൂല്യം അവരുടെ കുടുംബങ്ങാംക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്, അവരുടെ കുടുംബങ്ങളുടെ ഗുണത്തിനായി ആശുപത്രികളും ഡിസ്പൻസറികളും, മററു സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യലും, വൈദ്യസേവനങ്ങളും മററു സഹായകസേവനങ്ങളും നൽകലും,

(v) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകാംക്കും, ചികിൽസീയാനുകൂല്യം അവരുടെ കുടുംബങ്ങാംക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്, അവരുടെ കുടുംബങ്ങാംക്കും നൽകുന്ന വൈദ്യചികിൽസയുടേയും, വൈദ്യസഹായത്തിൻേറയും, ഏതെങ്കിലും കെട്ടിടത്തിൻേറയും സജ്ജീകരണത്തിൻേറയും ചെലവ് ഉാംപ്പെടെയുള്ള ചെലവിലേക്ക് ഏതെങ്കിലും സ്റേററ് ഗവൺമെൻറിനോ, തദ്ദേശാധികാര സ്ഥാനത്തിന്നോ അല്ലെങ്കിൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തിന്നോ വ്യക്തിക്കോ കോർപ്പറേഷൻ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കരാർ അനുസരിച്ച് അംശദായങ്ങാം നൽകൽ,

(vi) കോർപ്പറേഷൻെറ കണക്കുകാം ആഡിററ് ചെയ്യുന്നതിൻേറയും അതിൻെറ ആസ്തികളും ബാദ്ധ്യതകളുടെ മൂല്യനിർണ്ണയത്തിൻേറയും, ചെലവ് (എല്ലാ ചെലവുകളും ഉാംപ്പെടെ) കൊടുത്തു തീർക്കൽ,

(vii) ഈ ആക്ററിൻ കീഴിൽ ഏർപ്പെടുത്തുന്ന ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയുടെ ചെലവ് (എല്ലാ ചെലവുകളും ഉാംപ്പെടെ) കൊടുത്തു തീർക്കൽ,

(viii) ഈ ആക്ററിൻെറ ആവശ്യങ്ങാംക്കായി കോർപ്പറേഷനോ, സ്ററാൻഡിങ്ങ് കമ്മിററിയോ അല്ലെങ്കിൽ കോർപ്പറേഷനോ സ്ററാൻഡിങ്ങ് കമ്മിററിയോ അതിലേക്ക് മുറപ്രകാരം പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏർപ്പെടുന്ന ഏതെങ്കിലും കാൺട്രാക്ററിൻ കീഴിൽ ഏതെങ്കിലും തുകകാം കൊടുക്കൽ,

(ix) കോർപ്പറേഷന് എതിരായോ, അല്ലെങ്കിൽ തൻെറ കർത്തവ്യ നിർവ്വഹണത്തിൽ ചെയ്ത ഏതെങ്കിലും കൃത്യത്തിന്, അതിൻെറ ഉദ്യോഗസ്ഥന്മാരിലോ ജീവനക്കാരിലോ ആർക്കെങ്കിലും എതിരായോ ഉള്ള ഏതെങ്കിലും കോടതിയുടേയോ ട്രൈബ്യൂണലിൻേറയോ ഏതെങ്കിലും വിധിക്കോ ഉത്തരവിനോ അവാർഡിനോ കീഴിലോ, അല്ലെങ്കിൽ കോർപ്പറേഷന് എതിരായി ആരംഭിക്കുന്നതോ പുറപ്പെടുവിക്കുന്നതോ ആയ ഏതെങ്കിലും വ്യവഹാരത്തിൻേറയോ മററു നിയമ നടപടിയുടെയോ അവകാശവാദത്തിൻേറയോ രാജിക്കോ ഒത്തുതീർപ്പിനോ കീഴിലോ തുകകാം കൊടുക്കൽ,

(x) ഈ ആക്ററിൻ കീഴിൽ എടുത്ത ഏതെങ്കിലും നടപടിയിൽനിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും സിവിൽ നടപടികളോ ക്രിമിനൽ നടപടികളോ ആരംഭിക്കാനോ പ്രതിവാദം ചെയ്യാനോ ഉള്ള ചെലവും മററ് ചാർജ്ജുകളും കൊടുത്തുതീർക്കൽ,

(xi) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ ആരോഗ്യവും ക്ഷേമവും അഭിവൃദ്ധിപ്പെടുത്തുന്നതിനും അവശരാക്കപ്പെട്ടവരോ ക്ഷതിയുള്ളവാക്കപ്പെട്ടവരോ ആയ ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ പുനരധിവാസത്തിനും പുനർ നിയോജനത്തിനും ഉള്ള നടപടികൾക്കുള്ള നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിലെ ചെലവ് കൊടുത്തു തീർക്കൽ.

(xii) കോർപ്പറേഷൻ, കേന്ദ്രഗവൺമെൻറിൻെറ മുൻ അംഗീകാരത്തോടുകൂടി പ്രാധികാരപ്പെടുത്തുന്ന മററ് ആവശ്യങ്ങൾ.

29. വസ്തുധാരണം ചെയ്യുന്നതും മററും.— (1) കോർപ്പറേഷന്, കേന്ദ്രഗവൺമെൻറ് നിർണ്ണയിക്കുന്ന ഉപാധികൾക്ക് വിധേയമായി, വസ്തു, ജംഗമവും സ്ഥാവരവും, ആർജ്ജിക്കുകയും ധാരണം ചെയ്യുകയും കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടുള്ളതോ അതിനാൽ ആർജ്ജിക്കപ്പെട്ടിട്ടുള്ളതോ ആയ ഏതെങ്കിലും ജംഗമവസ്തുവോ സ്ഥാവരവസ്തുവോ വിൽക്കുകയോ മററുവിധത്തിൽ കൈമാററം ചെയ്യുകയോ ചെയ്യുകയും, കോർപ്പറേഷൻ സ്ഥാപിക്കപ്പെട്ടിട്ടുള്ളത് ഏതു ആവശ്യങ്ങൾക്കായാണോ, ആ ആവശ്യങ്ങൾക്കു ആവശ്യകമായ എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) കേന്ദ്രഗവൺമെൻറ് നിർണ്ണയിക്കുന്ന ഉപാധികൾക്ക് വിധേയമായി, കോർപ്പറേഷന്, ഈ ആക്ററിൻ കീഴിൽ ശരിക്ക് കൊടുത്തു തീർക്കേണ്ട ചെലവുകൾക്ക് ഉടനെ ആവശ്യമില്ലാത്ത ഏതെങ്കിലും പണം, അപ്പോഴപ്പോൾ നിക്ഷേപിക്കാവുന്നതും, മുൻപറഞ്ഞതുപോലെ വിധേയമായി, അങ്ങനെയുള്ള നിക്ഷേപങ്ങൾ അപ്പോഴപ്പോൾ പുനർ നിക്ഷേപിക്കുകയോ പണമാക്കി വാങ്ങുകയോ ചെയ്യാവുന്നതും ആണ്.

(3) കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും അതിനാൽ നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകളിന്മേലും, കോർപ്പറേഷന്, കടമെടുക്കുകയും അങ്ങനെയുള്ള കടങ്ങൾ വീട്ടാൻ നടപടികളെടുക്കുകയും ചെയ്യാവുന്നതാണ്.

(4) കോർപ്പറേഷന് അതിൻെറ സ്ററാഫിൻെറയോ ഏതെങ്കിലും തരം സ്ററാഫിൻെറയോ ഗുണത്തിനുവേണ്ടി, യുക്തമെന്നു തോന്നുന്ന പ്രാവിഡൻറ് ഫണ്ടോ മററ് ആനുകൂല്യനിധിയോ ഏർപ്പെടുത്താവുന്നതാണ്.

30. കോർപ്പറേഷനിൽ വസ്തു നിക്ഷേപിതമാക്കുന്നത്.— കോർപ്പറേഷൻ സ്ഥാപിക്കുന്നതിനു മുമ്പ് ആർജ്ജിക്കപ്പെട്ട എല്ലാ വസ്തുവും കാർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കുന്നതും, അതിലേക്കായി സിദ്ധിച്ച എല്ലാ വരവും, നേരിട്ട എല്ലാ ചെലവും കോർപ്പറേഷൻെറ ബുക്കുകളിൽ ഉൾച്ചേർക്കേണ്ടതും ആകുന്നു.

31. കേന്ദ്രഗവൺമെൻറിനാലുള്ള ചെലവ് കടമായി കരുതപ്പെടണമെന്ന്. [1966-ലെ 44-ാം നമ്പർ ആക്ററ് 12-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.]

32. ബഡ്ജററ് അടങ്കലുകൾ.— ഓരോ വർഷവും, കോർപ്പറേഷൻ, അടുത്ത വർഷത്തിൽ സംഭാവ്യമായ ആയങ്ങളും, നേരിടാൻ ഉദ്ദേശിക്കുന്ന വ്യയങ്ങളും കാണിക്കുന്ന ഒരു ബഡ്ജററ് തയ്യാറാക്കേണ്ടതും, ബഡ്ജററിൻെറ ഒരു പകർപ്പ് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിനായി, അത് ഇതിലേക്ക് നിജപ്പെടുത്തുന്ന തീയതിക്ക് മുമ്പ് സമർപ്പിക്കേണ്ടതും ആകുന്നു. ബഡ്ജററ് കോർപ്പറേഷന് നേരിടുന്ന ബദ്ധ്യതകൾ നിറവേററുന്നതിനും, ഒരു പ്രവർത്തന ബാക്കി നിലനിറുത്തുന്നതിനും കേന്ദ്രഗവൺമെൻറിൻെറ അഭിപ്രായത്തിൽ പര്യാപ്തമായ വ്യവസ്ഥകൾ അടങ്ങിയതായിരിക്കേണ്ടതാകുന്നു.

33. കണക്കുകൾ.— കാർപ്പറേഷൻ, അതിൻെറ ആയത്തിൻേറയും വ്യയത്തിൻേറയും ശരിയായ കണക്കുകൾ കേന്ദ്രഗവൺമെൻറ് നിർണ്ണയിക്കുന്ന ഫാറത്തിലും രീതിയിലും വച്ചുപോരേണ്ടതാകുന്നു.

34. ആഡിററ്.—(1) കാർപ്പറേഷന്റെ കണക്കുകൾ നിർണ്ണയിക്കപ്പെടുന്ന സമയങ്ങളിലും രീതിയിലും കേന്ദ്രഗവൺമെൻറ് നിയമിക്കുന്ന ആഡിററർമാർ ആഡിററ് ചെയ്യേണ്ടതാകുന്നു.

(2) ആഡിററർമാർക്ക് ന്യായമായ എല്ലാ സമയത്തും കാർപ്പറേഷന്റെ ബുക്കുകളും കണക്കുകളും മററു രേഖകളും പ്രാപ്യമായിരിക്കേണ്ടതും ആഡിററിന്റെ ആവശ്യങ്ങൾക്കായി തങ്ങൾക്കുവേണ്ടി വിശദീകരണത്തിനും വിവരണത്തിനും ആവശ്യപ്പെടുകയോ കാർപ്പറേഷന്റെ ഏതെങ്കിലും മുഖ്യ ഉദ്യോഗസ്ഥനേയോ മററു ഉദ്യോഗസ്ഥനേയോ വിസ്തരിക്കുകയോ ചെയ്യാവുന്നതും ആണ്.

(3) ആഡിററർമാർ അവരുടെ റിപ്പോർട്ടിന്റെ ഒരു പകർപ്പ് കോർപ്പറേഷന്റെ കണക്കുകളുടെ ആഡിററ് ചെയ്ത ഒരു പകർപ്പു സഹിതം കേന്ദ്രഗവൺമെൻറിനയച്ചുകൊടുക്കേണ്ടതാകുന്നു.

(4) ആഡിററിന്റെ, കേന്ദ്രഗവൺമെൻറ് നിശ്ചയിക്കുന്ന പ്രകാരമുള്ള ചെലവ് കാർപ്പറേഷന്റെ പണത്തിൽനിന്ന് കൊടുക്കേണ്ടതാകുന്നു.

35. വാർഷികറിപ്പോർട്ട്.—കാർപ്പറേഷൻ, അതിന്റെ പ്രവൃത്തിയും പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു വാർഷിക റിപ്പോർട്ട് കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കേണ്ടതാകുന്നു.

36. ബഡ്ജററും ആഡിററ് ചെയ്ത കണക്കുകളും വാർഷികറിപ്പോർട്ടും പാർലമെൻറ് മുമ്പാകെ വയ്ക്കണം എന്ന്.—വാർഷികറിപ്പോർട്ടും, കാർപ്പറേഷന്റെ ആഡിററ് ചെയ്ത കണക്കുകളിൻമേലുള്ള ആഡിററുടെ 34-ാം വകുപ്പിൻകീഴിലെ റിപ്പോർട്ട് സഹിതമുള്ള കണക്കുകളും, കാർപ്പറേഷൻ അന്തിമമായി അംഗീകരിച്ച പ്രകാരമുള്ള ബഡ്ജററും, പാർലമെൻറ് മുമ്പാകെ വയ്ക്കുകയും ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

37. ആസ്തി ബാദ്ധ്യതകളുടെ മൂല്യനിർണ്ണയം.—കാർപ്പറേഷൻ, അഞ്ചു വർഷം ഇടവിട്ട്, അതിന്റെ ആസ്തി ബാദ്ധ്യതകളുടെ മൂല്യനിർണ്ണയം കേന്ദ്രഗവൺമെൻറിന്റെ അംഗീകാരത്തോടുകൂടി നിയമിക്കപ്പെടുന്ന മൂല്യനിർണ്ണേതാവിനെക്കൊണ്ട് ചെയ്യിക്കേണ്ടതാണ്.

എന്നാൽ, ആവശ്യകമാണെന്ന് കരുതുന്ന മററു സമയങ്ങളിൽ മൂല്യനിർണ്ണയം ചെയ്യാൻ കേന്ദ്രഗവൺമെൻറിന് നിദേശിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം IV

## അംശദായം

38. എല്ലാ ജോലിക്കാരും ഇൻഷ്വർ ചെയ്യപ്പെടണമെന്ന്.—ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്ററ് ബാധകമാകുന്ന ഫാക്ടറികളിലേയോ സ്ഥാപനങ്ങളിലേയോ എല്ലാ ജോലിക്കാരും, ഈ ആക്ററ് വ്യവസ്ഥ ചെയ്യുന്ന രീതിയിൽ ഇൻഷ്വർ ചെയ്യപ്പെടേണ്ടതാകുന്നു.

39. അംശദായങ്ങൾ.—(1) ഒരു ജോലിക്കാരനെ സംബന്ധിച്ച് ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട അംശദായം, നിയോജകൻ കൊടുക്കേണ്ട അംശദായവും (ഇതിൽ ഇതിനുശേഷം നിയോജകന്റെ അംശദായം എന്ന് പരാമർശിക്കപ്പെടുന്നത്) ജോലിക്കാരൻ കൊടുക്കേണ്ട അംശദായവും (ഇതിൽ ഇതിനുശേഷം ജോലിക്കാരന്റെ അംശദായം എന്ന് പരാമർശിക്കപ്പെടുന്നത്) അടങ്ങിയതായിരിക്കുന്നതും, അത് കാർപ്പറേഷന് കൊടുക്കേണ്ടതും ആകുന്നു.

(2) അംശദായങ്ങൾ, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന നിരക്കുകളിലും, ഈ ആക്ററിലെ വ്യവസ്ഥകൾ ഏതെങ്കിലും ഫാക്ററിയിലെയോ;

സ്ഥാപനത്തിലെയോ, തരം ഫാക്ററികളിലേയോ തരം സ്ഥാപനങ്ങളിലേയോ ഏതെങ്കിലും ജോലിക്കാരനോ തരം ജോലിക്കാർക്കോ, അവരെ ഈ ആക്ററിൻ കീഴിലെ ആനുകൂല്യങ്ങളിൽ ചിലതിൽനിന്ന് ഒഴിവാക്കുന്ന രീതിയിൽ ബാധകമാകുന്ന സംഗതിയിൽ, കാർപ്പറേഷൻ ഇതിലേക്ക് നിജപ്പെടുത്തുന്ന നിരക്കുകളിലും കൊടുക്കേണ്ടതാകുന്നു.

(3) ഏതു യൂണിററ് സംബന്ധിച്ചാണോ ഈ ആക്ററിൻ കീഴിൽ എല്ലാ അംശദായവും കൊടുക്കേണ്ടത്, ആ യൂണിററ് ഒരു ആഴ്ച ആയിരിക്കുന്നതാണ്.

(4) ഓരോ ആഴ്ച സംബന്ധിച്ചും കൊടുക്കേണ്ട അംശദായം സാധാരണമായി, ആ ആഴ്ചയിലെ അവസാനദിവസം കൊടുക്കാനുള്ളതായിത്തീരുന്നതും, ഒരു ജോലിക്കാരൻ ആഴ്ചയുടെ ഒരു ഭാഗത്തേക്കായി നിയോജിക്കപ്പെടുകയോ, അല്ലെങ്കിൽ ഒരേ ആഴ്ചയിൽ രണ്ടോ അതിലധികമോ നിയോജകരുടെ കീഴിൽ നിയോജിക്കപ്പെടുകയോ ചെയ്യുന്നിടത്ത് അംശദായങ്ങൾ റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്ന ദിവസങ്ങളിൽ കൊടുക്കാനുള്ളതായിത്തീരുന്നതും ആകുന്നു.

40. <u>അംശദായങ്ങൾ ആദ്യമായി മുഖ്യനിയോജകൻ കൊടുക്കണമെന്ന്.—</u>

(1) മുഖ്യനിയോജകൻ, ഏതൊരു ജോലിക്കാരനെ സംബന്ധിച്ചും, അയാൾ തന്നാൽ നേരിട്ട നിയോജിക്കപ്പെട്ടവനോ തൊട്ടു മീതേയുള്ള ഒരു നിയോജകനാലോ, നിയോജകൻ മുഖേന നിയോജിക്കപ്പെട്ടവനോ ആയാലും, നിയോജകൻെറ അംശദായവും ജോലിക്കാരൻെറ അംശദായവും രണ്ടും കൊടുക്കേണ്ടതാകുന്നു.

(2) മറേറതെങ്കിലും അധിനിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ, ഈ ആക്ററിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകൾ വല്ലതുമുണ്ടെങ്കിൽ അവയിലേയും വ്യവസ്ഥകൾക്ക് വിധേയമായും, മുഖ്യനിയോജകന് തന്നാൽ നേരിട്ട് നിയോജിക്കപ്പെടുന്ന (ഒഴിവാക്കപ്പെട്ട ജോലിക്കാരനല്ലാത്ത) ഒരു ജോലിക്കാരൻെറ സംഗതിയിൽ ജോലിക്കാരനിൽ നിന്ന് ജോലിക്കാരൻെറ അംശദായം അയാളുടെ കൂലിയിൽനിന്നുള്ള കഴിവുവഴിയും മററുവിധത്തിലല്ലാതേയും, വസൂലാക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

എന്നാൽ, ഏതു കാലാവധിയോ, അതിൻെറ ഭാഗമോ സംബന്ധിച്ചാണോ അംശദായം കൊടുക്കേണ്ടത് ആ കാലാവധിയോ, അതിൻെറ ഭാഗമോ സംബന്ധിച്ചല്ലാതേയോ, ജോലിക്കാരൻെറ ആ കാലാവധിക്കുള്ള അംശദായത്തെ പ്രതിനിധാനം ചെയ്യുന്ന തുകയിൽ കവിഞ്ഞോ, അങ്ങനെയുള്ള യാതൊരു കിഴിവും, ചെയ്യാൻ പാടുള്ളതല്ല.

(3) വിപരീതമായ ഏതെങ്കിലും കാൺട്രാക്ററ് ഉണ്ടെന്നിരുന്നാലും, മുഖ്യനിയോജകനോ തൊട്ടു മീതെയുള്ള നിയോജകനോ, നിയോജകൻെറ അംശദായം ജോലിക്കാരന് കൊടുക്കേണ്ട ഏതെങ്കിലും കൂലിയിൽനിന്ന് കിഴിവ് ചെയ്യുകയോ അയാളിൽനിന്ന് മററുവിധത്തിൽ വസൂലാക്കുകയോ ചെയ്യാൻ അവകാശമുണ്ടിയിരിക്കുന്നതല്ല.

(4) ഈ ആക്ററിൻകീഴിൽ, കൂലിയിൽനിന്ന് മുഖ്യനിയോജകൻ കിഴിവ് ചെയ്യുന്ന ഏതെങ്കിലും തുക അയാളെ ജോലിക്കാരൻ, അതു കിഴിവ് ചെയ്തത് എന്ത് അംശദായം സംബന്ധിച്ചാണോ, ആ അംശദായം കൊടുക്കുന്നതിനുവേണ്ടി ഭരമേൽപ്പിച്ചിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു,

(5) അംശദായങ്ങൾ കാർപ്പറേഷന് അയക്കുന്നതിൻെറ ചെലവ് മുഖ്യനിയോജകൻ വഹിക്കേണ്ടതാകുന്നു.

41. തൊട്ടു മീതെയുള്ള നിയോജകനിൽനിന്ന് അംശദായം വസൂലാക്കൽ.—(1) തൊട്ടു മീതെയുള്ള ഒരു നിയോജകനാലോ നിയോജകൻ മുഖേനയോ നിയോജിക്കപ്പെട്ട ഒരു ജോലിക്കാരനെ സംബന്ധിച്ച്, അംശദായം കൊടുത്തിട്ടുള്ള ഒരു മുഖ്യനിയോജകന്, അപ്രകാരം കൊടുത്ത അംശദായത്തുക, (അതായത് നിയോജകന്റെ അംശദായവും, ജോലിക്കാരന്റെ അംശദായം വല്ലതുമുണ്ടെങ്കിൽ അതും) തൊട്ടു മീതേയുള്ള നിയോജകനിൽനിന്ന് അയാൾക്ക് മുഖ്യനിയോജകൻ ഏതെങ്കിലും കാൺട്രാക്ററിൻ കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും തുകയിൽ നിന്നുള്ള കിഴിവുവഴിയോ, തൊട്ടുമീതെയുള്ള നിയോജകൻ തിരിയെ കൊടുക്കേണ്ട കടം പോലെയോ വസൂലാക്കാൻ അവകാശം ഉണ്ടായിരിക്കുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന സംഗതിയിൽ, തൊട്ടു മീതെയുള്ള നിയോജകന്, ജോലിക്കാരന്റെ അംശദായം, താനോ താൻമുഖേനയോ നിയോജിച്ച ജോലിക്കാരനിൽനിന്ന്, കൂലിയിൽ നിന്നുള്ള കിഴിവു വഴിയും മററുവിധത്തിലല്ലാതേയും വസൂലാക്കാൻ അവകാശമുണ്ടായിരിക്കുന്നതും, ഇത് 40-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ പരിമിതി വ്യവസ്ഥയിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

42. അംശദായങ്ങൾ കൊടുക്കുന്നത് സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ.—(1) ജോലിക്കാരന്റെ അംശദായം യാതൊന്നും തന്റെ ശരാശരി ദിവസക്കൂലി ഒരു രൂപ അമ്പതു പൈസയിൽ താഴെയായ ഒരു ജോലിക്കാരനോ അയാൾക്കുവേണ്ടിയോ കൊടുക്കേണ്ടതായിരിക്കുന്നതല്ല.

വിശദീകരണം.—ഒരു ജോലിക്കാരന്റെ ശരാശരി ദിവസക്കൂലി, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ കണക്കാക്കപ്പെടുന്നതാകുന്നു.

(2) അംശദായം (നിയോജകന്റെ അംശദായവും ജോലിക്കാരന്റെ അംശദായവും രണ്ടും) മുഖ്യനിയോജകൻ ഏതു ആഴ്ചയോ അതിന്റെ ഭാഗമോ സംബന്ധിച്ചാണോ ജോലിക്കാരന് കൂലി കൊടുക്കേണ്ടത്, അങ്ങനെയുള്ള ഓരോ ആഴ്ചക്കായും, മററുവിധത്തിലല്ലാതേയും കൊടുക്കേണ്ടതായിരിക്കുന്നതാണ്.

(3) ഒരു ജോലിക്കാരന് ആഴ്ചയുടെ ഒരു ഭാഗത്തിന് കൂലി കൊടുക്കേണ്ടതായിട്ടുള്ളിടത്ത്, നിയോജകൻ നിയോജകന്റെ അംശദായവും ജോലിക്കാരന്റെ അംശദായവും രണ്ടും, ആ ആഴ്ചയ്ക്ക് മുഴുവനും കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും, എന്നാൽ ജോലിക്കാരനിൽനിന്ന്, ജോലിക്കാരന്റെ അംശദായം വസൂലാക്കാൻ നിയോജകന് അവകാശമുണ്ടായിരിക്കുന്നതും ആകുന്നു.

(4)-ം (5)-ം 1966-ലെ 44-ാം നമ്പർ ആക്ററ് 15-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.

43. അംശദായം കൊടുക്കേണ്ട സമ്പ്രദായം.—ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട അംശദായം കൊടുക്കുകയും പിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ചതോ, അതിന് ആനുഷംഗികമായതോ ആയ ഏതെങ്കിലും വിഷയത്തിനായി കാർപ്പറേഷൻ റഗുലേഷനുകൾ ഉണ്ടാക്കാവുന്നതും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ അങ്ങനെയുള്ള റഗുലേഷനുകൾക്ക്

(ക) അംശദായങ്ങൾ കൊടുക്കേണ്ട രീതിക്കും സമയത്തിനും,

(ഖ) അംശദായങ്ങൾ, പുസ്തകത്തിൻമേലോ കാർഡുകളിൻമേലോ ഒട്ടിക്കുന്നതോ പതിക്കുന്നതോ ആയ ഒട്ടുന്നതോ അല്ലാത്തതോ ആയ സ്ററാമ്പുകൾ വഴിയായോ, മററു വിധത്തിലോ കൊടുക്കുന്നതിനും അങ്ങനെയുള്ള സ്ററാമ്പുകൾ ഒട്ടിക്കുകയോ പതിക്കുകയോ ചെയ്യേണ്ടത് ഏതു രീതിയിലും സമയത്തും ഉപാധികൾക്ക് കീഴിലും ആണെന്ന് ക്രമപ്പെടുത്തുന്നതിനും,

(ഖ ഖ) അംശദായം കൊടുത്തിട്ടുള്ളതിന്റെ തെളിവ് കാർപ്പറേഷന് കിട്ടേണ്ടത് ഏതു തീയതിയോടെയാണെന്നുള്ളതിനും,

(ഗ) പുസ്തകങ്ങളിലോ കാർഡുകളിലോ, അവയിൻമേലോ, ആ പുസ്തകങ്ങളോ കാർഡുകളോ ഏതു ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളെ സംബന്ധിച്ചുള്ളതാണോ ആ ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ സംഗതിയിൽ കൊടുത്ത അംശദായങ്ങളുടേയും വിതരണം ചെയ്ത ആനുകൂല്യങ്ങളുടേയും വിവരങ്ങൾ ചേർക്കുന്നതിനും

(ഘ) പുസ്തകങ്ങളുടേയോ കാർഡുകളുടേയോ ഇറക്കലിനും വിൽപ്പനയ്ക്കും സൂക്ഷിപ്പിനും, ഹാജരാക്കലിനും, പരിശോധനയ്ക്കും ഡെലിവറിയ്ക്കും നഷ്ടപ്പെട്ടതോ, നശിപ്പിക്കപ്പെട്ടതോ വിരൂപമാക്കപ്പെട്ടതോ ആയ പുസ്തകങ്ങൾക്കോ കാർഡുകൾക്കോ പകരം പുസ്തകങ്ങളോ, കാർഡുകളോ വയ്ക്കുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതും, ഇത് ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

44. ചില സംഗതികളിൽ നിയോജകർ റിട്ടേണുകൾ നൽകുകയും രജിസ്ററുകൾ വച്ചുപോരുകയും ചെയ്യേണ്ടതാണെന്ന്.—(1) ഏതൊരു മുഖ്യ നിയോജകനും, തൊട്ട് മീതെയുള്ള നിയോജകനും, താൻ നിയോജിക്കുന്നതോ അല്ലെങ്കിൽ ഏതൊരു ഫാക്ടറിയോ സ്ഥാപനമോ സംബന്ധിച്ചാണോ താൻ മുഖ്യ നിയോജകനോ തൊട്ടുമീതെയുള്ള നിയോജകനോ ആയിരിക്കുന്നത്, അങ്ങനെയുള്ള ഫാക്ടറിയിലേക്കോ സ്ഥാപനത്തിലേക്കോ നിയോജിപ്പിക്കപ്പെടുന്നതോ ആയ ആളുകളെ സംബന്ധിച്ച് ഇതിലേക്ക് ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകളിൽ വിനിർദേശിക്കുന്ന വിവരങ്ങൾ അടങ്ങിയതും, അപ്രകാരം വിനിർദേശിക്കുന്ന ഫാറത്തിൽ ഉള്ളതും ആയ അപ്രകാരം വിനിർദേശിക്കുന്ന റിട്ടേണുകൾ കാർപ്പറേഷനോ കാർപ്പറേഷൻ നിദേശിക്കുന്ന അതിന്റെ ഉദ്യോഗസ്ഥനോ സമർപ്പിക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ഫാക്ടറിയോ സ്ഥാപനമോ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻ കീഴിൽ ഒരു റിട്ടേൺ സമർപ്പിക്കേണ്ടതായിരുന്നു എന്നും, എന്നാൽ അപ്രകാരം സമർപ്പിച്ചിട്ടില്ലെന്നും കാർപ്പറേഷന് വിശ്വസിക്കാൻ കാരണങ്ങളുള്ളിടത്ത്, ആ ഫാക്ടറിയോ സ്ഥാപനമോ ഈ ആക്ററ് ബാധകമാകുന്ന ഫാക്ടറിയോ സ്ഥാപനമോ ആണോ എന്ന് തീരുമാനിക്കാൻ കാർപ്പറേഷന് കഴിവുണ്ടാക്കുന്നതിനുവേണ്ടി ആവശ്യകമാണെന്നു കരുതുന്ന വിവരങ്ങൾ നല്കാൻ കാർപ്പറേഷന് ആ ഫാക്ടറിയുടെയോ സ്ഥാപനത്തിന്റേയോ ചാർജ്ജുള്ള ഏതെങ്കിലും ആളോട് ആവശ്യപ്പെടാവുന്നതാണ്.

(3) തന്റെ ഫാക്ടറിയോ സ്ഥാപനമോ സംബന്ധിച്ച് ഏതൊരു മുഖ്യ നിയോജകനും, തൊട്ടുമീതെയുള്ള നിയോജകനും ഇതിലേയ്ക്ക് ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകൾ ആവശ്യപ്പെടുന്ന രജിസ്ററുകളോ റിക്കാർഡുകളോ വച്ചുപോരേണ്ടതാകുന്നു.

45. ഇൻസ്പെക്ടർമാരും അവരുടെ ചുമതലകളും കർത്തവ്യങ്ങളും.—(1) കാർപ്പറേഷന്, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് യുക്തമെന്ന് തോന്നുന്ന ആളുകളെ കാർപ്പറേഷൻ, അവർക്ക് നിശ്ചയിച്ചു കൊടുക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിൽ ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതാണ്.

(2) കാർപ്പറേഷൻ (1)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കുന്ന (ഇതിൽ ഇതിനുശേഷം ഇൻസ്പെക്ടർ എന്ന് പരാമർശിക്കപ്പെടുന്ന) ഏതെങ്കിലും ഇൻസ്പെക്ടർക്കോ, കോർപ്പറേഷൻ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മററു കാർപ്പറേഷൻ ഉദ്യോഗസ്ഥനോ, 44-ാം വകുപ്പിൽ പരാമർശിക്കുന്ന

ഏതെങ്കിലും റിട്ടേണിൽ പ്രസ്താവിച്ചിട്ടുളള വിവരങ്ങളിൽ ഏതെങ്കിലും ശരിയാണോ എന്ന് അന്വേഷണ വിചാരണ ചെയ്യുന്നതിനുവേണ്ടിയോ അല്ലെങ്കിൽ ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിച്ച് പ്രസ്താവിച്ചിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടിയോ—

(ക) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് ആവശ്യകമാണെന്ന് അയാൾ കരുതുന്ന വിവരം നല്കാൻ ഏതെങ്കിലും മുഖ്യ നിയോജകനോടോ തൊട്ടു മീതെയുള്ള നിയോജകനോടോ ആവശ്യപ്പെടുകയോ,

(ഖ) ന്യായമായ ഏതു സമയത്തും അങ്ങനെയുള്ള മുഖ്യനിയോജകൻെറയോ തൊട്ടുമീതെയുളള നിയോജകൻെറയോ കൈവശമുളള ഏതെങ്കിലും ആഫീസിലോ, സ്ഥാപനത്തിലോ, ഫാക്ററിയിലോ മററു കെട്ടിടപരിസരങ്ങളിലോ പ്രവേശിക്കുകയും, അതിൻെറ ചാർജ്ജുള്ളതായി കാണപ്പെടുന്ന ഏതെങ്കിലും ആളോട് അങ്ങനെയുളള ഇൻസ്പെക്ററർക്കോ മററ് ഉദ്യോഗസ്ഥനോ ആളുകളുടെ നിയോജനവും, കൂലികൊടുക്കൽ സംബന്ധിച്ചുളളതും, ആവശ്യകമാണെന്നും അയാൾ കരുതുന്നതുമായ കണക്കുകളും, ബുക്കുകളും മററും രേഖകളും ഹാജരാക്കി കൊടുക്കുകയും അവ പരിശോധിക്കാൻ അയാളെ അനുവദിക്കുകയും ചെയ്യാനോ അല്ലെങ്കിൽ ആവശ്യകമാണെന്ന് അയാൾ കരുതുന്ന വിവരം നല്കാനോ ആവശ്യപ്പെടുകയും ചെയ്യുകയോ,

(ഗ) മുൻപറഞ്ഞ ആവശ്യങ്ങൾക്ക് പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച് മുഖ്യനിയോജകനേയോ തൊട്ടുമീതെയുള്ള നിയോജകനേയോ, അവരിൽ ആരുടെയെങ്കിലും ഏജൻറിനേയോ ഭൃത്യനേയോ, അങ്ങനെയുള്ള ഫാക്ററിയിലോ, സ്ഥാപനത്തിലൊ, ആ ഫീസിലോ മററു കെട്ടിട പരിസരങ്ങളിലോ കാണപ്പെടുന്ന ഏതെങ്കിലും ആളേയോ,ജോലിക്കാരനോ ജോലിക്കാരനായിരുന്നിട്ടുള്ളവനോ ആണെന്ന് മുൻപറഞ്ഞ ഇൻസ്പെക്ററർക്കോ മററ് ഉദ്യോഗസ്ഥനോ വിശ്വസിക്കാൻ ന്യായമായ കാരണമുള്ള ഏതെങ്കിലും ആളേയോ വിസ്തരിക്കുകയോ,

(ഘ) അങ്ങനെയുള്ള ഫാക്ററിയിലോ, സ്ഥാപനത്തിലോ, ആഫീസിലോ, മററ് കെട്ടിടപരിസരങ്ങളിലോ വച്ചുപോരുന്ന ഏതെങ്കിലു രജിസ്ററിൻേറയോ, കണക്കുബുക്കിൻേറയോ മററു രേഖയുടേയോ പകർപ്പ കളോ അവയിൽ നിന്നുള്ള എക്സ്ട്രാക്ററുകളോ എടുക്കുകയോ

(ങ) നിർണ്ണയിക്കുന്ന മററ് അധികാരങ്ങൾ പ്രയോഗിക്കുകയോ ചെയ്യാവുന്നതാണ്.

(3) ഇൻസ്പെക്ററർ, കാർപ്പറേഷൻ പ്രാധികാരപ്പെടുത്തുന്നതോ റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്നതോ ആയ ചുമതലകൾ നിർവ്വഹിക്കുകയും കർത്തവ്യങ്ങൾ അനുഷ്ഠിക്കുകയും ചെയ്യേണ്ടതാകുന്നു.

45.(ക) ചില സംഗതികളിൽ അംശദായങ്ങൾ നിശ്ചയിക്കൽ.—

(1) ഒരു ഫാക്ററിയോ സ്ഥാപനമോ സംബന്ധിച്ച്, 44-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് യാതൊരു റിട്ടേണുകളും സമർപ്പിക്കാതിരിക്കുകയോ യാതൊരു വിവരങ്ങളും നല്കാതിരിക്കുകയോ യാതൊരു രജിസ്ററുകളും അല്ലെങ്കിൽ റിക്കാർഡുകളും വച്ചുപോരാതിരിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ 45-ാം വകുപ്പ്. (2) 'ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും ഇൻസെപെക്ടറേയോ മററു കാർപ്പറേഷൻ ഉദോഗസ്ഥനേയോ 45-ാം വകുപ്പിൻ കീഴിലെ ആളുടെ ചുമതലകൾ നിർവ്വഹിക്കുകയോ, കർത്തവ്യങ്ങൾ നിറവേററുകയോ ചെയ്യുന്നതിൽ മുഖ്യ നിയോജകനോ തൊട്ടുമീതെയുളള നിയോജകനോ മറേറതെങ്കിലും ആളോ തടസപ്പെടുത്തുകയോ ചെയ്യുന്നിടത്ത്, ആഫാക്ററിയിലേയോസ്ഥാപനത്തിലേയോ

ജോലിക്കാരെ സംബന്ധിച്ച് കൊടുക്കേണ്ട അംശദായങ്ങളുടെ തുക, കാർപ്പറേഷന്, അതിന് ലഭ്യമാകുന്ന വിവരത്തിൻെറ അടിസ്ഥാനത്തിൽ ഉത്തരവുവഴി നിശ്ചയിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ കാർപ്പറേഷൻ പുറപ്പെടുവിക്കുന്ന ഉത്തരവ് 75-ാം വകുപ്പിൻ കീഴിലേയോ, അങ്ങനെയുള്ള ഉത്തരവ് നിശ്ചയിക്കുന്ന തുക, 45 ഖ വകുപ്പിൻ കീഴിൽ ഭൂമിക്കര കുടിശ്ശിക എന്ന പോലെ വസൂലാക്കുന്നതിനുവേണ്ടിയുള്ളതോ ആയ, കോർപ്പറേഷൻെറ അവകാശവാദത്തിൻെറ മതിയായ തെളിയിക്കലായി കരുതപ്പെടുന്നതാകുന്നു.

45 (ഖ) അംശദായങ്ങൾ വസൂലാക്കൽ.—ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും അംശദായം, ഭൂമി കരക്കുടിശ്ശികയെന്ന പോലെ വസൂലാക്കാവുക്കതാണ്.

## അദ്ധ്യായം V

## ആനുകൂല്യങ്ങൾ

46. ആനുകൂല്യങ്ങൾ.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, അതതുസംഗതി പോലെ' ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കോ അവരുടെ ആശ്രിതർക്കോ, ഇതിൽ ഇതിനുശേഷം പറയുന്ന ആളുകൾക്കോ താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ് അതായത്:—

(ക) ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്ക് സുഖക്കേടുണ്ടാവുകയും, അതുമുറപ്രകാരം നിയമിക്കപ്പെട്ട ഒരു ചികിൽസകനോ അല്ലെങ്കിൽ കാർപ്പറേഷൻ ഇതിലേയ്ക്ക് റഗുലേഷനുകൾ വഴി വിനിർദ്ദേശിക്കുന്ന യോഗ്യതകളും പരിചയവും ഉള്ള ഏതെങ്കിലും ആളോ സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നതായാൽ, അയാൾക്ക് ആനുകാലികമായി പണം കിട്ടുന്നത്, (ഇതിനുശേഷം സുഖക്കേട് ആനുകൂല്യം എന്ന് പരാമർശിക്കപ്പെടുന്നത്,)

(ഖ) ഇൻഷ്വർ ചെയ്യപ്പെട്ട ഒരു സ്ത്രീയ്ക്ക് പ്രസവാവസ്ഥയോ ഗർഭമലസലോ, അല്ലെങ്കിൽ ഗർഭാവസ്ഥയിൽ നിന്നോ, പ്രസവാവസ്ഥയിൽ നിന്നോ, കാലമാകുന്നതിനുമുമ്പ് കുട്ടി ജനിക്കുന്നതിൽനിന്നോ ഗർഭമലസലിൽ നിന്നോ ഉൽഭവിക്കുന്ന സുഖക്കേടോ ഉണ്ടാവുകയും, അങ്ങനെയുള്ള സ്ത്രീയ്ക്ക് ആനുകാലികമായി പണം കിട്ടാൻ അർഹതയുമുണ്ടെന്ന് റഗുലേഷനുകൾ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്നഅധികാരസ്ഥാനം സർട്ടിഫൈചെയ്യുകയും ചെയ്യുന്നതായാൽ, അങ്ങനെ പണം കിട്ടുന്നത്—(ഇതിനുശേഷം പ്രസവകാലാനുകൂല്യം എന്ന് പരാമർശിക്കപ്പെടുന്നത്),

(ഗ) ഈ ആക്ററിൻ കീഴിൽ ജോലിക്കാരൻ എന്ന നിലയിൽ തനിക്ക് നേരിടുന്ന ഒരു നിയോജകക്ഷതിയുടെ ഫലമായി അവശനാക്കപ്പെടുകയും, ആനുകാലികമായി പണം കിട്ടാൻ അർഹതയുണ്ടെന്ന് റഗുലേഷനുകൾ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനം സർട്ടിഫൈചെയ്യുകയുംചെയ്യുന്ന ഒരു ഇൻഷ്വർ ചെയ്യപ്പെട്ടയാൾക്കും അങ്ങനെ പണം കിട്ടുന്നത് (ഇതിൽ ഇതിനുശേഷം അവശനാക്കപ്പെടൽ-ആനുകൂല്യം എന്ന് പരാമർശിക്കപ്പെുന്നത്),

(ഘ) ഈ ആക്ററിൻ കീഴിൽ ഒരു ജോലിക്കാരൻ എന്ന നിലയിൽ തനിക്ക് നേരിടുന്ന ഒരു നിയോജകക്ഷതിയുടെ ഫലമായി മരിച്ചുപോകുന്ന ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ ആശ്രിതർ, ഏതത് ആശ്രിതർക്കാണോ ഈ ആക്ററിൻ കീഴിൽ നഷ്ടപരിഹാരത്തിന് അവകാശമുള്ളത്, ആ ആശ്രിതർക്ക് ആനുകാലികമായി പണം കിട്ടുന്നത് (ഇതിൽ ഇതിനുശേഷം ആശ്രിതൻെറ ആനുകൂല്യം എന്ന് പരാമർശിക്കപ്പെടുന്നത്).

(ങ) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കുള്ള വൈദ്യ ചികിൽസയും വൈദ്യസഹായവും (ഇതിൽ ഇതിനുശേഷം ചികിൽസാനുകൂല്യം എന്ന് പരാമർശിക്കപ്പെടുന്നത്).

(ച) മരിച്ചുപോയിട്ടുള്ള ഒരു ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ കുടുംബത്തിലെ അതിജീവിച്ചിരിപ്പുള്ളവരിലെ ഏററവും പ്രായം കൂടിയ അംഗത്തിന് മരിച്ചുപോയ-ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ ശവസംസ്കാരച്ചെലവിലേക്ക് അല്ലെങ്കിൽ ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്ക് കുടുംബം ഉണ്ടായിരുന്നില്ലെന്നുള്ളിടത്തോ അയാൾ, തന്റെ മരണസമയത്ത് തന്റെ കുടുംബത്തോടൊപ്പമല്ല ജീവിച്ചിരുന്നതെന്നുള്ളിടത്തോ മരിച്ചുപോയ ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ ശവസംസ്കാരച്ചെലവുകൾ യഥാർത്ഥത്തിൽ നേരിടുന്ന ആൾക്ക് പണം കിട്ടുന്നത് (ശവസംസ്കാര ആനുകൂല്യം എന്ന് പറയപ്പെടുന്നത്.)

എന്നാൽ അങ്ങനെ കിട്ടുന്ന പണത്തിന്റെ തുക നൂറു രൂപയിൽ കവിയാൻ പാടില്ലാത്തതും, അങ്ങനെ പണം കിട്ടുന്നതിനുള്ള അവകാശവാദം, ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ മരണത്തിന്റെ മൂന്നുമാസത്തിനുള്ളിലോ, അല്ലെങ്കിൽ കാർപ്പറേഷനോ കാർപ്പറേഷൻ ഇതിലേയ്ക്കു പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ അനുവദിക്കുന്ന നീട്ടികൊടുത്ത കാലാവധിക്കുള്ളിലോ കൊടുക്കേണ്ടതും ആകുന്നു.

(2) കാർപ്പറേഷന്, സമുചിതഗവൺമെന്റിന്റെ അപേക്ഷയിൻമേലു' റഗുലേഷനുകളിൽ പ്രതിപാദിക്കുന്ന ഉപാധികൾക്ക് വിധേയമായും, ചികിൽസാനുകൂല്യങ്ങൾ ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ കുടുംബത്തേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണ്.

47. സുഖക്കേട്— ആനുകൂല്യത്തിന് ഒരാൾക്ക് അർഹതയുള്ളത് എപ്പോഴാണെന്ന്— ഒരാൾക്ക് ഏതെങ്കിലും ആനുകൂല്യകാലാവധിയിൽ ഉണ്ടാകുന്ന സുഖക്കേടിന്, സുഖക്കേട്-ആനുകൂല്യം അവകാശപ്പെടാൻ സമാന്തരം അംശദായകാലാവധിയിൽ അയാളെ സംബന്ധിച്ചിട്ടുള്ള പ്രതിവാര അംശദായങ്ങൾ പതിമൂന്ന് ആഴ്ചയിൽ കുറയാത്ത കാലത്തേയ്ക്ക് കൊടുക്കേണ്ടതായിരുന്നു എങ്കിൽ യോഗ്യതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ, ഒരാൾക്ക് ആദ്യത്തെ ആനുകൂല്യകാലാവധിയിൽ ഉണ്ടാകുന്ന സുഖക്കേടിന്, സുഖക്കേട് ആനുകൂല്യം അവകാശപ്പെടാൻ, സമാന്തര അംശദായകാലാവധിയിൽ അയാളെ സംബന്ധിച്ചുള്ള പ്രതിവാര അംശദായങ്ങൾ ആ കാലാവധിയിൽ അവസാനിക്കുന്ന, ആ അംശദായകാലാവധിയിലെ ആഴ്ചകളുടെ പകുതിയെണ്ണത്തിൽ കുറയാത്ത കാലത്തേയ്ക്ക് കൊടുക്കേണ്ടതായിരുന്നു എങ്കിൽ യോഗ്യതയുണ്ടായിരിക്കുന്നതാണ്.

48. [1966-ലെ 41-ാം നമ്പർ ആക്ററ് 20-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു]

49. സുഖക്കേട് ആനുകൂല്യം— 47-ാം വകുപ്പ് അനുസരിച്ച് സുഖക്കേട് ആനുകൂല്യം അവകാശപ്പെടാൻ യോഗ്യതയുള്ള ഒരാൾക്ക് അങ്ങനെയുള്ള ആനുകൂല്യം അയാളുടെ സുഖക്കേട് കാലത്തേയ്ക്ക് ഒന്നാം പട്ടികയിൽ വിനിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതും, ഇത് ഈ ആക്ററിലെ വ്യവസ്ഥകൾക്കും, റഗുലേഷനുകൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്കും വിധേയമായിരിക്കുന്നതും ആകുന്നു:

എന്നാൽ, അയാൾക്ക് ആ ആനുകൂല്യത്തിന് സുഖക്കേടു കാലത്തിന്റെ ആദ്യത്തെ രണ്ടുദിവസത്തേയ്ക്ക് ഏതു സുഖക്കേടുബാധയ്ക്ക് ആണോ സുഖക്കേട് ആനുകൂല്യം ഒടുവിൽ കൊടുത്തത്, ആ സുഖക്കേടു ബാധക്കു

പതിനഞ്ചു ദിവസത്തിൽ കവിയാത്ത ഇടവേള വിട്ടു പുറകെവരുന്ന ഒരു സുഖക്കേടുബാധയുടെ സംഗതിയിലൊഴികെ, അവകാശമുണ്ടായിരിക്കുന്നതല്ല.

എന്നുമാത്രമല്ല, ഏതെങ്കിലും ആൾക്ക് ഏതെങ്കിലും രണ്ടു തുടർച്ചയായുള്ള ആനുകൂല്യ കാലാവധികളിൽ, അമ്പത്താറിലധികം ദിവസത്തേയ്ക്ക് സുഖക്കേടു ആനുകൂല്യം കൊടുക്കാൻ പാടുള്ളതല്ല.

50. <u>പ്രസവകാലാനുകൂല്യം</u>—(1) ഇൻഷ്വർ ചെയ്യപ്പെട്ട ഒരു സ്ത്രീയ്ക്ക് ഒരു ആനുകൂല്യ കാലാവധിയിൽ ഉണ്ടാകുന്നതോ, ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നതോ ആയ ഒരു പ്രസവാവസ്ഥയ്ക്ക് പ്രസവകാലാനുകൂല്യം അവകാശപ്പെടാൻ സമാന്തരമായ അംശദായകാലാവധിയിൽ അവളെ സംബന്ധിച്ചുള്ള പ്രതിവാര-അംശദായങ്ങൾ പതിമൂന്ന് ആഴ്ചയിൽ കുറയാത്ത കാലത്തേയ്ക്കു കൊടുക്കേണ്ടതായിരുന്നു എങ്കിൽ, യോഗ്യത ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ, ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീയ്ക്ക്, ആദ്യത്തെ ആനുകൂല്യ കാലാവധിയിൽ ഉണ്ടാകുന്നതോ, ഉണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നതോ ആയ പ്രസവാവസ്ഥയ്ക്ക് പ്രസവകാലാനുകൂല്യം അവകാശപ്പെടാൻ സമാന്തര അംശദായകാലാവധിയിൽ അവളെ സംബന്ധിച്ചുള്ള പ്രതിവാര അംശദായങ്ങൾ ആ കാലാവധിയിൽ അവസാനിക്കുന്ന ആ അംശദായകാലാവധിയിലെ ആഴ്ചകളുടെ പകുതി എണ്ണത്തിൽ കുറയാത്ത കാലത്തേയ്ക്ക് കൊടുക്കേണ്ടതായിരുന്നു എങ്കിൽ യോഗ്യത ഉണ്ടായിരിക്കുന്നതാണ്.

(2) 1-ാം ഉപവകുപ്പനുസരിച്ച് പ്രസവകാലാനുകൂല്യം അവകാശപ്പെടാൻ യോഗ്യതയുള്ള ഒരു സ്ത്രീക്ക് അത്, ആറു ആഴ്ചയിലധികാ പ്രസവാവസ്ഥയുടെ പ്രതീക്ഷിക്കപ്പെടുന്ന തീയതിക്ക് മുമ്പുള്ളതല്ലാത്ത ഒരു പന്ത്രണ്ടാഴ്ചകാലത്തിനുള്ളിൽ അവൾ വേതനത്തിനു പ്രവൃത്തി ചെയ്യാതിരിക്കുന്ന എല്ലാദിവസങ്ങൾക്കും, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ദിവസ നിരക്കിൽ കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതും ഇതു ഈ ആക്ററിലെ വ്യവസ്ഥകൾക്കും, റഗുലേഷനുകൾ വല്ലതും ഉണ്ടെങ്കിൽ അവയ്ക്കും വിധേയമായിരിക്കുന്നതും ആകുന്നു:

എന്നാൽ, ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീ, തന്റെ പ്രസവാവസ്ഥയിലോ, അല്ലെങ്കിൽ തനിയ്ക്കു പ്രസവകാലാനുകൂല്യത്തിന് അവകാശമുള്ളതും, തന്റെ പ്രസവാവസ്ഥയ്ക്ക് തൊട്ടുപിമ്പുവരുന്നതുമായ ആറ് ആഴ്ചക്കാലത്തോ, രണ്ടിലേതു സംഗതിയിലും, കുട്ടി ശേഷിച്ചിരിക്കെ മരിച്ചുപോകുന്നിടത്ത്, പ്രസവകാലാനുകൂല്യം ആ മുഴുവൻ കാലത്തേക്കും, എന്നാൽ മുൻപറഞ്ഞകാലത്തിനുള്ളിൽ കുട്ടിയും മരിക്കുന്നുവെങ്കിൽ, കുട്ടിയുടെ മരണദിവസം ഉൾപ്പെടെ അതുവരെയുള്ള ദിവസങ്ങൾക്കും ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീയാൽ റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ, നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആൾക്കും, അങ്ങനെയുള്ള നിർദ്ദിഷ്ടനാമാവ് ഇല്ലെങ്കിൽ, അവളുടെ നിമാനുസൃത പ്രതിനിധിക്കും കൊടുക്കേണ്ടതാകുന്നു.

(3) (1ാം) ഉപവകുപ്പനുസരിച്ച് പ്രസവകാലാനുകൂല്യം അവകാശപ്പെടാൻ യോഗ്യതയുള്ള ഒരു ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീക്ക്, ഗർഭമലസലിന്റെ സംഗതിയിൽ, റഗുലേഷനുകൾക്ക് കീഴിൽ ആവശ്യപ്പെടുന്ന തെളിവ് ഹാജരാക്കുന്നതിൻമേൽ അവളുടെ ഗർഭമലസൽ തീയതിക്ക് തൊട്ടുപിമ്പു വരുന്ന ആറ് ആഴ്ചക്കാലത്തിനുള്ളിൽ അവൾ വേതനത്തിനു പ്രവൃത്തി ചെയ്യാതിരിക്കുന്ന എല്ലാ ദിവസങ്ങൾക്കും, ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന നിരക്കിൽ പ്രസവകാലാനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പനുസരിച്ച് പ്രസവകാലാനുകൂല്യം അവകാശപ്പെടാൻ യോഗ്യതയുള്ള ഒരു ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീയ്ക്ക് ഗർഭാവസ്ഥയിൽ നിന്നോ പ്രസവാവസ്ഥയിൽനിന്നോ കാലമാകുന്നതിനുമുമ്പ് കുട്ടി ജനിക്കുന്നതിൽനിന്നോ, ഗർഭമലസലിൽ നിന്നോ ഉദ്ഭവിക്കുന്ന സുഖക്കേടിന്റെ സംഗതിയിൽ, റഗുലേഷനുകൾക്കു കീഴിൽ ആവശ്യപ്പെടുന്ന തെളിവ് ഹാജരാക്കുന്നതിൻമേൽ, അവൾ വേതനത്തിനു പ്രവൃത്തി ചെയ്യാതിരിക്കുന്ന എല്ലാ ദിവസങ്ങൾക്കും, ഈ ആക്ററിലെ മറേറതെങ്കിലും വ്യവസ്ഥകൾക്കു കീഴിൽ അവൾക്ക് കിട്ടേണ്ട പ്രസവകാലാനുകൂല്യത്തിനു പുറമെ, ഒരു മാസത്തിൽ കവിയാത്ത ഒരു കൂടുതൽ കാലത്തിനുള്ളിൽ, അവൾ വേതനത്തിന് പ്രവൃത്തി ചെയ്യാതിരിക്കുന്ന എല്ലാ ദിവസങ്ങൾക്കും ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന നിരക്കിൽ പ്രസവകാലാനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

51 അവശനാക്കപ്പെടൽ ആനുകൂല്യം— ഈ ആക്ററിലെ വ്യവസ്ഥകൾക്കും റഗുലേഷനുകൾ വല്ലതും ഉണ്ടെങ്കിൽ അവയ്ക്കും, വിധേയമായി

(ക) അപകടത്തിന്റെ ദിവസം ഒഴിച്ചുനിറുത്തി മൂന്നുദിവസത്തിൽ കുറയാത്ത കാലത്തേയ്ക്കു താത്കാലികമായ അവശനാക്കപ്പെടൽ നേരിടുന്ന ഒരാൾക്ക് അങ്ങനെ അവഗണിക്കപ്പെടുന്ന കാലത്തേയ്ക്ക് ഒന്നാം പട്ടികയിലെ വ്യവസ്ഥകളനുസരിച്ച് ആനുകാലികമായി പണം കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതും.

(ഖ) എന്നന്നേക്കുമായുള്ള അവശനാക്കപ്പെടൽ, അത് പൂർണ്ണമോ ഭാഗികമോ ആയാലും, നേരിടുന്ന ഒരാൾക്ക് അങ്ങനെയുള്ള അവശനാക്കപ്പെടലിനു ഒന്നാം പട്ടികയിലെ വ്യവസ്ഥകളനുസരിച്ച് ആനുകാലികമായി പണം കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതും.

ആകുന്നു.

എന്നാൽ, എന്നന്നേക്കുമായുള്ള അവശനാക്കപ്പെടൽ, അത് പൂർണ്ണമോ ഭാഗികമോ ആയാലും, ഒരു ക്ലിപ്ത കാലത്തേയ്ക്ക് താത്കാലികമായോ അന്തിമമായോ മതിക്കപ്പെട്ടിട്ടുള്ളിടത്ത്, ഈ ഖണ്ഡത്തിൽ കീഴിൽ വ്യവസ്ഥ ചെയ്യുന്ന ആനുകൂല്യം, അതതു സംഗതി പോലെ, ആ ക്ലിപ്തകാലത്തേയ്ക്കോ, ആജീവനാന്തമോ കൊടുക്കേണ്ടതാകുന്നു.

51 ക. നിയോജനത്തിനിടയിൽ ഉത്ഭവിക്കുന്ന അപകടംസംബന്ധിച്ച അനുമാനം— ഒരു ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ നിയോജനത്തിനിടയിൽ ഉത്ഭവിക്കുന്ന അപകടം, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് വിപരീതമായ തെളിവിന്റെ അഭാവത്തിൽ, ആ നിയോജനത്തിൽനിന്ന് ഉത്ഭവിച്ചതുംകൂടിയായി കരുതപ്പെടുന്നതാകുന്നു.

51 ഖ. റഗുലേഷനുകൾ മുതലായവ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ— ഒരു അപകടം, അപകടസമയത്ത്, ഒരു ഇൻഷ്വർ ചെയ്യപ്പെട്ട ആൾ തനിക്ക് ബാധകമാകുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളോ, തന്റെ നിയോജകനോ നിയോജകനുവേണ്ടിയോ നൽകുന്ന ഏതെങ്കിലും ഉത്തരവുകളൊ ഉല്ലംഘിച്ചുകൊണ്ടു പ്രവർത്തിക്കുകയോ, അല്ലെങ്കിൽ തന്റെ നിയോജകനിൽനിന്നുള്ള ആദേശങ്ങൾ കൂടാതെ പ്രവർത്തിക്കുകയോ, ചെയ്യുകയാണെന്നിരുന്നാലും,—

(ക) ആ പ്രവൃത്തി, അതതു സംഗതി പോലെ 'മുൻപറഞ്ഞവിധം ഉല്ലംഘിച്ചുകൊണ്ടോ, തന്റെ നിയോജകനിൽ നിന്നുള്ള ആദേശങ്ങൾ കൂടാതെയൊ ചെയ്തിട്ടുണ്ടായിരുന്നില്ലെങ്കിൽ അപകടം അയാളുടെ നിയോജനത്തിൽനിന്നും അതിനിടയിലും ഉത്ഭവിച്ചിട്ടുള്ളതായി കരുതപ്പെടുമായിരുന്നിരിക്കയും,

(ഖ) ആ പ്രവൃത്തി ചെയ്യുന്നത് നിയോജകന്റെ വ്യാപാരത്തിനേ ബിസിനസിനോ വേണ്ടിയും, അത് സംബന്ധിച്ച് ആയിരിക്കുകയും,

ചെയ്യുന്നുവെങ്കിൽ അയാളുടെ നിയോജനത്തിൽനിന്നും അതിനിടയിലും ഉത്ഭവിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

51ഗ. നിയോജകന്റെ വാഹനത്തിൽ യാത്രചെയ്യുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ.—(1) ഇൻഷ്വർ ചെയ്യപ്പെട്ട ആൾ, തന്റെ നിയോജകന്റെ പ്രകടമോ വ്യംഗ്യമോ ആയ അനുവാദത്തോടുകൂടി ഏതെങ്കിലും വാഹനത്തിൽ, തന്റെ പ്രവൃത്തി സ്ഥലത്തേക്കോ അവിടെനിന്നോ യാത്രക്കാരനായി യാത്ര ചെയ്യുമ്പോൾ സംഭവിക്കുന്ന ഒരു അപകടം, ആ വാഹനത്തിൽ യാത്ര ചെയ്യാൻ തന്റെ നിയോജകനോടു തനിക്കു യാതൊരു കടപ്പാടും ഇല്ലെന്നിരുന്നാലും,—

(ക) അയാൾക്ക് അങ്ങനെയുള്ള കടപ്പാടുണ്ടായിരുന്നുവെങ്കിൽ, അയാളുടെ അപകടം അയാളുടെ നിയോജനത്തിന്നും അതിനിടയിലും ഉൽഭവിച്ചിട്ടുള്ളതായി കരുതപ്പെടുമായിരുന്നിരിക്കുകയും,

(ഖ) അപകടസമയത്ത്, ആ വാഹനം—

(i) അയാളുടെ നിയോജകനോ നിയോജകനുവേണ്ടിയോ, അല്ലെങ്കിൽ നിയോജകനുമായി ചെയ്തിട്ടുള്ള ഏർപ്പാട് അനുസരിച്ച് അത് ഏർപ്പെടുത്തിക്കൊടുത്തിട്ടുള്ള മറേറതെങ്കിലും ആളോ, അയാൾക്കുവേണ്ടിയോ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയും,

(ii) പൊതുപരിവഹണ സർവ്വീസിന്റെ സാധാരണ ഗതിയിൽ പ്രവർത്തിപ്പിക്കുകയല്ലാതിരിക്കുകയും

ചെയ്യുന്നുവെങ്കിൽ, അയാളുടെ നിയോജനത്തിൻനിന്നും അതിനിടയിലും ഉത്ഭവിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

(2) ഈ വകുപ്പിൽ "വാഹനം" എന്നതിൽ, ജലയാനവും വ്യോമയാനവും ഉൾപ്പെടുന്നു.

51. (ഘ) അടിയന്തരാവസ്ഥ നേരിടുമ്പോൾ സംഭവിക്കുന്ന അപകടങ്ങൾ.—ഒരു ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്ക് നിയോജകന്റെ വ്യാപാരത്തിന്നോ, ബിസിനസിനോ വേണ്ടി താൻ തൽസമയം നിയോജിപ്പിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ ചുററുമോ സംഭവിക്കുന്ന അപകടം, ആ കെട്ടിടപരിസരത്തിലെ യഥാർത്ഥമോ സങ്കല്പിതമോ ആയ ഒരു അടിയന്തരാവസ്ഥയിൻമേൽ ക്ഷതി ഉളവായവരോ ആപത്തിൽ പെട്ടവരോ ആയിട്ടുള്ളവരോ ആണെന്ന് അല്ലെങ്കിൽ ആയിരിക്കാൻ സാദ്ധ്യതയുണ്ടെന്നു വിചാരിക്കപ്പെടുന്നവരോ ആയ ആളുകളെ രക്ഷപ്പെടുത്താനോ അവരുടെ സഹായത്തിന് എത്താനോ അവർക്ക് രക്ഷണം നൽകാനോ അല്ലെങ്കിൽ വസ്തുവിന് ഗുരുവായ നാശനഷ്ടം ഒഴിവാക്കാനോ, ഏററവും കുറയ്ക്കാനോ, താൻ നടപടി എടുത്തുകൊണ്ടിരിക്കുമ്പോൾ സംഭവിക്കുന്നതാണെങ്കിൽ, അത് അയാളുടെ നിയോജനത്തിൽനിന്നും നിയോജനത്തിനിടയിലും ഉത്ഭവിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

52. ആശ്രിതരുടെ ആനുകൂല്യം.—(1) ഇൻഷ്വർ ചെയ്യപ്പെട്ട ആൾ ഈ ആക്ററിൻ കീഴിൽ ഒരു ജോലിക്കാരൻ എന്ന നിലയിൽ തനിക്കു നേരിടുന്ന ഒരു നിയോജനക്ഷതിയുടെ ഫലമായി മരിച്ചുപോകുന്നു എങ്കിൽ, (അയാൾക്ക് ക്ഷതി സംബന്ധിച്ച് താൽക്കാലികമായ അവശനാക്കലിനു ഏതെങ്കിലും ആനുകാലികത്തുക കിട്ടിക്കൊണ്ടിരുന്നാലും ഇല്ലെങ്കിലും) 2-ാം വകുപ്പ് (6ക) ഖണ്ഡത്തിലെ (i)-ാം ഉപഖണ്ഡത്തിലും (ii)-ാം ഉപഖണ്ഡത്തിലും വിനിർദേശിക്കുന്ന അയാളുടെ ആശ്രിതർക്ക് ഒന്നാം പട്ടികയിലെ വ്യവസ്ഥകളനുസരിച്ച് ആശ്രിതരുടെ ആനുകൂല്യം കൊടുക്കേണ്ടതായിരിക്കുന്നതാണ്.

(2) ഇൻഷ്വർ ചെയ്യപ്പെട്ട ആരം മുൻപറഞ്ഞതുപോലെയുള്ള ആശ്രിതർ ശേഷിച്ചിരിക്കാതെ മരിച്ചുപോകുന്ന സംഗതിയിൽ, ആശ്രിതരുടെ ആനുകൂല്യം മരിച്ചുപോയ ആളുടെ മററ് ആശ്രിതർക്ക് ഒന്നാം പട്ടികയിലെ വ്യവസ്ഥകളനുസരിച്ച് കൊടുക്കേണ്ടതാകുന്നു.

52 ക. ജീവികാജന്യ രോഗം.—(1) മൂന്നാംപട്ടികയിലെ ക ഭാഗത്തിൽ വിനിർദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിന് നിയോജിക്കപ്പെടുന്ന ജോലിക്കാരന്, ആ നിയോജനത്തിന് പ്രത്യേകമായുള്ള ജീവികാജന്യരോഗമായി അതിൽ വിനിർദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുകയോ, അല്ലെങ്കിൽ ആ പട്ടികയിലെ ഖ ഭാഗത്തിൽ വിനിർദേശിക്കുന്ന നിയോജനത്തിൽ തുടർച്ചയായുള്ള ആറുമാസത്തിൽ കുറയാത്ത കാലം നിയോജിക്കപ്പെടുന്ന ജോലിക്കാരന് ആ നിയോജനത്തിന് പ്രത്യേകമായുള്ള ജീവികാജന്യരോഗമായി അതിൽ വിനിർദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുകയോ, അല്ലെങ്കിൽ, ആ പട്ടികയിലെ ഗ ഭാഗത്തിൽ വിനിർദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ അങ്ങനെയുള്ള ഓരോ നിയോജനം സംബന്ധിച്ചും കാർപ്പറേഷൻ വിനിർദേശിക്കുന്ന തുടർച്ചയായുള്ള കാലം നിയോജിക്കപ്പെടുന്ന ജോലിക്കാരന് ആ നിയോജനത്തിന് പ്രത്യേകമായുള്ള ജീവികാജന്യരോഗമായി അതിൽ വിനിർദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ രോഗം ബാധിക്കുന്നത്, വിപരീതമായത് തെളിയിക്കാത്തപക്ഷം, നിയോജനത്തിൽ നിന്നും അതിനിടയിലും ഉൽഭവിക്കുന്ന നിയോജനക്ഷതിയായി കരുതപ്പെടുന്നതാകുന്നു.

(2) (i) അതതു സംഗതിപോലെ, കേന്ദ്ര ഗവൺമെൻേറാ, സ്റേററു ഗവൺമെൻേറാ, തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്ററ് 1923-ലെ III-ാം പട്ടികയിൽ വിനിർദേശിക്കുന്ന നിയോജനങ്ങളോട് ആ ആക്ററിലെ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു കീഴിൽ, അതിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അധികാരങ്ങളുടെ ബലത്തിൽ ഏതെങ്കിലും വിവരണത്തിലുള്ള നിയോജനം കൂട്ടിച്ചേർക്കുന്നിടത്ത്, ആ വിവരണത്തിലുള്ള നിയോജനവും ആ വിവരണത്തിനുള്ള നിയോജനത്തിനു പ്രത്യേകമായുള്ളതായി, ആ ഉപവകുപ്പിൻ കീഴിൽ വിനിർദേശിക്കുന്ന ജീവികാജന്യ രോഗങ്ങളും 3-ാം പട്ടികയുടെ ഭാഗമായി തീരുന്നതായി കരുതപ്പെടുന്നതാകുന്നു.

(ii) കാർപ്പറേഷന് ഏതെങ്കിലും വിവരണത്തിലുള്ള നിയോജനം ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, മൂന്നാം പട്ടികയിൽ വിനിർദേശിക്കുന്നനിയോജനങ്ങളോടുകൂടി കൂട്ടിച്ചേർക്കാനുള്ള അതിൻെറ ഉദ്ദേശത്തെക്കുറിച്ച് സദൃശവിജ്ഞാപനം വഴി, മൂന്നുമാസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകിയതിനുശേഷം അപ്രകാരം ചെയ്യാവുന്നതും, അങ്ങനെ കൂട്ടിച്ചേർക്കുന്ന നിയോജനങ്ങളുടെ സംഗതിയിൽ ഈ വകുപ്പിൻെറ ആവശ്യങ്ങരംക്ക് യഥാക്രമം ആ നിയോജനങ്ങരംക്ക് പ്രത്യേകമായുള്ള ജീവികാജന്യ രോഗങ്ങരം ആയി കരുതപ്പെടുന്ന രോഗങ്ങരം ഏതാണെന്നു കാർപ്പറേഷൻ വിനിർദേശിക്കേണ്ടതും, അതോടെ ഈ ആക്ററിലെ വ്യവസ്ഥകരം, അങ്ങനെയുള്ള രോഗങ്ങരം ആ നിയോജനങ്ങരംക്ക് പ്രത്യേകമായുള്ള ജീവികാജന്യ രോഗങ്ങളായി ഈ ആക്ററിനാൽ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ ബാധകമാകുന്നതും, ഇത് (i)-ാം ഖണ്ഡത്തിലെ വ്യവസ്ഥകരംക്ക് ഭംഗം വരാത്തവിധമായിരിക്കുന്നതും ആകുന്നു.

(3) (1)-ം (2)-ം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ജോലിക്കാരന് ഏതെങ്കിലും രോഗം സംബന്ധിച്ച്, ആ രോഗം

അയാളുടെ നിയോജനത്തിൽനിന്നും അതിനിടയിലും ഉത്ഭവിച്ച അപകടത്താലുള്ള ഒരു പ്രത്യേക ക്ഷതിയാൽ ഉണ്ടായതാണെന്നു നേരിട്ട് കല്പിക്കപ്പെടാവുന്നതല്ലാത്തപക്ഷം, യാതൊരു ആനുകൂല്യവും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

(4) 51ക വകുപ്പിലെ വ്യവസ്ഥകൾ, ഈ വകുപ്പു ബാധകമാകുന്ന സംഗതികൾക്ക് ബാധകമായിരിക്കുന്നതല്ല.

53. മറ്റേതെങ്കിലും നിയമത്തിൻകീഴിൽ നഷ്ടപരിഹാരമോ നഷ്ടമോ ലഭിക്കുകയോ വസൂലാക്കുകയോ ചെയ്യുന്നതിനുള്ള തടസ്സം.— ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്കോ, അയാളുടെ ആശ്രിതർക്കോ, ഈ ആക്ററിൻകീഴിൽ ജോലിക്കാരൻ എന്ന നിലയിൽ ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്ക് നേരിടുന്ന ഒരു നിയോജനക്ഷതി സംബന്ധിച്ച് ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ നിയോജകനിൽനിന്നോ മറേറതെങ്കിലും ആളിൽനിന്നോ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്ററ്, 1923 (1923-ലെ 8)-ൻ കീഴിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻകീഴിലോ, മററു പ്രകാരത്തിലോ ഏതെങ്കിലും നഷ്ടപരിഹാരമോ നഷ്ടമോ ലഭിക്കാനോ വസൂലാക്കാനോ അവകാശമുണ്ടായിരിക്കുന്നതല്ല.

54. അവശനാക്കപ്പെടൽ പ്രശ്നത്തിന്റെ തീരുമാനം.—(ക) പ്രസക്തമായ അപകടം, എന്നന്നേക്കുമായ അവശനാക്കപ്പെടലിൽ പരിണമിച്ചിട്ടുണ്ടോ എന്നോ,

(ഖ) സമ്പാദിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടതിന്റെ വ്യാപ്തി, താൽക്കാലികമായോ അന്തിമമായോ മതിക്കാൻ കഴിയുമോ എന്നോ,

(ഗ) സമ്പാദിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടതിന്റെ അനുപാതത്തിന്റെ മതിപ്പ് താൽക്കാലികമാണോ അന്തിമമാണോ എന്നോ,

(ഘ) താൽക്കാലിക മതിപ്പിന്റെ സംഗതിയിൽ, അങ്ങനെയുള്ള മതിപ്പു ബലത്തിലിരിക്കുന്ന കാലം എത്രയാണെന്നോ, ഉള്ള ഏതെങ്കിലും പ്രശ്നം, റഗുലേഷനുകളിലെ വ്യവസ്ഥകളനുസരിച്ച് ഏർപ്പെടുത്തുന്ന മെഡിക്കൽ ബോർഡിനാൽ തീരുമാനിക്കപ്പെടുന്നതും, അങ്ങനെയുള്ള ഏതെങ്കിലും പ്രശ്നം, ഇതിനുശേഷം "അവശനാക്കപ്പെടൽ പ്രശ്നം" എന്ന് പരാമർശിക്കപ്പെടുന്നതും ആകുന്നു.

54ക. മെഡിക്കൽ ബോർഡുകളിലേക്കുള്ള റഫറൻസുകളും മെഡിക്കൽ അപ്പീൽ ട്രിബ്യുണലുകളിലേക്കും ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതികളിലേക്കും ഉള്ള അപ്പീലുകളും.—(1) എന്നന്നേക്കുമായ അവശനാക്കപ്പെടൽ ആനുകൂല്യത്തിനുള്ള ഏതെങ്കിലും ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ കേസ് കാർപ്പറേഷൻ, അവശനാക്കപ്പെടൽ പ്രശ്നത്തിന്റെ തീരുമാനത്തിനായി ഒരു മെഡിക്കൽ ബോർഡിലേക്ക് റഫർ ചെയ്യേണ്ടതും, ആ റഫറൻസിൻമേലോ പിന്നീടുള്ള ഏതെങ്കിലും റഫറൻസിൻമേലോ, ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ സമ്പാദിക്കാനുള്ള കഴിവിന്റെ നഷ്ടവ്യാപ്തി താൽക്കാലികമായി മതിക്കപ്പെടുന്നുവെങ്കിൽ, ആ താൽക്കാലികമതിപ്പ് കണക്കിലെടുത്ത കാലാവധി അവസാനിക്കുന്നതിന് അപ്പുറമല്ലാതെ, അത് അപ്രകാരം വീണ്ടും മെഡിക്കൽ ബോർഡിലേയ്ക്ക് റഫർ ചെയ്യേണ്ടതും, ആകുന്നു.

(2) ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്കോ കാർപ്പറേഷനോ മെഡിക്കൽ ബോർഡിന്റെ തീരുമാനം തൃപ്തികരമല്ലെങ്കിൽ, ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്കോ, കാർപ്പറേഷനോ നിർണ്ണയിക്കപ്പെടുന്ന രീതിയിലും നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും—

(i) റഗുലേഷനുകളിലെ വ്യവസ്ഥകളനുസരിച്ചു ഏർപ്പെടുത്തുന്ന മെഡിക്കൽ അപ്പീൽ ട്രിബ്യൂണലിലേക്ക് നിർണ്ണയിക്കപ്പെടുന്ന രീതിയിലും

നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയിലേക്ക് അപ്പീലിനുള്ള കൂടുതൽ അവകാശത്തോടുകൂടി, അല്ലെങ്കിൽ

(ii) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയ്ക്ക്, നേരിട്ട് അപ്പീൽ കൊടുക്കാവുന്നതാണ്.

55. മെഡിക്കൽ ബോർഡോ മെഡിക്കൽ അപ്പീൽ ട്രിബ്യൂണലോ തീരുമാനങ്ങൾ റവ്യൂ ചെയ്യുന്നത്.—(1) മെഡിക്കൽ ബോർഡിന്റേയോ, മെഡിക്കൽ അപ്പീൽ ട്രിബ്യൂണലിന്റേയോ, ഈ ആക്റ്റിൻകീഴിലെ ഏതെങ്കിലും തീരുമാനം നല്കപ്പെട്ടത് ജോലിക്കാരനോ മറേറതെങ്കിലും ആളോ, സാരവത്തായ ഒരു വസ്തുത വെളിപ്പെടുത്താതിരുന്നതിന്റേയോ തെററിദ്ധരിപ്പിച്ചതിന്റേയോ, (ആ വെളിപ്പെടുത്താതിരിക്കലോ തെററിദ്ധരിപ്പിക്കലോ വഞ്ചനാപൂർവകമായിരുന്നാലും അല്ലെങ്കിലും) അനന്തരഫലമായാണ്. എന്നു പുതിയ തെളിവിനാൽ, അതതു സംഗതിപോലെ, മെഡിക്കൽ ബോർഡിനോ മെഡിക്കൽ അപ്പീൽ ട്രിബ്യൂണലിനോ ബോദ്ധ്യപ്പെടുന്നു എങ്കിൽ, അതിന് ഏതു സമയത്തും, ആ തീരുമാനം റവ്യൂ ചെയ്യാവുന്നതാണ്.

(2) പ്രസക്ത നിയോജന ക്ഷതിയുടെ ഫലമായുള്ള അവശനാക്കപ്പെടലിന്റെ വ്യാപ്തിയുടെ ഏതെങ്കിലും മതിപ്പും ആ മതിപ്പ് നടത്തിയതിനുശേഷം പ്രസക്ത കക്ഷിയുടെ ഫലങ്ങൾക്കും, സാരവത്തായതും മുൻകൂട്ടി കാണപ്പെടാത്തതും ആയവിധം ഗുരുത്വം വർദ്ധിച്ചിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നുവെങ്കിൽ, മെഡിക്കൽ ബോർഡിന് റവ്യൂ ചെയ്യാവുന്നതാണ്.

എന്നാൽ, ഒരു മതിപ്പ് കണക്കിലെടുക്കുന്ന കാലവും, മുൻപറഞ്ഞ ഗുരുത്വവർദ്ധന എത്ര കാലത്തേക്ക് ഉണ്ടാകാനിടയുണ്ടെന്നുള്ളതും പരിഗണിച്ച് അത് റവ്യു ചെയ്യാതിരിക്കുന്നത് സാരവത്തായ അനീതി ചെയ്യുമെന്ന് മെഡിക്കൽ ബോർഡിന് അഭിപ്രായമില്ലാത്തപക്ഷം, ആ മതിപ്പ് ഈ ഉപവകുപ്പിൻകീഴിൽ റവ്യൂ ചെയ്യപ്പെടാൻ പാടുള്ളതല്ല.

(3) മെഡിക്കൽ അപ്പീൽ ട്രിബൂണലിന്റെ അനുമതി കൂടാതെ ഒരു മതിപ്പ്, അതിന്റെ തീയതി മുതൽ അഞ്ചു വർഷത്തിനു മുമ്പോ, ഒരു താൽക്കാലിക മതിപ്പിന്റെ സംഗതിയിൽ, ആറു മാസത്തിനു മുമ്പോ കൊടുക്കുന്ന ഏതെങ്കിലും അപേക്ഷയിൻമേൽ (2)-ാം ഉപവകുപ്പിൻകീഴിൽ റവ്യൂ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെ റവ്യൂ ചെയ്യുന്നതിൻമേൽ ഏതെങ്കിലും പുതുക്കിയ മതിപ്പ് കണക്കിലെടുക്കേണ്ട കാലത്തിൽ അപേക്ഷത്തീയതിയുടെ മുമ്പുള്ള ഏതെങ്കിലും കാലം ഉൾപ്പെടാൻ പാടില്ലാത്തതും ആകുന്നു.

(4) ഈ വകുപ്പിലെ മുൻ പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി, മെഡിക്കൽ ബോർഡിന്, റവ്യൂവിനുള്ള ഒരു കേസ്, 'അത്' ആദ്യറഫറൻസിൻമേൽ അതിന് കൈകാര്യം ചെയ്യാമായിരുന്ന രീതിയിൽ കൈകാര്യം ചെയ്യാവുന്നതും, പ്രത്യേകിച്ചും, റവ്യൂചെയ്യപ്പെടുന്ന മതിപ്പ് അന്തിമമായിരുന്നാലും, ഒരു താൽക്കാലിക മതിപ്പ് നടത്താവുന്നതും ആകുന്നു. 54 ക വകുപ്പിലെ വ്യവസ്ഥകൾ, ഈ വകുപ്പിൻകീഴിലെ റവ്യൂവിനുള്ള ഒരു അപേക്ഷയ്ക്കും, അങ്ങനെയുള്ള അപേക്ഷ സംബന്ധിച്ചുള്ള മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിനും, അവ ആ വകുപ്പിൻകീഴിലെ അവശനാക്കപ്പെടൽ—ആനുകൂല്യത്തിനുള്ള കേസിനും, അങ്ങനെയുള്ള കേസ് സംബന്ധിച്ചുള്ള മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിനും ബാധകമാകുന്നതുപോലെ ബാധകമാകുന്നതും, ആണ്.

55 ക. ആശ്രിതരുടെ ആനുകൂല്യം റവ്യൂ ചെയ്യുന്നത്.—(1) ഈ ആക്റ്റിൻകീഴിൽ ആശ്രിതരുടെ ആനുകൂല്യം അവാർഡ് ചെയ്യുന്ന ഏതെങ്കിലും തീരുമാനം നൽകപ്പെട്ടത്, അവകാശവാദിയോ മറേറതെങ്കിലും ആളോ സാരവത്തായ ഒരു വസ്തുത വെളിപ്പെടുത്താതിരുന്നതിന്റെയോ തെററിദ്ധരിപ്പിച്ച

തിൻെറയോ, (ആ വെളിപ്പെടുത്താതിരിക്കലോ തെററിദ്ധരിപ്പിക്കലോ വഞ്ചനാപൂർവ്വകമായിരുന്നാലും അല്ലെങ്കിലും) അനന്തര ഫലമായാണ് എന്ന് അല്ലെങ്കിൽ ഒരു അവകാശവാദിയുടെ ജനനമോ മരണമോ, വിവാഹമോ പുനർവിവാഹമോ, കാരണമായോ അയാളുടെ ദൗർബല്യം അവസാനിക്കുന്നതിനാലോ, അയാൾക്ക് പതിനെട്ടു വയസ് തികയുന്നതിനാലോ ആ തീരുമാനം മേലാൽ ഈ ആക്ററിന് അനുസൃതമായിരിക്കുന്നതല്ലെന്നോ, പുതിയ തെളിവിനാൽ കോർപ്പറേഷന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന് ഏതു സമയത്തും, ആ തീരുമാനം റദ്ദു ചെയ്യാവുന്നതാണ്.

(2) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി കോർപ്പറേഷന്, മുൻ പറഞ്ഞതുപോലെ റദ്ദുചെയ്യുന്നതിൻമേൽ, ആശ്രിതരുടെ ആനുകൂല്യം തുടരാനോ, വർദ്ധിപ്പിക്കാനോ കുറയ്ക്കാനോ, തുടരാതിരിക്കാനോ നിദേശിക്കാവുന്നതാണ്.

56. ചികിൽസിയാനുകൂല്യം.—(1) ഏതു് ഇൻഷ്വർചെയ്യപ്പെട്ട ആളുടെയോ (ചികിൽസിയാനുകൂല്യം അയാളുടെ കുടുംബത്തിന് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) അയാളുടെ കുടുബാംഗത്തിൻേറയോ അവസ്ഥയാണോ വൈദ്യചികിൽസയും വൈദ്യസഹായവും ആവശ്യകമാക്കുന്നത് അങ്ങനെയുള്ള ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കോ കുടുംബാംഗത്തിനോ അങ്ങനെയുള്ള ചികിൽസിയാനുകൂല്യം കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള ചികിൽസിയാനുകൂല്യം ആശുപത്രിയിലേയോ ഡിസ്പെൻസറിയിലേയോ, ക്ലിനിക്കിലേയോ മററ് സംസ്ഥാപനത്തിലേയോ ഔട്ട്പേഷ്യൻറ് ചികിൽസയുടേയും വൈദ്യസഹായത്തിൻേറയും രൂപത്തിലോ അല്ലെങ്കിൽ ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ വീട്ടിലേയ്ക്കുള്ള സന്ദർശനങ്ങൾ വഴിയോ അല്ലെങ്കിൽ ആശുപത്രിയിലോ മററ് സംസ്ഥാപനത്തിലോ ഇൻ-പേഷ്യൻറ് ചികൽസവഴിയോ നൽകാവുന്നതാണ്.

(3) ഒരാൾക്ക്, ഏതൊരാഴ്ചയിലാണോ അയാളെ സംബന്ധിച്ച് അംശദായങ്ങൾ കൊടുക്കേണ്ടതായിട്ടുള്ളത് അല്ലെങ്കിൽ അയാൾക്ക് സുഖക്കേട് ആനുകൂല്യമോ, പ്രസവകാലാനുകൂല്യമോ അവകാശപ്പെടാൻ യോഗ്യതയുള്ളത് അല്ലെങ്കിൽ റഗുലേഷനുകൾക്ക് കീഴിൽ അയാളെ ചികിൽസിയാനുകൂല്യത്തിന് അവകാശമില്ലാത്തവനാക്കുന്നതല്ലാത്ത അവശനാക്കപ്പെടലാനുകൂല്യം കിട്ടിക്കൊണ്ടിരിക്കുന്നത്, അങ്ങനെയുള്ള ആഴ്ചക്കാലം ചികിൽസിയാനുകൂല്യത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ആരെ സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ അംശദായം കൊടുക്കേണ്ടതായിരിക്കുന്നത് അവസാനിക്കുന്നത്, അയാൾക്ക് റഗുലേഷനുകൾക്ക് കീഴിൽ വ്യവസ്ഥചെയ്യുന്ന കാലത്തേയ്ക്കുള്ളതും, പ്രകൃതത്തിലുള്ളതുമായ ചികിൽസിയാനുകൂല്യം അനുവദിക്കാവുന്നതാണ്.

57. ചികിൽസിയാനുകൂല്യത്തിൻെറ തോത്.—(1) ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്കോ, (അങ്ങനെയുള്ള ചികിൽസിയാനുകൂല്യം അയാളുടെ കുടുംബത്തിന് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) അയാളുടെ കുടുംബത്തിനോ സ്റേറററ് ഗവൺമെൻേറാ, കോർപ്പറേഷനോ നൽകുന്ന തരത്തിലുള്ളതും തോതിലുള്ളതും മാത്രമായ ചികിൽസിയാനുകൂല്യം കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതും ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്കോ, അങ്ങനെയുള്ള ചികിൽസിയാനുകൂല്യം അയാളുടെ കുടുംബത്തിന് വ്യാപിപ്പിച്ചിട്ടുള്ളിടത്ത് അയാളുടെ കുടുംബത്തിനോ അയാളേയോ അയാളുടെ കുടുംബത്തേയോ ഏതു ഡിസ്പെൻസറിയിലേയ്ക്കോ, ആശുപത്രിയിലേയ്ക്കോ, ക്ലിനിക്കിലേയ്ക്കോ, മററ് സംസ്ഥാപനത്തിലേയ്ക്കോ ആണോ തിരിച്ച് വച്ചിട്ടുള്ളത് അങ്ങനെയുള്ള ഡിസ്പെൻസറിയോ ആശുപത്രിയോ ക്ലിനിക്കോ മററ്

സംസ്ഥാപനമോ നൽകുന്നതോ അല്ലെങ്കിൽ റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്നതോ ആയതല്ലാത്ത ഏതെങ്കിലും വൈദ്യചികിൽസയ്ക്ക് അവകാശപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(2) ഈ ആക്ററിലെ യാതൊന്നും, ഇൻഷ്വർ ചെയ്യപ്പെട്ട ഒരാൾക്കോ, (ചികിൽസിയാനുകൂല്യം അയാളുടെ കുടുംബത്തിന് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) അയാളുടെ കുടുംബത്തിനോ, കാർപ്പറേഷനിൽ നിന്ന് റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, ഏതെങ്കിലും വൈദ്യചികിൽസ സംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ചെലവുകളുടെ പ്രതിപൂരണത്തിന് അവകാശപ്പെടാൻ അവകാശം നൽകുന്നതല്ല.

58. <u>സ്റേററ് ഗവൺമെൻറ് വൈദ്യചികിൽസ നൽകുന്നത്</u>—(1) സ്റേററ് ഗവൺമെൻറ് ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കും (അങ്ങനെയുള്ള ചികിൽസിയാനുകൂല്യം അവരുടെ കുടുംബങ്ങൾക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) സ്റേററിലുള്ള അവരുടെ കുടുംബങ്ങൾക്കും ന്യായമായി മരുന്നുകൾ വഴിയുള്ളതും, ശസ്ത്രക്രിയ വഴിയുള്ളതുമായ ചികിൽസയും പ്രസവ ചികിൽസയും നൽകേണ്ടതാണ :

എന്നാൽ, സ്റേററ് ഗവൺമെൻറിന്, കാർപ്പറേഷൻെറ അംഗീകാരത്തോടുകൂടി, കരാർ ചെയ്യപ്പെടുന്ന തോതിലും നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ചികിൽസകരുടെ ക്ലിനിക്കുകളിൽ വച്ച് മരുന്നുവഴിയുള്ള ചികിൽസയ്ക്ക് ഏർപ്പാടു ചെയ്യാവുന്നതാണ്.

(2) ഏതെങ്കിലും സ്റേററിൽ ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കുള്ള സുഖക്കേടു ആനുകൂല്യത്തിൻെറ ബാധകതാവ്യാപ്തി അഖിലേൻഡ്യാ ശരാശരിയിൽ കവിയുന്നതായി കാണപ്പെടുന്നിടത്ത്, അങ്ങനെ കവിയുന്നതിൻെറ തുക, കാർപ്പറേഷനും സ്റേററ് ഗവൺമെൻറും തമ്മിലുള്ള കരാറുവഴി നിജപ്പെടുത്തുന്ന അനുപാതത്തിൽ അവർ തമ്മിൽ ഓഹരി വയ്ക്കേണ്ടതാണ്.

എന്നാൽ കാർപ്പറേഷന്, ഏതെങ്കിലും സംഗതിയിൽ, സ്റേററ് ഗവൺമെൻറ് വഹിക്കേണ്ട ഓഹരി മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ വസൂലാക്കുന്നതു വേണ്ടെന്നു വയ്ക്കാവുന്നതാണ്:

(3) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കും (അങ്ങിനെയുള്ള ചികിൽസിയാനുകൂല്യം കുടുംബങ്ങൾക്കു വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) അവരുടെ കുടുംബങ്ങൾക്കും നൽകേണ്ട (കെട്ടിടങ്ങളും സജ്ജീകരണങ്ങളും മരുന്നുകളും സ്ററാഫിനേയും നൽകുന്നതു ഉൾപ്പെടെയുള്ള) വൈദ്യചികിൽസയുടെ പ്രകൃതവും തോതും സംബന്ധിച്ചും അതു സംബന്ധിച്ചുള്ള ചെലവും ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കുള്ള സുഖക്കേട്—ആനുകൂല്യത്തിൻെറ ബാധകതാവ്യാപ്തിയിൽ കവിയുന്ന തുക ഏതെങ്കിലും ഉണ്ടെങ്കിൽ അതും, കാർപ്പറേഷനും സ്റേററു ഗവൺമെൻറും തമ്മിൽ ഓഹരി വയ്ക്കുന്നതിനായും, കോർപ്പറേഷന് സ്റേററു ഗവൺമെൻറുമായി കരാറിൽ ഏർപ്പെടാവുന്നതാണ്.

(4) കാർപ്പറേഷനും ഏതെങ്കിലും സ്റേററ് ഗവൺമെൻറും തമ്മിൽ, മുൻപറഞ്ഞതുപോലെ കരാർ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നുവെങ്കിൽ, സ്റേററു ഗവൺമെൻറ് നൽകേണ്ട വൈദ്യചികിൽസയുടെ പ്രകൃതവും വ്യാപ്തിയും അതു സംബന്ധിച്ചുള്ള ചെലവും, സുഖക്കേട് ആനുകൂല്യത്തിൻെറ ബാധകതാവ്യാപ്തിയിൽ കവിയുന്ന തുക ഏതെങ്കിലും ഉണ്ടെങ്കിൽ അതും, കാർപ്പറേഷനും ആ ഗവൺമെൻറും തമ്മിൽ ഓഹരി വയ്ക്കേണ്ട അനുപാതവും (ഒരു സ്റേററിലെ ഹൈക്കോടതിയിലെ ജഡ്ജിയായിരിക്കുകയോ ജഡ്ജിയായിരിന്നിരിക്കുകയോ ചെയ്യേണ്ടതും ഇൻഡ്യയിലെ ചീഫ്ജസ്ററീസിനാൽ നിയമിക്കപ്പെടുന്നതുമായ) ഒരു മദ്ധ്യസ്ഥനാൽ തീരുമാനിക്കപ്പെടേണ്ടതും, മദ്ധ്യസ്ഥൻെറ അവാർഡ് കാർപ്പറേഷനേയും സ്റേററ് ഗവൺമെൻറിനേയും ബന്ധിക്കുന്നതായിരിക്കുന്നതും ആണ്.

59. കാർപ്പറേഷൻ ആശുപത്രികൾ മുതലായവ സ്ഥാപിക്കുകയും
സംരക്ഷിക്കുകയും ചെയ്യുന്നത്—(1) ഒരു സ്റ്റേറ്റിൽ, സ്റ്റേറ്റ് ഗവൺ
മെന്റിന്റെ അംഗീകാരത്തോടുകൂടി, കാർപ്പറേഷന് ഇൻഷ്വർ ചെയ്യപ്പെട്ട ആളു
കളുടേയും, (അങ്ങനെയുള്ള ചികിൽസീയാനുകൂല്യം അവരുടെ കുടുംബ
ങ്ങൾക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) അവരുടെ കുടുംബങ്ങളുടേയും ഗുണത്തി
നായി യുക്തമെന്നു തോന്നുന്ന ആശുപത്രികളും ഡിസ്പെൻസറികളും,
മരുന്നുകൾവഴിയും ശസ്ത്രക്രിയകൾവഴിയുമുള്ള മററു സർവ്വീസുകളും
സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യാവുന്നതാണ്.
(2) കാർപ്പറേഷന്, ഏതെങ്കിലും പ്രദേശത്തിൽ ഇൻഷ്വർ ചെയ്യപ്പെട്ട
ആളുകൾക്കും (അങ്ങിനെയുള്ള ചികിൽസീയാനുകൂല്യം അവരുടെ കുടുംബ
ങ്ങൾക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്) അവരുടെ കുടുംബങ്ങൾക്കും വൈദ്യ
ചികിൽസയും വൈദ്യസഹായവും നൽകുന്നതും അതിന്റെ ചെലവ് ഓഹരി
വയ്ക്കുന്നതും സംബന്ധിച്ച് ഏതെങ്കിലും തദ്ദേശാധികാരസ്ഥാനവു
മായോ, സ്വകാര്യനികായവുമായോ, വ്യക്തിയുമായോ കരാറിൽ ഏർപ്പെടാവുന്ന
താണ്.

59 ക. സ്റ്റേറ്റ് ഗവൺമെന്റിനു പകരം കാർപ്പറേഷൻ ചികിൽസിയാനു
കൂല്യം നൽകുന്നത്.—(1) ഈ ആക്റ്റിലെ മറേറതെങ്കിലും വ്യവസ്ഥയിൽ
എന്തുതന്നെ അടങ്ങിയിരുന്നാലും, കാർപ്പറേഷന് സ്റ്റേറ്റ് ഗവൺമെന്റുമായി
ആലോചിച്ചതിനുശേഷം, ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കും, അങ്ങനെയുള്ള
ചികിൽസിയാനുകൂല്യം അവരുടെ കുടുംബങ്ങൾക്ക് വ്യാപിപ്പിച്ചിട്ടുള്ളിടത്ത്,
അങ്ങിനെയുള്ള ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളുടെ ആ സ്റ്റേറ്റിലുള്ള കുടുംബ
ങ്ങൾക്കും ചികിൽസിയാനുകൂല്യം നൽകുന്നതിന്റെ ഉത്തരവാദിത്വം അങ്ങനെ
യുള്ള ചികിൽസിയാനുകൂല്യത്തിന്റെ ചെലവിൽ സ്റ്റേറ്റ് ഗവൺമെന്റും
കാർപ്പറേഷനും തമ്മിൽ കരാർ ചെയ്യുന്ന അനുപാതത്തിൽ സ്റ്റേറ്റ് ഗവൺ
മെന്റ് ഓഹരി വഹിക്കുന്നതാണെന്ന ഉപാധിക്ക് വിധേയമായി, ഏറെറടുക്കാ
വുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ കാർപ്പറേഷൻ അതിന്റെ അധികാരം
പ്രയോഗിക്കുന്ന പക്ഷം, ചികിൽസിയാനുകൂല്യം സംബന്ധിച്ച ഈ
ആക്റ്റിൻകീഴിലെ വ്യവസ്ഥകൾ, ആകുന്നിടത്ത അതിൽ സ്റ്റേറ്റ്
ഗവൺമെന്റിനെക്കുറിച്ചുള്ള പരാമർശം കാർപ്പറേഷനെക്കുറിച്ചുള്ള പരാമർശ
മായിരുന്നാലെന്നപോലെ ബാധകമായിരിക്കുന്നതാണ്.

## സാമാന്യം

60. ആനുകൂല്യം തീറുനൽകാവുന്നതോ ജപ്തി ചെയ്യാവുന്നതോ
അല്ലെന്ന്.—(1) ഈ ആക്റ്റിൻകീഴിലെ ഏതെങ്കിലും ആനുകൂല്യത്തിന്റെ
ഏതെങ്കിലും തുക കിട്ടാനുള്ള അവകാശം കൈമാററം ചെയ്യപ്പെടാവുന്നതോ
തീറുനൽകപ്പെടാവുന്നതോ ആയിരിക്കുന്നതല്ല.
(2) ഈ ആക്റ്റിൻകീഴിൽ കിട്ടേണ്ട യാതൊരു രൊക്കം പണ
മായുള്ള ആനുകൂല്യവും, ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധി
യുടെയോ ഉത്തരവിന്റെയോ നടത്തലിൽ ജപ്തി ചെയ്യപ്പെടുകയോ
വിൽക്കപ്പെടുകയോ ചെയ്യാവുന്നതായിരിക്കുന്നതല്ല.

61. മററ് അധിനിയമങ്ങൾക്ക് കീഴിലെ ആനുകൂല്യങ്ങൾക്കുള്ള
തടസ്സം.—ഒരാൾക്ക് ഈ ആക്റ്റ് വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും
ആനുകൂല്യങ്ങൾക്ക് അവകാശമുള്ളിടത്ത്, അയാൾക്ക് മറേറതെങ്കിലും
അധിനിയമത്തിലെ വ്യവസ്ഥകൾക്ക് കീഴിൽ അനുവദനീയമായ ഏതെ
ങ്കിലും സദൃശാനുകൂല്യം കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

62. ആളുകൾ രൊക്കമായ ആനുകൂല്യങ്ങൾ സംരാശീകരിക്കാൻ പാടില്ലെന്ന്.—റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന വിധത്തിലൊഴികെ, യാതൊരാൾക്കും ഈ ആക്ററിൻകീഴിൽ അനുവദനീയമായ ഏതെങ്കിലും ആനുകൂലികത്തുക, ഒരു മൊത്തത്തുകയായി സംരാശീകരിക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

63. ആളുകൾക്ക് ചിലസംഗതികളിൽ ആനുകൂല്യം കിട്ടാൻ അവകാശമില്ലെന്ന്.—യാതൊരാൾക്കും അയാൾ പ്രവൃത്തി ചെയ്യുകയും അയാൾക്ക് കൂലി കിട്ടുകയും ചെയ്യുന്ന ഏതെങ്കിലും ദിവസം സംബന്ധിച്ച് സുഖക്കേട് ആനുകൂല്യത്തിനോ പ്രസവകാലാനുകൂല്യത്തിനോ താൽക്കാലികമായ അവശനാക്കപ്പെടലിനുള്ള അവശനാക്കപ്പെടൽ ആനുകൂല്യത്തിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

64. സുഖക്കേടു ആനുകൂല്യമോ അവശനാക്കപ്പെടൽ ആനുകൂല്യമോ കിട്ടുന്നവർ ഉപാധികൾ പാലിക്കണമെന്ന്.—സുഖക്കേട്—ആനുകൂല്യമോ (എന്നെന്നേക്കുമുള്ള അവശനാക്കപ്പെടലിൻമേൽ നല്കപ്പെടുന്ന ആനുകൂല്യം അല്ലാത്ത) അവശനാക്കപ്പെടൽ ആനുകൂല്യമോ കിട്ടിക്കൊണ്ടിരിക്കുന്ന ഒരാൾ—

(ക) ഈ ആക്ററിൻ കീഴിൽ ഏർപ്പെടുത്തുന്ന ഒരു ഡിസ്പെൻസറിയിലോ, ആശുപത്രിയിലോ, ക്ലിനിക്കിലോ മററു സ്ഥാപനത്തിലോ വച്ചുള്ള വൈദ്യചികിൽസയിൽ ഇരിക്കുകയും, അതിൻെറ ചാർജ്ജുള്ള മെഡിക്കൽ ആഫീസറോ മെഡിക്കൽ അററൻഡൻേറാ നൽകുന്ന ആദേശങ്ങൾ നടപ്പാക്കുകയും ചെയ്യേണ്ടതും,

(ഖ) ചികിൽസയിലായിരിക്കുമ്പോൾ സുഖപ്പെടുന്നതിനുള്ള സാദ്ധ്യതകൾ മന്ദീഭവിപ്പിക്കുന്നതോ അതിന് ഭംഗം വരുന്നതോ ആയ ഏതെങ്കിലും ചെയ്യാൻ പാടില്ലാത്തതും,

(ഗ) മെഡിക്കൽ ആഫീസറുടേയോ മെഡിക്കൽ അററൻഡൻറിൻേറയോ റഗുലേഷനുകൾ ഇതിലേയ്ക്ക് വിനിർദേശിക്കുന്ന മററ് അധികാരസ്ഥാനത്തിൻേറയോ അനുവാദം കൂടാതെ, ഈ ആക്ററിൽ വ്യവസ്ഥ ചെയ്യുന്ന വൈദ്യചികിൽസ നൽകപ്പെടുന്ന പ്രദേശം വിട്ടുപോകാൻ പാടില്ലാത്തതും,

(ഘ) മുറപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും മെഡിക്കൽ ആഫീസറാലോ സുഖക്കേട്—സന്ദർശകനാലോ, കാർപ്പറേഷൻ ഇതിലേയ്ക്ക് പ്രാധികാരപ്പെടുത്തുന്ന മററു ആളാലോ, താൻ പരിശോധിക്കപ്പെടാൻ അനുവദിക്കേണ്ടതും ആകുന്നു.

65. ആനുകൂല്യങ്ങൾ കൂട്ടിച്ചേർക്കാൻ പാടില്ലെന്ന്.—(1) ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്ക് ഒരേകാലത്തേക്ക്—

(ക) സുഖക്കേട്—ആനുകൂല്യവും പ്രസവകാലാനുകൂല്യവും രണ്ടും, അല്ലെങ്കിൽ

(ഖ) സുഖക്കേട്—ആനുകൂല്യവും താൽക്കാലികമായ അവശനാക്കപ്പെടലിനുള്ള അവശനാക്കപ്പെടൽ ആനുകൂല്യവും രണ്ടും,

അല്ലെങ്കിൽ

(ഗ) പ്രസവകാലാനുകൂല്യവും താൽക്കാലികമായ അവശനാക്കപ്പെടലിനുള്ള അവശനാക്കപ്പെടൽ ആനുകൂല്യവും രണ്ടും, കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

(2) ഒരാൾക്ക് 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങളിൽ ഒന്നിലധികം എണ്ണത്തിന് അവകാശമുള്ളിടത്ത്, തനിക്ക് ഏതു

ആനുകൂല്യമാണ് കിട്ടേണ്ടതെന്ന് തിരഞ്ഞെടുക്കാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

66. [1966-ലെ 44-ാം നമ്പർ ആക്റ്റ് 29-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.]

67. [1966-ലെ 44-ാം നമ്പർ ആക്റ്റ് 29-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.

68. മുഖ്യ നിയോജകൻ ഏതെങ്കിലും അംശദായം കൊടുക്കാതിരിക്കുകയോ കൊടുക്കാൻ ഉപേക്ഷവരുത്തുകയോ ചെയ്യുന്നിടത്ത് കാർപ്പറേഷൻെറ അവകാശങ്ങൾ.—(1) ഏതെങ്കിലും മുഖ്യ നിയോജകൻ ഏതെങ്കിലും ജോലിക്കാരനെ സംബന്ധിച്ച്, താൻ ഈ ആക്റ്റിൻകീഴിൽ കൊടുക്കാൻ ബാദ്ധ്യസ്ഥമായ ഏതെങ്കിലും അംശദായം കൊടുക്കാതിരിക്കുകയോ കൊടുക്കാൻ ഉപേക്ഷ വരുത്തുകയോ ചെയ്യുകയും, അതു കാരണമായി, അങ്ങനെയുള്ള ആൾക്ക് ഏതെങ്കിലും ആനുകൂല്യത്തിന് അവകാശമില്ലാതായിത്തീരുകയോ അവകാശമുണ്ടായിത്തീരുന്നത് താഴ്ന്നതോതിലുള്ള ഒരു ആനുകൂല്യത്തിന് ആവുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ കാർപ്പറേഷന് അംശദായം മുഖ്യ നിയോജകൻ കൊടുക്കേണ്ടതായിരുന്നു എന്ന് ബോദ്ധ്യപ്പെടുന്നതിൻമേൽ കാർപ്പറേഷൻ ആ കൊടുക്കാതിരിക്കലോ ഉപേക്ഷ വരുത്തലോ ഉണ്ടായിരുന്നില്ലെങ്കിൽ, ആ ആൾക്ക് അവകാശമുണ്ടാകുമായിരുന്ന നിരക്കിൽ അയാൾക്ക് ആനുകൂല്യം കൊടുക്കേണ്ടതും, കാർപ്പറേഷന് മുഖ്യ നിയോജകനിൽനിന്ന്—

(i) കാർപ്പറേഷൻ മുൻപറഞ്ഞ ആൾക്ക് കൊടുക്കുന്ന തുകയും വാസ്തവത്തിൽ നിയോജകന് കൊടുത്ത അംശദായങ്ങളുടെ അടിസ്ഥാനത്തിൽ കൊടുക്കേണ്ടിവരുമായിരുന്ന ആനുകൂല്യത്തിൻെറ തുകയും തമ്മിലുള്ള വ്യത്യാസമോ,

അല്ലെങ്കിൽ

(ii) നിയോജകൻ കൊടുക്കാതിരിക്കുകയോ കൊടുക്കാൻ ഉപേക്ഷ വരുത്തുകയോ ചെയ്ത അംശദായത്തുകയുടെ ഇരട്ടിയോ ഏതാണ് കൂടുതൽ, അതു വസൂലാക്കാൻ അവകാശമുണ്ടായിരിക്കുന്നതും, ആണ്.

(2) ഈ വകുപ്പിൻകീഴിൽ വസൂലാക്കാവുന്നതായ തുക ഭൂമിക്കരക്കുടിശികയായിരുന്നാലെന്നപോലെ വസൂലാക്കാവുന്നതാണ്.

69. ഫാക്റ്ററികൾ മുതലായവയുടെ ഉടമയ്ക്കോ കൈവശക്കാരനോ, കവിഞ്ഞ സുഖക്കേട് ആനുകൂല്യം സംബന്ധിച്ചുള്ള ബാദ്ധ്യത.—(1) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കിടയിലെ,സുഖക്കേടിൻെറ ബാധകതാവ്യാപ്തി

(1) (i) ഫാക്റ്ററിയിലേയോ, സ്ഥാപനത്തിലേയോ അനാരോഗ്യകരമായ പ്രവർത്തനസാഹചര്യങ്ങളോ, അല്ലെങ്കിൽ ഏതെങ്കിലും അധി നിയമമോ അധി നിയമത്തിൻകീഴിലോ, തന്നോട് ആദേശിക്കുന്ന ഏതെങ്കിലും ആരോഗ്യ റഗുലേഷനുകൾ പാലിക്കുന്നതിനുള്ള, ഫാക്റ്ററിയുടെ അല്ലെങ്കിൽ സ്ഥാപനത്തിൻെറ ഉടമസ്ഥൻെറയോ കൈവശക്കാരൻെറയോ ഉപേക്ഷയോ കാരണമായോ, അല്ലെങ്കിൽ

(ii) ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾ താമസിക്കുന്ന ഏതെങ്കിലും പാർപ്പിടങ്ങളിലെയോ വാസസ്ഥലങ്ങളിലെയോ അനാരോഗ്യകരമായ സാഹചര്യങ്ങളും, അങ്ങനെയുള്ള അനാരോഗ്യകരമായ സാഹചര്യങ്ങൾ പാർപ്പിടങ്ങളുടേയോ വാസസ്ഥലങ്ങളുടെയോഉടമസ്ഥൻ ഏതെങ്കിലും അധി നിയമമോ അധി നിയമത്തിൻകീഴിലോ തന്നോട് ആദേശിച്ചിട്ടുള്ള ഏതെങ്കിലും ആരോഗ്യ റഗുലേഷനുകൾ പാലിക്കുന്നതിനുള്ള ഉപേക്ഷയാലാണെന്നും കൽപ്പിക്കപ്പെടാവുന്നതാണെന്നുള്ളതും കാരണമായോ,

കവിഞ്ഞതാണെന്ന് കരുതുന്നിടത്ത്, കാർപ്പറേഷന് സുഖക്കേട് ആനുകൂല്യം എന്ന നിലയിൽ കാർപ്പറേഷന് നേരിടുന്ന പുറമെ വരുന്ന ചെലവിന്റെ തുക കിട്ടാനുള്ള ഒരു അവകാശവാദം, അതതുസംഗതിപോലെ ഫാക്ടറിയുടെയോ സ്ഥാപനത്തിന്റെയോ ഉടമസ്ഥനോ കൈവശക്കാരനോ പാർപ്പിടങ്ങളുടെയോ വാസസ്ഥലങ്ങളുടെയോ ഉടമസ്ഥനോ അയച്ചുകൊടുക്കാവുന്നതും, ആ അവകാശവാദം കരാർവഴി ഒത്തുതീർപ്പായിട്ടില്ലെങ്കിൽ കാർപ്പറേഷന് അതിന്റെ അവകാശവാദത്തെ പിൻതാങ്ങുന്ന ഒരു പ്രസ്താവനയോടുകൂടി ആ വിഷയം സമുചിത ഗവൺമെന്റിന് റഫർചെയ്യാവുന്നതും ആണ്.

(2) അന്വേഷണ വിചാരണയ്ക്ക് പ്രാഥമദൃഷ്ട്യാ കേസുള്ളതായി വെളിപ്പെടുന്നുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ, സമുചിത ഗവൺമെന്റിന് ആ വിഷയത്തെക്കുറിച്ച് അന്വേഷണ വിചാരണ നടത്താൻ ക്ഷമതയുള്ള ഒരു ആളേയോ ആളുകളെയോ നിയമിക്കാവുന്നതാണ്.

(3) അങ്ങനെയുള്ള അന്വേഷണ വിചാരണയിൻമേൽ ഇൻഷ്വർ ചെയ്യപ്പെട്ട ആളുകൾക്കിടയിലെ സുഖക്കേടിന്റെ ബാധകതീ വ്യാപ്തി കവിഞ്ഞതായിരിക്കുന്നത്, അതതുസംഗതിപോലെ, ഫാക്ടറിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ പാർപ്പിടങ്ങളുടേയോ വാസസ്ഥലങ്ങളുടേയോ ഉടമസ്ഥന്റേയോ വിഴ്ചയാലോ ഉപേക്ഷയാലോ ആണെന്നു ആ അന്വേഷണവിചാരണ ചെയ്യുന്ന ആൾക്കോ ആളുകൾക്കോ ബോദ്ധ്യതപ്പെടുന്നവിധം തെളിയിക്കപ്പെടുന്നുവെങ്കിൽ, ആ ആളോ ആളുകളോ. സുഖക്കേട് ആനുകൂല്യം എന്ന നിലയിൽ നേരിട്ടിട്ടുള്ള, പുറമെ വരുന്ന ചെലവിന്റെ തുകയും ആ തുക മുഴുവനുമോ അതിന്റെ ഏതെങ്കിലും ഭാഗമോ കാർപ്പറേഷന് കൊടുക്കേണ്ടത് ഏതു ആളേ, ആളുകളോ ആണെന്നുള്ളതും തീരുമാനിക്കേണ്ടതാകുന്നു.

(4) (3)-ാം ഉപവകുപ്പിൻ കീഴിലെ ഒരു തീരുമാനം, അത് ഒരു സിവിൽക്കോടതി ഒരു വ്യാവഹാരത്തിൽ പാസ്സാക്കുന്ന പണം കൊടുക്കലിനുള്ള ഒരു വിധിയായിരുന്നാലെന്നപോലെ പ്രാവർത്തികമാക്കാവുന്നതാണ്.

(5) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് പാർപ്പിടങ്ങളുടേയോ വാസസ്ഥലങ്ങളുടേയോ, ''ഉടമസ്ഥൻ'' എന്നതിൽ, ഉടമസ്ഥന്റെ ഏതെങ്കിലും ഏജൻറും, ഉടമസ്ഥന്റെ വാടകയ്ക്ക് വാങ്ങിയ ആളെന്ന നിലയിൽ, ആ പാർപ്പിടങ്ങളുടേയോ വാസസ്ഥലങ്ങളുടേയോ വാടക പിരിക്കാൻ അവകാശപ്പെട്ട ഏതെങ്കിലും ആളും ഉൾപ്പെടുന്നതായിരിക്കുന്നതാണ്.

70. <u>അവിഹിതമായി കിട്ടിയ ആനുകൂല്യം തിരിയെ കൊടുക്കൽ.</u>—(1) ഏതെങ്കിലും ആൾക്ക്, ഈ ആക്ററിൻകീഴിൽ ഏതെങ്കിലും ആനുകൂല്യമോ പണമോ, അയാൾക്ക് അതിന് നിയമാനുസൃതമായി അവകാശമില്ലാതിരിക്കുമ്പോൾ, കിട്ടിയിട്ടുള്ളിടത്ത്, അയാൾ ആ ആനുകൂല്യത്തിന്റെ മൂല്യമോ, അങ്ങനെയുള്ള പണത്തിന്റെ തുകയോ കാർപ്പറേഷന് തിരിയെ കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതോ, അയാൾ മരിച്ചു പോകുന്ന സംഗതിയിൽ, അയാളുടെ പ്രതിനിധി, അതു മരിച്ചുപോയ ആളുടെ ആസ്തികൾ വല്ലതും തന്റെ കൈയ്യിൽ, ഉണ്ടെങ്കിൽ, അതിൽ നിന്നു തിരിയെകൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതോ ആകുന്നു.

(2) രൊക്കം പണമായല്ലാതെ കിട്ടിയിട്ടുള്ള ഏതെങ്കിലും ആനുകൂല്യങ്ങളുടെ മൂല്യം, ഇതിലേയ്ക്ക് ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്താൽ നിശ്ചയിക്കപ്പെടേണ്ടതും, അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും, ആണ്.

(3) ഈ വകുപ്പിൻകീഴിൽ വസൂലാക്കപ്പെടാവുന്ന തുക, ഭൂമിക്കര ക്കുടിശികയായിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതാണ്.

71. ആനുകൂല്യം മരണദിവസം ഉൾപ്പെടെ മരണദിവസം വരേയ്ക്ക് കൊടുക്കേണ്ടതാണെന്ന്.—50-ാം വകുപ്പ് (2-ാം)ഉപവകുപ്പിലെ പരിമിതവ്യവസ്ഥയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, ഒരാൾ തനിക്കു ഈ ആക്ററിൻകീഴിൽ റൊക്കം പണമായ ഒരു ആനുകൂല്യത്തിന് അവകാശമുള്ള ഏതെങ്കിലും കാലയളവിൽ മരിച്ചുപോകുന്നുവെങ്കിൽ, അയാളുടെ മരണദിവസം ഉൾപ്പെടെ മരണദിവസം വരെയ്ക്കുമുള്ള അങ്ങനെയുള്ള ആനുകൂല്യത്തിൻെറ തുക, മരിച്ചുപോയ ആൾ, റഗുലേഷനുകളിൽ വിനിർദ്ദേശിക്കുന്ന ഫാറത്തിൽ ലിഖിതമായി നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ആൾക്കോ, അങ്ങനെ നാമനിർദ്ദേശം ഇല്ലെങ്കിൽ, മരിച്ചുപോയ ആളുടെ അനന്തരാവകാശിക്കോ നിയമാനുസൃത പ്രതിനിധിക്കോ കൊടുക്കേണ്ടതാകുന്നു.

72. നിയോജകൻ കൂലി കുറയ്ക്കുക മുതലായവ ചെയ്യാൻ പാടില്ലെന്ന്—യാതൊരു നിയോജകനും, ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ടതായ ഏതെങ്കിലും അംശദായങ്ങൾക്കുള്ള തൻെറ ബാദ്ധ്യതമാത്രം കാരണമായി, ഏതെങ്കിലും ജോലിക്കാരൻെറ കൂലി നേരിട്ടോ നേരിട്ടല്ലാതേയോ കുറയ്ക്കുകയോ അല്ലെങ്കിൽ റഗുലേഷനുകൾ വ്യവസ്ഥ ചെയ്യുന്ന വിധത്തിലൊഴികെ, അയാളുടെ സേവനവ്യവസ്ഥകൾപ്രകാരം അയാൾക്ക് കൊടുക്കേണ്ടതും ഈ ആക്ററു നൽകുന്ന ആനുകൂല്യങ്ങൾക്ക് സദൃശമായതുമായ ആനുകൂല്യങ്ങൾ തുടരാതിരിക്കുകയോ, കുറയ്ക്കുകയോ, ചെയ്യാൻ പാടുള്ളതല്ല.

73. സുഖക്കേടു'കാലത്തോ മറേറാ ജോലിക്കാരന് നിയോജകൻ ഡിസ്മിസ് ചെയ്യാനോ ശിക്ഷിക്കാനോ പാടില്ലെന്ന്.—(1)യാതൊരു നിയോജകനും, ഒരു ജോലിക്കാരനെ, അയാൾക്ക് സുഖക്കേടു ആനുകൂല്യമോ പ്രസവകാല ആനുകൂല്യമോ ലഭിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ഡിസ്മിസ് ചെയ്യുകയോ, ഡിസ്ചാർജ്ജു ചെയ്യുകയോ തരം താഴ്ത്തുകയോ മററുവിധത്തിൽ ശിക്ഷിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന വിധത്തിലൊഴികെ, നിയോജകൻ ഒരു ജോലിക്കാരനെ അയാൾക്ക് താൽക്കാലികമായ അവശനാക്കപ്പെടലിനുള്ള അവശനാക്കപ്പെടൽ ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുകയോ, അല്ലെങ്കിൽ സുഖക്കേടിനുള്ള വൈദ്യചികിൽസയിൽ ഇരിക്കുകയോ അല്ലെങ്കിൽ ഗർഭാവസ്ഥയിൽനിന്നോ പ്രസവാവസ്ഥയിൽനിന്നോ ഉൽഭവിക്കുന്നതും, ജോലിക്കാരനെ പ്രവൃത്തിക്ക് പററാത്തവനാക്കുന്നതും, ആണെന്ന് റഗുലേഷനുകൾ അനുസരിച്ച് മുറപ്രകാരം സർട്ടിഫൈ ചെയ്യപ്പെടുന്ന ഒരു രോഗത്തിൻെറ ഫലമായി പ്രവൃത്തിക്ക് ഹാജരാകാതിരിക്കുകയോ ചെയ്യുന്ന കാലത്തു ഡിസ്മിസ ചെയ്യുകയോ ഡിസ്ചാർജ്ജു ചെയ്യുകയോ തരം താഴ്ത്തുകയോ മററു വിധത്തിൽ ശിക്ഷിക്കുകയോ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(2) ഒരു ജോലിക്കാരൻ (1)-ാം ഉപവകുപ്പിൽ വിനിർദേശിക്കുന്ന കാലത്തു നൽകുന്ന യാതൊരു ഡിസ്മിസൽ നോട്ടീസോ ഡിസ്ചാർജ്ജ് നോട്ടീസോ തരം താഴ്ത്തൽ നോട്ടീസോ സാധുവോ പ്രാവർത്തികമോ ആയിരിക്കുന്നതല്ല.

## അദ്ധ്യായം Vക

## ഇടക്കാല വ്യവസ്ഥകൾ

73ക. നിയോജകന്റെ പ്രത്യേക അംശദായം.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിലിരിക്കുന്നിടത്തോളം, ഏതൊരു മുഖ്യനിയോജകനും ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കാർപ്പറേഷന് (3)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിക്കുന്ന നിരക്കിൽ (ഇതിൽ ഇതിനുശേഷം നിയോജകന്റെ വിശേഷാൽ അംശദായം എന്ന് പരാമർശിക്കപ്പെടുന്നു.) ഒരു വിശേഷാൽ അംശദായം കൊടുക്കേണ്ടതാകുന്നു.

(2) IV-ം V-ം അദ്ധ്യായങ്ങൾ രണ്ടിലേയും വ്യവസ്ഥകൾ പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രദേശത്തിൽ സ്ഥിതിചെയ്യുന്ന ഫാക്ററിയുടെയോ സ്ഥാപനത്തിന്റെയോ സംഗതിയിൽ നിയോജകന്റെ വിശേഷാൽ അംശദായം, IV-ാം അദ്ധ്യായത്തിൻകീഴിൽ കൊടുക്കേണ്ട നിയോജകന്റെ അംശദായത്തിന് പകരമായിരിക്കുന്നതാണ്:

(3) നിയോജകന്റെ വിശേഷാൽ അംശദായം, നിയോജകന്റെ ആകെ കൂലി ബില്ലിന്റെ കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അപ്പോഴപ്പോൾ വിനിർദ്ദേശിക്കുന്നതും, അഞ്ചുശതമാനത്തിൽ കവിയാത്തതുമായ ശതമാനം ആയിരിക്കുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ശതമാനം നിജപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതിനുമുമ്പ് കേന്ദ്രഗവൺമെന്റ് അപ്രകാരം ചെയ്യാനുള്ള അതിന്റെ ഉദ്ദേശത്തെക്കുറിച്ച് സദൃശ വിജ്ഞാപനം വഴി, രണ്ടു മാസത്തിൽ കുറയാത്ത നോട്ടീസ് നൽകേണ്ടതും, അങ്ങനെയുള്ള വിജ്ഞാപനത്തിൽ, അതതുസംഗതിപോലെ, കേന്ദ്രഗവൺമെന്റ് നിജപ്പെടുത്താൻ നിർദ്ദേശിക്കുന്ന ശതമാനമോ, മുമ്പേ നിജപ്പെടുത്തിയിട്ടുള്ള ശതമാനം എത്രത്തോളമാണ് വ്യത്യാസപ്പെടുത്തേണ്ടതെന്നുള്ളതോ, വിനിർദ്ദേശിക്കേണ്ടതും, ആകുന്നു:

എന്നുമാത്രമല്ല, IV-ം V-ം അദ്ധ്യായങ്ങൾ രണ്ടിലേയും വ്യവസ്ഥകൾ പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രദേശത്തിൽ സ്ഥിതി ചെയ്യുന്ന ഫാക്ററികളുടേയോ സ്ഥാപനങ്ങളുടേയോ സംഗതിയിൽ, നിയോജകന്റെ വിശേഷാൽ അംശദായം, മുൻപറഞ്ഞ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ പ്രാബല്യത്തിലില്ലാത്ത ഏതെങ്കിലും പ്രദേശത്തിൽ സ്ഥിതി ചെയ്യുന്ന ഫാക്ററികളുടേയോ സ്ഥാപനങ്ങളുടേയോ സംഗതിയിലുള്ളതിനെക്കാൾ ഉയർന്ന നിരക്കിൽ നിജപ്പെടുത്തേണ്ടതാകുന്നു.

(4) നിയോജകന്റെ വിശേഷാൽ അംശദായം, കൂലി കൊടുക്കാനുള്ള നിയോജകന്റെ ബാദ്ധ്യത ഉൽഭൂതമാകുന്ന ഉടൻ കൊടുക്കാനുള്ളതായിത്തീരുന്നതും എന്നാൽ, അത് കേന്ദ്രഗവൺമെന്റ് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്ന ഇടവേളകൾ വിട്ടും സമയത്തിനുള്ളിലും രീതിയിലും കാർപ്പറേഷന് കൊടുക്കാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്, അങ്ങനെയുള്ള അംശദായം ഉടനെ കൊടുക്കുന്നതിന് റിബേററ് നല്കാൻ വ്യവസ്ഥ ചെയ്യാവുന്നതും, ആകുന്നു.

വിശദീകരണം.—ഈ "വകുപ്പിൽ ആകെ കൂലി ബില്ല്" എന്നാൽ കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് വിനിർദ്ദേശിക്കുന്ന കൂലിക്കാലയളവുകൾ സംബന്ധിച്ച് ഒരു ഫാക്ററിയിലേയോ സ്ഥാപനത്തിലെയോ ജോലിക്കാർക്ക് കൊടുക്കാനുള്ളതായിത്തീർന്നിട്ടുള്ള ആകെ കൂലി എന്നർത്ഥമാകുന്നു.

73 ഖ. **ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഇല്ലാത്തിടത്ത്, ഈ അദ്ധ്യായത്തിൻ കീഴിലെ തർക്കങ്ങളോ, പ്രശ്നങ്ങളോ തീരുമാനിക്കാനുള്ള പ്രത്യേക ട്രിബ്യൂണലുകൾ.**—(1) ഈ അദ്ധ്യായത്തിൻ കീഴിൽ കൊടുക്കേണ്ടതോ വസൂലാക്കപ്പെടാവുന്നതോ ആയ നിയോജകന്റെ വിശേഷാൽ അംശദായം സംബന്ധിച്ച ഏതെങ്കിലും പ്രശ്നമോ തർക്കമോ ഉൽഭവിക്കുകയും, അങ്ങനെയുള്ള പ്രശ്നമോ തർക്കമോ വിചാരണ ചെയ്യാൻ അധികാരിതയുള്ള ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഇല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ പ്രശ്നമോ തർക്കമോ കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനം തീരുമാനിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വിനിർദ്ദേശിക്കുന്ന ഒരു അധികാരസ്ഥാനത്തിന്റെ മുമ്പാകെയുള്ള ഒരു നടപടി സംബന്ധിച്ച്, 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിലേയും, 77 മുതൽ 79 വരെ വകുപ്പുകളിലേയും, 81-ാം വകുപ്പിലേയും വ്യവസ്ഥകൾ, ആകുന്നത്ര, അവ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെയുള്ള ഒരു നടപടി സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

73 ഗ. **V-ാം അദ്ധ്യായത്തിൻ കീഴിലെ ആനുകൂല്യങ്ങൾ ജോലിക്കാരുടെ അംശദായത്തെ ആശ്രയിച്ചിരിക്കണമെന്ന്.**—IV-ാം അദ്ധ്യായത്തിലെ എല്ലാ വ്യവസ്ഥകളും പ്രാബല്യത്തിലുള്ള ഏതെങ്കിലും പ്രദേശത്തിൽ ആ അദ്ധ്യായത്തിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും ആഴ്ചയിലേക്ക് ജോലിക്കാരുടെ അംശദായം കൊടുക്കുന്നതിന് V-ാം അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്ക് ആ ആഴ്ചയിലേക്ക് ആ ജോലിക്കാരനെ സംബന്ധിച്ച് IV-ാം അദ്ധ്യായത്തിൻകീഴിൽ കൊടുക്കേണ്ട അംശദായങ്ങൾ കൊടുത്തിട്ടുണ്ടായിരുന്നാലെന്ന പോലെയുള്ള പ്രഭാവമുണ്ടായിരിക്കുന്നതും, അങ്ങനെ കൊടുക്കുന്നത് അതനുസരിച്ച് ജോലിക്കാരന് ഇൻഷ്വർ ചെയ്യപ്പെട്ട ആൾ എന്ന നിലയിൽ V-ാം അദ്ധ്യായത്തിൽ വിനിർദ്ദേശിക്കുന്ന ആനുകൂല്യങ്ങൾക്ക് അവയ്ക്ക് മററു വിധത്തിൽ അയാൾക്ക് അവകാശമുണ്ടെങ്കിൽ അവകാശമുണ്ടാക്കുന്നതും ആണ്.

വിശദീകരണം.—ഒരു ഒഴിവാക്കപ്പെട്ട ജോലിക്കാരന്റെ സംഗതിയിൽ അയാളെ സംബന്ധിച്ച ഓരോ ആഴ്ചയിൽ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഇല്ലാതിരുന്നുവെങ്കിൽ IV-ാം അദ്ധ്യായത്തിൻ കീഴിൽ നിയോജകന്റെ അംശദായം കൊടുക്കേണ്ടിവരുമായിരുന്നു എന്ന് കാർപ്പറേഷന് ബോദ്ധ്യമാകുന്നു എങ്കിൽ, ആ ആഴ്ചയിലേയ്ക്ക് ജോലിക്കാരന്റെ അംശദായം കൊടുക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

73 ഘ. **നിയോജകന്റെ വിശേഷാൽ അംശദായം വസൂലാക്കുന്ന സമ്പ്രദായം.**—ഈ അദ്ധ്യായത്തിൻകീഴിൽ കൊടുക്കേണ്ട നിയോജകന്റെ വിശേഷാൽ അംശദായം, ഭൂമിക്കരക്കുടിശികയായിരുന്നാലെന്നപോലെ വസൂലാക്കാവുന്നതാണ്.

73 ങ. **കൂടുതൽ വിവരമോ റിട്ടേണോ ആവശ്യപ്പെടാനുള്ള അധികാരം.**—ഈ ആക്ററിൽ അടങ്ങുന്ന മററു വ്യവസ്ഥകൾക്ക് ഭംഗം വരാതെ, കാർപ്പറേഷന്, ഈ അദ്ധ്യായത്തിൻകീഴിൽ നിയോജകന്റെ വിശേഷാൽ അംശദായം കൊടുക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കുന്നതിനുവേണ്ടിയോ, അതിന്റെ തുക തീരുമാനിക്കുന്നതിനുവേണ്ടിയോ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി, ഏതെങ്കിലും മുഖ്യനിയോജകനോടോ തൊട്ടുമീതെയുള്ള നിയോജകനോടോ മററേതെങ്കിലും ആളോടോ, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന

വിവരമോ റിട്ടേണുകളോ, അങ്ങനെ വിനിർദ്ദേശിക്കപ്പെടുന്ന അധികാരസ്ഥാനത്തിന്, അങ്ങനെ വിനിർദ്ദേശിക്കപ്പെടുന്ന ഫാറത്തിലും സമയത്തിനുള്ളിലും നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

73 ച. നിയോജകന്റെ വിശേഷാൽ അംശദായങ്ങൾ സംബന്ധിച്ച് ഒഴിവാക്കാനുള്ള അധികാരം കേന്ദ്രഗവൺമെന്റിനാൽ മാത്രം പ്രയോഗിക്കപ്പെടേണ്ടതാണെന്ന്.—ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കേന്ദ്ര ഗവൺമെന്റിന് ഏതെങ്കിലും ഫാക്ടറിയുടേയോ സ്ഥാപനത്തിന്റേയോ, തരം ഫാക്ടറിയുടേയോ തരം സ്ഥാപനങ്ങളുടേയോ വലുപ്പമോ സ്ഥാനമോ, അല്ലെങ്കിൽ അതിൽ നടത്തിക്കൊണ്ടുപോകുന്ന വ്യവസായത്തിന്റെ പ്രകൃതമോ പരിഗണിച്ച് ആ ഫാക്ടറിയേയോ സ്ഥാപനത്തേയോ തരം ഫാക്ടറികളേയോ തരം സ്ഥാപനങ്ങളേയോ, ഈ വകുപ്പിൻ കീഴിൽ നിയോജകന്റെ വിശേഷാൽ അംശദായം കൊടുക്കുന്നതിൽനിന്ന് ഒഴിവാക്കാവുന്നതും, 87 മുതൽ 91 ഉൾപ്പെടെ വകുപ്പുകളിൽ അടങ്ങുന്ന യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ഒഴിവാക്കൽ നൽകാൻ ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റിനെ പ്രാധികാരപ്പെടുത്തുന്നതായി കരുതപ്പെടാവുന്നതല്ലാത്തതും ആകുന്നു.

73 ഛ. ഈ ആക്ററിലെ ചില വ്യവസ്ഥകൾ നിയോജകന്റെ വിശേഷാൽ അംശദായത്തിന് ബാധകമാകുന്നത്.—ഈ അദ്ധ്യായത്തിൽ മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, നിയോജകന്റെ വിശേഷാൽ അംശദായം കൊടുക്കുകയോ വസൂലാക്കുകയോ ചെയ്യുന്നതും, അത് സംബന്ധിച്ച് വിനിർദ്ദേശിക്കപ്പെടുന്ന ദണ്ഡനങ്ങളും അതിന് ആനുഷംഗികമായ മററെല്ലാം വിഷയങ്ങളും സംബന്ധിച്ച IV-ാം അദ്ധ്യായത്തിലേയും 72-ാം വകുപ്പിലേയും VII-ാം അദ്ധ്യായത്തിലേയും വ്യവസ്ഥകളും, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളും റഗുലേഷനുകളും, ആകുന്നത്ര അവ ഈ അദ്ധ്യായം പ്രാബല്യത്തിൽ ഇല്ലാതിരിക്കുകയും, ഈ ആക്ററിൻ കീഴിൽ നിയോജകന്റെ അംശദായം കൊടുക്കേണ്ടതായിരുന്നിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നിയോജകന്റെ അംശദായം സംബന്ധിച്ച് ബാധകമാകുമായിരുന്നതുപോലെ ബാധകമാകുന്നതാണ്.

73 ജ. 1966-ലെ 44-ാം നമ്പർ ആക്ററ് 31-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.

73. ഝ. അദ്ധ്യായം V കയുടെ കാലദൈർഘ്യം.—കേന്ദ്രഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും വിജ്ഞാപനത്തിന്റെ തീയതി മുതൽ മൂന്നു മാസത്തിനു മുമ്പുള്ളതല്ലാത്തതും ആയ ഒരു തീയതി പ്രഭാവമില്ലാതായിത്തീരുമെന്ന് നിദേശിക്കാവുന്നതാണ്:

എന്നാൽ, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് അപ്രകാരം പ്രഭാവമില്ലാതായിത്തീരുന്നതിൻമേൽ, സാമാന്യ ഖണ്ഡങ്ങൾ ആക്ററ്, 1897 (1897-ലെ 10) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ഒരു കേന്ദ്ര ആക്ററിനാൽ അപ്പോൾ റദ്ദാക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ ബാധകമാകുന്നതാണ്.

## അദ്ധ്യായം VI

## തർക്കങ്ങളുടേയും അവകാശവാദങ്ങളുടേയും ന്യായനിർണ്ണയം

74. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഏർപ്പെടുത്തൽ.—(1) സ്റ്റേററ് ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തദ്ദേശപ്രദേശത്തിന് ഒരു ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഏർപ്പെടുത്തേണ്ടതാകുന്നു.

(2) കോടതി, സ്റ്റേററ്ഗവൺമെൻറിന് യുക്തമെന്നു തോന്നുന്നത്ര ജഡ്ജിമാർ അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(3) ഒരു നീതിന്യായ ഉദ്യോഗസ്ഥൻ ആയിരിക്കുകയോ ആയിരുന്നിരിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ അഞ്ചു വർഷത്തെ പ്രാക്ററീസുള്ള അഭിഭാഷകനായിരിക്കുന്നതോ ആയ ഏതെങ്കിലും ആാം, ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയിലെ ജഡ്ജിയായിരിക്കാൻ യോഗ്യനായിരിക്കുന്നതാണ്.

(4) സ്റ്റേററ് ഗവൺമെൻറിന്, രണ്ടോ അതിലധികമോ തദ്ദേശപ്രദേശങ്ങാംക്കായി ഒരേ കോടതിയേയോ, അല്ലെങ്കിൽ ഒരേ തദ്ദേശപ്രദേശത്തിനായി രണ്ടോ അതിലധികമോ കോടതികളേയോ നിയമിക്കാവുന്നതാണ്.

(5) ഒരേ തദ്ദേശപ്രദേശത്തിനായി ഒന്നിലധികം കോടതികാം നിയമിക്കപ്പെട്ടിട്ടുള്ളിടത്ത്, സ്റ്റേററ് ഗവൺമെൻറിന്, അവയ്ക്കിടയിൽ കാര്യങ്ങാം വീതിക്കുന്നത സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി ക്രമപ്പെടുത്താവുന്നതാണ്.

75. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി തീരുമാനിക്കേണ്ടവിഷയങ്ങാം.—(1) (ക) ഏതെങ്കിലും ആാം ഈ ആക്ററിന്റെ അർത്ഥത്തിൽ ഒരു ജോലിക്കാരനാണോ എന്നോ അയാാം ജോലിക്കാരന്റെ അംശദായം നല്കാൻ ബാദ്ധ്യസ്ഥനാണോ എന്നോ ഉള്ളതു സംബന്ധിച്ചോ,

(ഖ) ഈ ആക്ററിന്റെ ആവശ്യങ്ങാംക്ക് ഒരു ജോലിക്കാരന്റെ കൂലിയുടെ നിരക്കോ, ശരാശരി ദിവസക്കൂലിയോ സംബന്ധിച്ചോ,

(ഗ) ഏതെങ്കിലും ജോലിക്കാരനെ സംബന്ധിച്ച് ഒരു മുഖ്യ നിയോജകൻ കൊടുക്കേണ്ട അംശദായത്തിന്റെ നിരക്കു സംബന്ധിച്ചോ,

(ഘ) ഏതെങ്കിലും ജോലിക്കാരനെ സംബന്ധിച്ച് മുഖ്യ നിയോജകനായിരിക്കുന്നതോ ആയിരുന്നതോ ആയ ആളെ സംബന്ധിച്ചോ,

(ങ) ഏതെങ്കിലും ആാംക്ക് ഏതെങ്കിലും ആനുകൂല്യത്തിനുള്ള അവകാശത്തേയും അതിന്റെ തുകയേയും കാലദൈർഘ്യത്തേയും സംബന്ധിച്ചോ,

(ങ, ങ) ആശ്രിതരുടെ ആനുകൂല്യങ്ങാം ഏതെങ്കിലും കൊടുക്കൽ റദ്ദുചെയ്യുന്നതിൻമേൽ 55 ക വകുപ്പിൻകീഴിൽ കാർപ്പറേഷൻ പുറപ്പെടുവിക്കുന്ന ഏതെങ്കിലും നിദേശം സംബന്ധിച്ചോ,

(ച) [1966-ലെ 44-ാം നമ്പർ ആക്ററ് 32-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.]

(ഛ) ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ടതോ വസൂലാക്കാവുന്നതോ ആയ ഏതെങ്കിലും അംശദായമോ, ആനുകൂല്യമോ, കൊടുക്കാനുള്ള മററുവല്ലതുമോ ഒരു മുഖ്യ നിയോജകനും കാർപ്പറേഷനും തമ്മിലോ, ഒരു മുഖ്യ നിയോജകനും തൊട്ടുമീതെയുള്ള നിയോജകനും തമ്മിലോ, ഒരാളും കാർപ്പറേഷനും തമ്മിലോ, ഒരു ജോലിക്കാരനും മുഖ്യനിയോജകനും അല്ലെങ്കിൽ, തൊട്ടു മീതെയുള്ള നിയോജകനും തമ്മിലോ, തർക്കത്തിലുള്ള മറേറതെങ്കിലും വിഷയമോ, അല്ലെങ്കിൽ ഈ ആക്ററിൻകീഴിൽ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി തീരുമാനിക്കേണ്ടതോ അതിന് തീരുമാനിക്കാവുന്നതോ ആയ മറേറതെങ്കിലും വിഷയമോ സംബന്ധിച്ചോ,

ഏതെങ്കിലും പ്രശ്നമോ തർക്കമോ ഉൽഭവിക്കുന്നുവെങ്കിൽ, അങ്ങനെയുള്ള പ്രശ്നമോ തർക്കമോ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി ഈ ആക്ററിന്റെ വ്യവസ്ഥ അനുസരിച്ച് (2ക) ഉപവകുപ്പിലെ വ്യവസ്ഥയ്ക്ക് വിധേയമായി തീരുമാനിക്കേണ്ടതാകുന്നു.

(2)ക ഉപവകുപ്പിലെ വ്യവസ്ഥകാംക്ക് വിധേയമായി, താഴെ പറയുന്ന അവകാശവാദങ്ങാം ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയാൽ തീരുമാനിക്കപ്പെടുന്നതാകുന്നു, അതായത്:—

(ക) മുഖ്യനിയോജകനിൽനിന്ന് അംശദായങ്ങൾ വസൂലാക്കാനുള്ള അവകാശവാദം,

(ഖ) ഏതെങ്കിലും തൊട്ടുമീതേയുള്ളനിയോജകനിൽനിന്ന്അംശദായം വസൂലാക്കാൻ ഒരു മുഖ്യനിയോജകനാലുള്ള അവകാശവാദം,

(ഗ) [1966-ലെ 44-ാം നമ്പർ ആക്ററ് 32-ാം വകുപ്പിനാൽ വിട്ടുകളയപ്പെട്ടു.]

(ഘ) 68-ാം വകുപ്പിനു കീഴിൽ മുഖ്യ നിയോജകന് എതിരായുള്ള അവകാശവാദം,

(ങ) തനിക്കു നിയമാനുസൃതമായി അവകാശം ഇല്ലാതിരിക്കുമ്പോൾ ഒരാൾക്കു കിട്ടിയ ആനുകൂല്യങ്ങളുടെ മൂല്യമോ തുകയോ വസൂലാക്കുന്നതിനുള്ള 70-ാം വകുപ്പിൻ കീഴിലെ അവകാശവാദം,

(ച) ഈ ആക്ററിൻ കീഴിൽ അനുവദനീയമായ ഏതെങ്കിലും ആനുകൂല്യം വസൂലാക്കാനുള്ള ഏതെങ്കിലും അവകാശവാദം.

(2ക) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെയുള്ള ഏതെങ്കിലും നടപടികളിൽ, ഒരു അവശനാക്കപ്പെടൽ പ്രശ്നം ഉദ്ഭവിക്കുകയും, അതിൻമേൽ ഒരു മെഡിക്കൽ ബോർഡിന്റെയോ മെഡിക്കൽ അപ്പീൽ ട്രിബൂണലിന്റേയോ തീരുമാനം, ലഭിച്ചിട്ടില്ലാതിരിക്കുകയും, അങ്ങനെയുള്ള പ്രശ്നത്തിന്റെ തീരുമാനം, ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെയുള്ള അവകാശവാദമോ പ്രശ്നമോ തീർപ്പാക്കുന്നതിൽ ആവശ്യകമായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ കോടതി ആ പ്രശ്നം ഈ ആക്ററു പ്രകാരം തീരുമാനിക്കാൻ കാർപ്പറേഷനോട് നിർദേശിക്കേണ്ടതും, അതിനുശേഷം, കോടതി മുമ്പാകെയുള്ള അവകാശവാദമോ പ്രശ്നമോ 54ക വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളിടത്തൊഴികെ, അതതുസംഗതി പോലെ, മെഡിക്കൽ ബോർഡിന്റെയോ മെഡിക്കൽ അപ്പീൽ ട്രിബൂണലിന്റേയോ തീരുമാനമനുസരിച്ച് തീർപ്പാക്കാൻ നടപടി തുടരേണ്ടതും, അപ്രകാരം അപ്പീൽ ഫയൽ ചെയ്തിട്ടുള്ള സംഗതിയിൽ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിക്കു തന്നെ അതിന്റെ മുമ്പാകെ ഉദ്ഭവിക്കുന്ന എല്ലാ വിവാദ്യങ്ങളും തീർപ്പാക്കാവുന്നതും, ആണ്.

(3) യാതൊരു സിവിൽക്കോടതിക്കും മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും പ്രശ്നമോ തർക്കമോ തീരുമാനിക്കാനോ കൈകാര്യം ചെയ്യാനോ അല്ലെങ്കിൽ ഈ ആക്ററ് പ്രകാരമോ അതിൻ കീഴിലോ, ഒരു മെഡിക്കൽ ബോർഡിനാലോ, ഒരു മെഡിക്കൽ അപ്പീൽ ട്രിബൂണലിനാലോ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയാലോ തീരുമാനിക്കപ്പെടേണ്ട ഏതെങ്കിലും ബാദ്ധ്യതയെക്കുറിച്ച് ന്യായനിർണ്ണയം ചെയ്യാനോ അധികാരിത ഉണ്ടായിരിക്കുന്നതല്ല.

76. നടപടികൾ ആരംഭിക്കൽ മുതലായവ.— (1) ഈ ആക്ററിലേയും, സ്റേററ് ഗവൺമെൻറു ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി, ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെയുള്ള എല്ലാ നടപടികളും പ്രശ്നമോ തർക്കമോ ഉദ്ഭവിച്ച സമയത്ത് ഇൻഷ്വർ ചെയ്ത ആൾ പ്രവൃത്തി ചെയ്തുകൊണ്ടിരുന്ന തദ്ദേശ പ്രദേശത്തേക്കു നിയമിക്കപ്പെട്ടിട്ടുള്ള കോടതിയിൽ ആരംഭിക്കേണ്ടതാകുന്നു.

(2) കോടതിക്ക്, അതിന്റെ മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും നടപടിയിൽ നിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും വിഷയം, കൂടുതൽ സൗകര്യപ്രദമായി അതേ സ്റേററിലുള്ള മറേറതെങ്കിലും ജോലിക്കാരുടെ

ഇൻഷ്വറൻസുകോടതിക്ക് കൈകാര്യം ചെയ്യാൻകഴിയുമെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള വിഷയം സ്റേററു ഗവൺമെൻറ് ഇതിലേയ്ക്കു ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി അങ്ങനെയുള്ള മറേറക്കോടതിയിലേക്കു തീർപ്പിന്നായി മാററണമെന്നു ഉത്തരവു ചെയ്യാവുന്നതും, കോടതി ആ വിഷയവുമായി ബന്ധപ്പെട്ട റിക്കാർഡുകൾഉടനടി അങ്ങനെയുള്ള മറേറ കോടതിയ്ക്കു അയച്ചു കൊടുക്കേണ്ടതും ആകുന്നു.

(3) സ്റേററുഗവൺമെൻറിന്, സ്റേററിലെ ഏതെങ്കിലും ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെ നിലവിലിരിക്കുന്ന ഏതെങ്കിലും വിഷയം മററൊരു സ്റേററിലെ അങ്ങനെയുള്ള ഏതെങ്കിലും കോടതിയിലേക്ക്, ആ സ്റേററിലെ സ്റേററുഗവൺമെൻറിൻെറ സമ്മതത്തോടുകൂടി മാററാവുന്നതാണ്.

(4) ഏതു കോടതിയിലേയ്ക്കാണോ (2)-ാം ഉപവകുപ്പിനോ (3)-ാം ഉപവകുപ്പിനോ കീഴിൽ ഏതെങ്കിലും വിഷയം മാററുന്നത്, ആ കോടതി, നടപടികൾ, ആദ്യമേതന്നെ ആ കോടതിയിൽ ആരംഭിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ തുടരേണ്ടതാകുന്നു.

77. നടപടികളുടെ പ്രാരംഭം.— (1) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി മുമ്പാകെയുള്ള നടപടികൾ അപേക്ഷവഴി ആരംഭിക്കേണ്ടതാകുന്നു.

(1 ക) അങ്ങനെയുള്ള ഏതൊരു അപേക്ഷയും വ്യവഹാരകാരണം ഉത്ഭവിക്കുന്ന തീയതി മുതൽ മൂന്നുവർഷത്തെക്കാലയളവിനുള്ളിൽ നടത്തേണ്ടതാകുന്നു.

വിശദീകരണം.— ഈ ഉപവകുപ്പിൻെറ ആവശ്യങ്ങൾക്ക്—

(ക) ആനുകൂല്യത്തിനുള്ള ഒരു അവകാശവാദം സംബന്ധിച്ച വ്യവഹാരകാരണം, അവകാശപ്പെട്ടതു കൊടുക്കാനുള്ളതായിത്തീർന്നതിനുശേഷം, പന്ത്രണ്ടുമാസകാലയളവിനുള്ളിലോ, അല്ലെങ്കിൽ ന്യായമാണെന്ന് തോന്നുന്ന കാരണങ്ങളിൻമേൽ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി അനുവദിക്കുന്ന കൂടുതൽ കാലയളവിനുള്ളിലോ, ഇൻഷ്വർ ചെയ്യപ്പെട്ട ആളോ, ആശ്രിതരുടെ ആനുകൂല്യത്തിൻെറ സംഗതിയിൽ, ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ ആശ്രിതരോ, അതിലേക്കു ഉണ്ടാക്കപ്പെടുന്ന റഗുലേഷനുകൾ അനുസരിച്ച്, ആ ആനുകൂല്യം അവകാശപ്പെടാത്തപക്ഷം ഉത്ഭവിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും.

(ഖ) മുഖ്യനിയോജകനിൽനിന്ന് അംശദായങ്ങൾ വസൂലാക്കാൻ കാർപ്പറേഷനാലുള്ള ഒരു അവകാശവാദമോ, തൊട്ടുമിതേയുള്ള നിയോജകനിൽ നിന്ന് അംശദായങ്ങൾ വസൂലാക്കാൻ മുഖ്യനിയോജകനാലുള്ള ഒരു അവകാശവാദമോ വ്യവഹാരകാരണം, അംശദായങ്ങൾ കൊടുത്തിട്ടുള്ളതിൻെറ തെളിവ്, റഗുലേഷനുകൾക്കുകീഴിൽ കാർപ്പറേഷന് കിട്ടേണ്ടതായിരിക്കുന്ന തീയതി വരെ ഉദ്ഭവിക്കുന്നതായി കരുതപ്പെടുന്നതല്ലാത്തതും, ആകുന്നു.

(2) അങ്ങനെയുള്ള ഏതൊരു അപേക്ഷയും, സ്റേററു ഗവൺമെൻറു കാർപ്പറേഷനുമായി ആലോചിച്ചതിനുശേഷം ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതും വിവരങ്ങൾ അടങ്ങിയതും, ഫീസ് വല്ലതും ഉണ്ടെങ്കിൽ അതു സഹിതമുള്ളതും ആയിരിക്കേണ്ടതാകുന്നു.

78. ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയുടെ അധികാരങ്ങൾ.— (1) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിക്ക്, സാക്ഷികളെ സമൺ ചെയ്യുകയും ഹാജരാക്കിക്കുകയും ചെയ്യുക, രേഖകളുടെയും ലക്ഷ്യവസ്തുക്കളുടെയും വെളിപ്പെടുത്തലിനും, ഹാജരാക്കലിനും നിർബന്ധിക്കുക, ശപഥം ചെയ്യിക്കുക, തെളിവ് റിക്കാർഡാക്കുക എന്നീ ആവശ്യങ്ങൾക്കു ഒരു സിവിൽ ക്കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള

കോടതി ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ലെ 195-ാം വകുപ്പിന്റേയും XXXV-ാം അദ്ധ്യായത്തിന്റേയും അർത്ഥത്തിൽ സിവിൽ ക്കോടതിയായി കരുതപ്പെടുന്നതും, ആകുന്നു.

(2) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതി, സ്റ്റേറ്റു ഗവൺമെന്റ് ഉണ്ടാക്കുന്ന ചട്ടങ്ങൾ വിനിർദ്ദേശിക്കുന്ന നടപടിക്രമം അനുവർത്തിക്കേണ്ട താകുന്നു.

(3) ജോലിക്കാരുടെ ഇൻഷ്വറൻസു കോടതി മുമ്പാകെയുള്ള ഏതെ ങ്കിലും നടപടികൾക്ക് ആനുഷംഗികമായ എല്ലാ കോടതിച്ചെലവും, സ്റ്റേറ്റു ഗവൺമെന്റു ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, കോടതിക്ക് സ്വവിവേകം ഉപയോഗിച്ചു നിശ്ചയിക്കാവുന്നതായിരിക്കുന്നതാണ്.

(4) ജോലിക്കാരുടെ ഇൻഷ്വറൻസു കോടതിയുടെ ഉത്തരവു, ഒരു സിവിൽക്കോടതി ഒരു വ്യവഹാരത്തിൽ പാസ്സാക്കുന്നവിധിയായിരുന്നാലെ ന്നപോലെ പ്രാവർത്തികമാക്കപ്പെടാവുന്നതായിരിക്കുന്നതാണ്.

79. അഭിഭാഷകർ ഹാജരാകുന്നതും മററും.— സാക്ഷിയായി വിസ്തരി ക്കപ്പെടുന്നതിനു വേണ്ടി ആവശ്യപ്പെട്ടിട്ടുള്ള ഹാജരാകൽ ഒരാളുടെ, ഒഴികെ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയ്ക്കോ കോടതി മുമ്പാകെയോ ഏതെ ങ്കിലും ആൾ കൊടുക്കുകയോ ചെയ്യുകയോ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും അപേക്ഷയോ ഹാജരാകലോ കൃത്യമോ, ഒരു അഭിഭാഷകനോ, അങ്ങ നെയുള്ള ആൾ ലിഖിതമായി പ്രാധികാരപ്പെടുത്തുന്ന രജിസ്റ്റേറഡ് ട്രേഡ് യൂണിയൻ ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ കോടതിയുടെ അനുവാദത്തോടു കൂടി അപ്രകാരം പ്രാധികാരപ്പെടുത്തുന്ന മററു ഏതെങ്കിലും ആൾക്കോ കൊടു ക്കുകയോ ചെയ്യുകയോ ചെയ്യാവുന്നതാണ്.

80. [1966-ലെ 44-ാം നമ്പർ ആക്ററ് 34-ാം വകുപ്പിനാൽ വിട്ടുകള യപ്പെട്ടു.]

81. ഹൈക്കോടതിയിലേയ്ക്കുള്ള റഫറൻസ്.— ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിക്ക്, ഏതെങ്കിലും നിയമപ്രശ്നം ഹൈക്കോടതിയുടെ തീരുമാനത്തിനായി സമർപ്പിക്കാവുന്നതും, അപ്രകാരം ചെയ്യുന്നുവെങ്കിൽ, അത്, അതിന്റെ മുമ്പാകെ നിലവിലിരിക്കുന്ന പ്രശ്നം, അങ്ങനെയുള്ള തീരുമാനമനുസരിച്ച് തീരുമാനിക്കേണ്ടതും ആകുന്നു.

82. അപ്പീൽ.— (1) ഈ വകുപ്പിൽ പ്രകടമായി വ്യവസ്ഥ ചെയ്യുന്ന വിധമൊഴികെ, ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയുടെ ഉത്തരവിൽ നിന്ന് അപ്പീലുണ്ടായിരിക്കുന്നതല്ല.

(2) ജോലിക്കാരുടെ ഇൻഷ്വറൻസു കോടതിയുടെ ഒരു ഉത്തരവ് സാരവ ത്തായ ഒരു നിയമപ്രശ്നം ഉൾക്കൊള്ളുന്നതാണെങ്കിൽ, അതിൽനിന്ന് ഹൈ ക്കോടതിയിലേക്ക് അപ്പീൽ ഉണ്ടായിരിക്കുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ അപ്പീലിനുള്ള കാലഹരണ കാലാവധി അറു പതുദിവസമായിരിക്കുന്നതാണ്.

(4) കാലഹരണ ആക്ററ് 1908 (1908-ലെ IX))-ലെ 5-ം, 12-ം വകു പ്പുകളിലെ വ്യവസ്ഥകൾ, ഈ വകുപ്പിൻകീഴിലെ അപ്പീലുകൾക്ക് ബാധക മായിരിക്കുന്നതാണ്.

83. അപ്പീൽ നിലവിലിരിക്കേ പണം കൊടുക്കൽ നിറുത്തിവയ്ക്കു ന്നത്.— ജോലിക്കാരുടെ ഇൻഷ്വറൻസുകോടതിയുടെ ഒരു ഉത്തരവിനെതി രായി, കാർപ്പറേഷൻ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളിടത്ത്, ആ കോടതിക്ക് ഏത് ഉത്തരവിനെതിരായാണോ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളത് ആ ഉത്തരവ്, കൊടു ക്കാൻ നിദേശിക്കുന്ന ഏതെങ്കിലും തുക പിടിച്ചുവയ്ക്കാവുന്നതും, ഹൈക്കോ ടതി നിദേശിക്കുന്നുവെങ്കിൽ, അപ്രകാരം പിടിച്ചുവയ്ക്കേണ്ടതും, ആകുന്നു.

## അദ്ധ്യായം VII

## ദണ്ഡനങ്ങൾ

84 വ്യാജപ്രസ്താവനയ്ക്കുള്ള ശിക്ഷ .— ഈ ആക്ററിൻ കീഴിൽ പണം കൊടുക്കുന്നതിലോ ആനുകൂല്യത്തിലോ ഏതെങ്കിലും വർദ്ധന ഉണ്ടാക്കുന്നതിന് വേണ്ടിയോ, അല്ലെങ്കിൽ ഈ ആക്ററിലോ ആക്ററിൻ കീഴിലോ പണം കൊടുക്കുന്നതോ പ്രാധികാരപ്പെടുത്താതിരിക്കുന്നിടത്ത്, ഏതെങ്കിലും പണം കൊടുപ്പിക്കുന്നതിനോ ആനുകൂല്യം നല്കുന്നതിനോ, വേണ്ടിയോ, അല്ലെങ്കിൽ ഈ ആക്ററിൻ കീഴിൽ താൻ പണം കൊടുക്കേണ്ടത് ഏതെങ്കിലും, ഒഴിവാക്കുകയോ പണം കൊടുക്കുന്നതു ഒഴിവാക്കാൻ മറേറതെങ്കിലും ആരംക്കു കഴിവ് ഉണ്ടാക്കുകയോ ചെയ്യുന്നതിനുവേണ്ടിയോ ബോധപൂർവ്വം എന്തെങ്കിലും വ്യാജപ്രസ്താവന ചെയ്യുകയോ ചെയ്യിപ്പിക്കുകയോ വ്യാജമായി എന്തെങ്കിലും ധരിപ്പിക്കുകയോ ധരിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന തടവുശിക്ഷയോ 500 രൂപയിൽ കവിയാത്ത പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

85. അംശദായങ്ങൾ കൊടുക്കാതിരിക്കലിനും മററുമുള്ള ശിക്ഷ.— ഏതെങ്കിലുംആൾ—

(ക) ഈ ആക്ററിൻ കീഴിൽ താൻ കൊടുക്കാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും അംശദായം കൊടുക്കാതിരിക്കുകയോ,

(ഖ) ജോലിക്കാരൻെറ കൂലിയിൽനിന്നും നിയോജകൻെറ അംശദായം മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ കിഴിവുചെയ്യുകയോ കിഴിവു ചെയ്യാൻ ശ്രമിക്കുകയോ,

(ഗ) 72-ാം വകുപ്പ് ഉല്ലംഘിച്ചുകൊണ്ട്, ഒരു ജോലിക്കാരൻ അനുവദനീയമായ കൂലിയോ ഏതെങ്കിലും വിശേഷാവകാശങ്ങളോ ആനുകൂല്യങ്ങളോ കുറയ്ക്കുകയോ,

(ഘ) 73-ാം വകുപ്പോ ഏതെങ്കിലും റഗുലേഷനോ ഉല്ലംഘിച്ചുകൊണ്ട്, ഒരു ജോലിക്കാരനെ ഡിസ്മിസ് ചെയ്യുകയോ ഡിസ്ചാർജ് ചെയ്യുകയോ തരം താഴ്ത്തുകയോ മററുവിധത്തിൽ ശിക്ഷിക്കുകയോ,

(ങ) റഗുലേഷൻ ആവശ്യപ്പെടുന്ന ഏതെങ്കിലും റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ, അല്ലെങ്കിൽ സമർപ്പിക്കാൻ വിസമ്മതിക്കുകയോ വ്യാജമായ റിട്ടേൺ കൊടുക്കുകയോ,

(ച) ഏതെങ്കിലും ഇൻസ്പെക്ററേയോ കോർപ്പറേഷനിലെ മററു ഉദ്യോഗസ്ഥനേയോ അയാളുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തടസപ്പെടുത്തുകയോ,

(ഛ) ഈ ആക്ററോ ചട്ടങ്ങളോ റഗുലേഷനുകളോ ആവശ്യകമാണെന്ന് പറയുന്ന ഏതുകാര്യങ്ങൾ സംബന്ധിച്ചാണോ യാതൊരു പ്രത്യേക ദണ്ഡനവും വ്യവസ്ഥ ചെയ്തിട്ടില്ലാത്തത്, അങ്ങനെയുള്ള കാര്യങ്ങളിൽ ഏതെങ്കിലും ഉല്ലംഘിച്ചതിനോ, അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നതിനോ അപരാധിയാവുകയോ,ചെയ്യുന്നുവെങ്കിൽ, അയാൾ—

(i) (ക) ഖണ്ഡത്തിൻകീഴിലെ ഒരു കുററം ചെയ്യുന്നിടത്ത്, അയാൾ ആറുമാസത്തോളമാകാവുന്നതും എന്നാൽ—

(ക) ജോലിക്കാരുടെ കൂലിയിൽനിന്നു കിഴിവുചെയ്തിട്ടുള്ള ജോലിക്കാരുടെ അംശദായം കൊടുക്കാതിരിക്കുന്ന സംഗതിയിൽ മൂന്നു മാസത്തിൽ കുറയാൻ പാടില്ലാത്തതും

(ഖ) മറേറതെങ്കിലും സംഗതിയിൽ ഒരു മാസത്തിൽ കുറയാൻ പാടില്ലാത്തതും,

ആയ തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, രണ്ടായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും :

എന്നാൽ, കോടതിക്കു, വിധിന്യായത്തിൽ റിക്കാർഡാക്കാൻ പര്യാപ്തവും പ്രത്യേകവുമായ കാരണങ്ങളാൽ, അതിലും കുറഞ്ഞ കാലത്തേക്കുള്ള തടവു ശിക്ഷാവിധിയോ തടവുശിക്ഷയ്ക്ക് പകരം പിഴ ശിക്ഷാവിധി മാത്രമോ ചുമത്താവുന്നതും,

(ii) (ഖ) മുതൽ (ഛ) വരെ (രണ്ടും ഉൾപ്പെടെ) ഉള്ള ഖണ്ഡങ്ങളിൽ ഏതിനെങ്കിലും കീഴി ല ഒരു കുററം ചെയ്യുന്നിടത്ത്, അയാൾ ആറു മാസത്തോളമാകാവുന്ന തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആകുന്നു.

85. ക. <u>കുററസ്ഥാപനത്തിനുശേഷം ചില സംഗതികളിൽ വർദ്ധിപ്പിച്ച ശിക്ഷ.</u>—ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് ഒരു കോടതിയാൽ കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, അതേ കുററം ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഏതൊരു പിന്നീടുള്ള കുററത്തിനും ഒരു വർഷത്തോളമാകാവുന്ന തടവുശിക്ഷയോ രണ്ടായിരം രൂപയോളമാകാവുന്ന പിഴ ശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള പിന്നീടുള്ള കുററം, നിയോജകൻ ഈ ആക്ററിൻ കീഴിൽ, താൻ കൊടുക്കാൻ ബാദ്ധ്യസ്ഥനായ ഏതെങ്കിലും അംശദായം കൊടുക്കാതിരിക്കുന്നതിനായിട്ടുള്ളിടത്ത്, അയാൾ അങ്ങനെയുള്ള ഏതൊരു പിന്നീടുള്ള കുററത്തിനും, ഒരു വർഷത്തോളമാകാവുന്നതും, എന്നാൽ മൂന്നു മാസത്തിൽ കുറയാത്തതുമായ കാലത്തേക്കുള്ള തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും, നാലായിരം രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആകുന്നു.

85. ഖ. <u>നഷ്ടപ്പരിഹാരം വസൂലാക്കാനുള്ള അധികാരം.</u>—(1) നിയോജകൻ, ഏതെങ്കിലും അംശദായം സംബന്ധിച്ച് കൊടുക്കാനുള്ള തുകയോ, ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട മറേറതെങ്കിലും തുകയോ കൊടുക്കാതിരിക്കുന്നിടത്ത്, കോർപ്പറേഷന് നിയോജകനിൽനിന്ന്, ചുമത്തുന്നതു യുക്തമെന്നു തോന്നുന്നതും, കുടിശ്ശികത്തുകയിൽ കവിയാത്തതും ആയ നഷ്ടപരിഹാരം വസൂലാക്കാവുന്നതും ആണ് :

എന്നാൽ, അങ്ങനെയുള്ള നഷ്ടപരിഹാരം വസൂലാക്കുന്നതിനുമുമ്പ് നിയോജകന് പറയാനുള്ളത് പറയുവാൻ ന്യായമായ അവസരം നല്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ വസൂലാക്കപ്പെടാവുന്ന ഏതെങ്കിലും നഷ്ടപരിഹാരം, ഭൂമി കരക്കുടിശ്ശിക ആയിരുന്നാലെന്നപോലെ വസൂലാക്കപ്പെടാവുന്നതാണ്.

85 ഗ. <u>ഉത്തരവുകൾ പുറപ്പെടുവിക്കാൻ കോടതിക്കുള്ള അധികാരം.</u>—(1) നിയോജകൻ, ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും അംശദായം കൊടുക്കാതിരിക്കുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, ഏതെങ്കിലും ശിക്ഷ നല്കുന്നതിനു പുറമേ കോടതിക്ക് ലിഖിതമായ ഉത്തരവുവഴി, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന കാലാവധിക്കുള്ളിൽ(കോടതിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ അതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ അപ്പോഴപ്പോൾ, അത് നീട്ടികൊടുക്കാവുന്നതാണ്.) ഏത് അംശദായത്തുക സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടത്, ആ അംശദായത്തുക കൊടുക്കാൻ അയാളോട് ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, കോടതി അനുവദിക്കുന്ന കാലാവധിയിലോ നീട്ടികൊടുക്കൽ കാലാവധി വല്ലതുമുണ്ടെങ്കിൽ അതിലോ, കുററം തുടരുന്നത് സംബന്ധിച്ച് നിയോജകൻ ഈ ആക്ററിൻ കീഴിൽ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ലാത്തതും, എന്നാൽ, അതതു സംഗതിപോലെ, അങ്ങനെയുള്ള കാലാവധിയോ നീട്ടികൊടുത്ത കാലാവധിയോ കഴിയുന്നതിൻമേൽ കോടതിയുടെ ഉത്തരവ് പൂർണ്ണമായി അനുസരിച്ച് പ്രവർത്തിച്ചിട്ടില്ലെങ്കിൽ, നിയോജകൻ, ഒരു കൂടുതലായുള്ള കുററം ചെയ്തിട്ടുള്ളതായി കരുതുന്നതും, അതു സംബന്ധിച്ച് 85-ാം വകുപ്പിൻകീഴിൽ തടവു നൽകി ശിക്ഷിക്കപ്പെടുന്നതും, അങ്ങനെ കാലാവധി കഴിഞ്ഞതിനുശേഷം ഉത്തരവ് അനുസരിച്ച് പ്രവർത്തിച്ചിട്ടില്ലാത്ത ഏതൊരു ദിവസത്തിനും നൂറു രൂപയോളം ആകാവുന്ന പിഴ കൊടുക്കാൻ കൂടി ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

86. പ്രാസിക്യൂഷൻ.—(1) ഈ ആക്ററിൻ കീഴിലെ യാതൊരു പ്രാസിക്യൂഷനും, ഇൻഷ്വറൻസ് കമ്മീഷണറാലോ, ഇൻഷ്വറൻസ് കമ്മീഷണറുടെയോ, കാർപ്പറേഷൻ ഡയറക്ററർ ജനറൽ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മററു കോർപ്പറേഷൻ ഉദ്യോഗസ്ഥൻേറയോ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയോ അല്ലാതേ ആരംഭിക്കാൻ പാടുള്ളതല്ല.

(2) പ്രസിഡൻസിമജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ് മജിസ്ട്രേററിൻേറയോ കോടതിക്കുതാഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും കുററം വിചാരണചെയ്യാൻ പാടുള്ളതല്ല.

(3) ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം, അതുസംബന്ധിച്ച് കുററം ചെയ്തതായി പറയപ്പെടുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ ലിഖിതമായികൊടുക്കുന്ന ഒരു പരാതിയിൻമേലല്ലാതെ, യാതൊരു കോടതിയും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം VIII

## പലവക

87. ഒരു ഫാക്ററിയേയോ സ്ഥാപനത്തേയോ തരം ഫാക്ററികളേയോ തരം സ്ഥാപനങ്ങളേയോ ഒഴിവാക്കുന്നത്— സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, വിജ്ഞാപനത്തിൽവിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, ഏതെങ്കിലും വിനിർദ്ദിഷ്ട പ്രദേശത്തിലെ ഏതെങ്കിലും ഫാക്ററിയേയോ സ്ഥാപനത്തേയോ, തരം ഫാക്ററികളേയോ തരം സ്ഥാപനങ്ങളേയോ ഒരു വർഷത്തിൽ കവിയാത്ത കാലത്തേക്ക് ഈ ആക്ററിൻെറ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും ഒഴിവാക്കൽ സദൃശ വിജ്ഞാപനംവഴി, അപ്പോഴപ്പോൾ ഒരിക്കൽ ഒരു വർഷത്തിൽ കവിയാത്തതായ കാലങ്ങളിലേയ്ക്ക്, പുതുക്കാവുന്നതും ആണ്.

88. ആളുകളേയോ തരം ആളുകളേയോ ഒഴിവാക്കൽ.—സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, ചുമത്തുന്നത് ഉചിതമെന്നു കരുതുന്ന ഉപാധികൾക്ക് വിധേയമായും, ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും ഫാക്ററിയിലോ തരം സ്ഥാപനത്തിലോ, തരം ഫാക്ററികളിലോ സ്ഥാപനങ്ങളിലോ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആളേയോ, തരം ആളുകളേയോ ഈ ആക്ററിൻെറ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

89. കോർപ്പറേഷൻ നിവേദനം നടത്തുന്നത്.—87-ാം വകുപ്പിനോ 88-ാം വകുപ്പിനോ കീഴിൽ യാതൊരു ഒഴിവാക്കലും, അത് നല്കാനോ പുതുക്കാനോ ഉള്ള നിർദ്ദേശം സംബന്ധിച്ച് കോർപ്പറേഷൻ നടത്താൻ ആഗ്രഹിക്കുന്ന ഏതെങ്കിലും നിവേദനം നടത്താൻ, അതിനുന്യായമായ അവസരം നല്കിയിരിക്കുകയും അങ്ങനെയുള്ള നിവേദനം സമുചിത ഗവൺമെൻറ് പരിഗണിച്ചിരിക്കുകയും ചെയ്യാത്തപക്ഷം, നല്കുകയോ പുതുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

90. ഗവൺമെൻറിൻേറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻേറയോ വകയായ ഫാക്ററികളേയോ സ്ഥാപനങ്ങളേയോ ഒഴിവാക്കൽ.—സമുചിത ഗവൺമെൻറിന്, കോർപ്പറേഷനുമായി ആലോചിച്ചതിനുശേഷം ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, ഗവൺമെൻറിൻേറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻേറയോ വകയായ ഏതെങ്കിലും ഫാക്ററിയേയോ സ്ഥാപനത്തേയോ അങ്ങനെയുള്ള ഏതെങ്കിലും ഫാക്ററിയിലേയോ സ്ഥാപനത്തിലേയോ ജോലിക്കാർക്ക് സാരാംശത്തിൽ, ഈ ആക്ററിൻകീഴിൽ വ്യവസ്ഥചെയ്യുന്ന ആനുകൂല്യങ്ങൾക്ക് സദൃശമായവയോ അവയേക്കാൾ മെച്ചപ്പെട്ടവയോ ആയ ആനുകൂല്യങ്ങൾ മററു വിധത്തിൽ കിട്ടിക്കൊണ്ടിരിക്കുന്നുവെങ്കിൽ, ഈ ആക്ററിൻെറ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

91. ആക്ററിലെ, ഒന്നോ അതിലധികമോ വ്യവസ്ഥകളിൽനിന്നുള്ള ഒഴിവാക്കൽ.—സമുചിതഗവൺമെൻറിന്, കോർപ്പറേഷൻെറ സമ്മതത്തോടുകൂടി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഏതെങ്കിലും ഫാക്ററിയിലേയോ, സ്ഥാപനത്തിലേയോ, തരം ഫാക്ററികളിലേയോ, തരം സ്ഥാപനങ്ങളിലേയോ ഏതെങ്കിലും ജോലിക്കാരേയോ, തരം ജോലിക്കാരേയോ, ഈ ആക്ററിൻ കീഴിൽ വ്യവസ്ഥചെയ്യുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച, ഒന്നോ അതിലധികമോ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

91 ക. ഒഴിവാക്കലുകൾ മുൻകാല പ്രാബല്യത്തോടുകൂടിയോ പില്ക്കാലപ്രാബല്യത്തോടു കൂടിയോ ആയിരിക്കാമെന്ന്.—87-ാം വകുപ്പിനോ 88-ാം വകുപ്പിനോ 90-ാം വകുപ്പിനോ 91-ാംവകുപ്പിനോ കീഴിൽ ഒഴിവാക്കൽ നൽകുന്ന ഏതെങ്കിലും വിജ്ഞാപനം, അതിൽ വിനിർദ്ദേശിക്കുന്ന തീയതി, മുൻകാലപ്രാബല്യത്തോടുകൂടിയോ പില്ക്കാല പ്രാബല്യത്തോടുകൂടിയോ പ്രഭാവത്തിൽ വരത്തക്കവിധം പുറപ്പെടുവിക്കാവുന്നതാണ്.

92. നിദേശങ്ങൾ നൽകാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.—കേന്ദ്ര ഗവൺമെൻറിന്, ഒരു സ്റേററിൽ ഈ ആക്ററ് നടപ്പിലാക്കുന്നതു സംബന്ധിച്ച്, ആ സ്റേററ് ഗവൺമെൻറിന് നിദേശങ്ങൾ നല്കാവുന്നതാണ്.

93. കാർപ്പറേഷൻ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പബ്ലിക് സർവൻറുമാരായിരിക്കുമെന്ന്.—കാർപ്പറേഷനിലെ എല്ലാ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാനിയമസംഹിത, 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക്ക് സർവൻറുമാരായി കരുതപ്പെടുന്നതാകുന്നു.

93 ക. സ്ഥാപനത്തിൻെറ കൈമാററത്തിൻെറ സംഗതിയിലുള്ള ബാദ്ധ്യത.—ഒരു ഫാക്ററിയോ സ്ഥാപനമോ സംബന്ധിച്ച് നിയോജകൻ, ആ ഫാക്ററിയോ സ്ഥാപനമോ പൂർണ്ണമായോ ഭാഗികമായോ വില്പനയോ, ദാനമോ, പാട്ടം (വാടക) ഏല്പോ ലൈസൻസോ വഴിയോ അല്ലെങ്കിൽ മറേറതെ

കിലും രീതിയിലോ, അത് ഏതായാലും, കൈമാററം ചെയ്യുന്നിടത്ത്, നിയോജകനും ആ ഫാക്ററിയോ സ്ഥാപനമോ അപ്രകാരം കൈമാററം വാങ്ങിയ ആളും അങ്ങനെയുള്ള കൈമാററത്തിൻെറ തീയതിവരെയുള്ള കാലാവധികരം സംബന്ധിച്ച്, ഏതെങ്കിലും അംശദായം സംബന്ധിച്ച് കൊടുക്കാനുള്ള തുകയോ ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട മറേറതെങ്കിലും തുകയോ കൊടുക്കാൻ കൂട്ടായും വെവ്വേറെയായും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്:

എന്നാൽ, കൈമാററം വാങ്ങുന്ന ആളുടെ ബാദ്ധ്യത, അങ്ങനെയുള്ള കൈമാററം വഴി അയാരംക്ക് ലഭിക്കുന്ന ആസ്തികളുടെ മൂല്യത്തോളമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നതാണ്.

94. കാർപ്പറേഷന് കൊടുക്കാനുള്ള അംശദായം മുതലായവയ്ക്ക് മററ് കടങ്ങളേക്കാരം മുൻഗണനയുണ്ടെന്ന്.—പ്രസിഡൻസി ടൗണുകരം നിർദ്ധനത്വ ആക്ററ്, 1909 (1909-ലെ 3)-ലെ 49-ാം വകുപ്പിൻകീഴിലോ, പ്രവിശ്യാ നിർദ്ധനത്വ ആക്ററ്, 1920 (1920-ലെ 5)-ലെ 61-ാം വകുപ്പിൻകീഴിലോ, നിർദ്ധനത്വം സംബന്ധിച്ച് 1956 നവംബർ ഒന്നാം തീയതിക്ക് തൊട്ടുമുൻപ് ഒരു ഖ ഭാഗം സ്റേററിൽ ഉരംക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങളിൽ പ്രാബല്യത്തിലുണ്ടായിരുന്ന ഏതെങ്കിലും നിയമത്തിൻകീഴിലോ, ഇൻഡ്യൻ കമ്പനി ആക്ററ് 1913 (1913-ലെ VII)-ലെ 230-ാം വകുപ്പിൻകീഴിലോ നിർദ്ധനൻെറ വസ്തുവിൻേറയോ പരിസമാപിക്കപ്പെടുന്ന കമ്പനിയുടെ ആസ്തികളുടെ വിതരണത്തിൽ മററെല്ലാ കടങ്ങളേയും അപേക്ഷിച്ച് മുൻഗണന നൽകി കൊടുക്കേണ്ട കടങ്ങളുടെ കൂട്ടത്തിൽ ഏതെങ്കിലും അംശദായം സംബന്ധിച്ച് കൊടുക്കാനുള്ള തുകയോ, ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട ഏത് തുകയ്ക്കുള്ള ബാദ്ധ്യതയാണോ, അതത് സംഗതിപോലെ, നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യുന്ന ഉത്തരവിൻെറ തീയതിക്കോ പരിസമാപന ഉത്തരവിൻെറ തീയതിക്കോ മുമ്പ് ഉദ്ഭൂതമായത്, അങ്ങനെയുള്ള മററതെങ്കിലും തുകയോ ഉരംപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

94 ക. അധികാരങ്ങളുടെ പ്രത്യായോജനം.—കാർപ്പറേഷന്, കാർപ്പറേഷൻ ഇതിലേയ്ക്ക് ഉണ്ടാക്കുന്ന ഏതെങ്കിലും റെഗുലേഷനുകരംക്ക് വിധേയമായി സ്ററാൻഡിങ്ങ് കമ്മിററിക്കോ, അതത് സംഗതിപോലെ, കാർപ്പറേഷനോ സ്ററാൻഡിംഗ് കമ്മിററിക്കോ പ്രയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യാവുന്ന എല്ലാ അധികാരങ്ങളും ചുമതലകളും, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും, വിനിർദ്ദേശിക്കപ്പെടുന്ന വിഷയങ്ങരം സംബന്ധിച്ച്, വിനിർദ്ദേശിക്കപ്പെടുന്ന ഉപാധികരം വല്ലതും ഉണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും കാർപ്പറേഷന് കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോകൂടി, പ്രയോഗിക്കാവുന്നതായിരിക്കുമെന്ന് നിദേശിക്കാവുന്നതാണ്.

95. ചട്ടങ്ങളുണ്ടാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകരംക്ക് പ്രഭാവം നൽകുന്നതിനുവേണ്ടി, കാർപ്പറേഷനുമായി ആലോചിച്ചതിനുശേഷവും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, ഈ ആക്ററിനോട് അസംഗതമല്ലാത്ത ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാതേയും, അങ്ങനെയുള്ള ചട്ടങ്ങരംക്ക്, താഴെ പറയുന്ന എല്ലാ വിഷയങ്ങരംക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) കാർപ്പറേഷനിലേയും സ്ററാൻഡിംഗ് കമ്മിററിയിലേയും ചികിൽസയാനുകൂല്യസമതിയിലേയും അംഗങ്ങളുടെ നാമനിർദ്ദേശങ്ങളും തിരഞ്ഞെടുപ്പുകളും നടത്തേണ്ട രീതി,

(ഖ) കാർപ്പറേഷൻേറയും, സ്ററാൻഡിംഗ് കമ്മിററിയുടേയും ചികിൽസിയാനുകൂല്യസമതിയുടേയും യോഗങ്ങളിലെ കോറവും, അങ്ങനെയുള്ള നികായങ്ങളുടെ ഒരു വർഷത്തിൽ കൂടേണ്ട യോഗങ്ങളുടെ ഏററവും കുറഞ്ഞ എണ്ണവും,

(ഗ) കാര്യങ്ങളുടെ നടത്തിപ്പിന് കാർപ്പറേഷനും സ്ററാൻഡിംഗ്കമ്മിററിയും ചികിൽസിയാനുകൂല്യ സമിതിയും വച്ചുപോരേണ്ട റിക്കാർഡുകൾ,

(ഘ) മുഖ്യ ഉദ്യോഗസ്ഥൻമാരുടെ അധികാരങ്ങളും കർത്തവ്യങ്ങളും അവരുടെ സേവനവ്യവസ്ഥകളും,

(ങ) ചികിൽസിയാനുകൂല്യസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും,

(ങ,ങ) മെഡിക്കൽ അപ്പീൽ ട്രിബൂണലുകളിലേക്കോ ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതികളിലേക്കോ അപ്പീലുകൾ ഫയൽ ചെയ്യാവുന്ന രീതിയും ഫയൽ ചെയ്യാവുന്നത് ഏത് സമയത്തിനുള്ളിലെന്നുള്ളതും,

(ച) കാൺട്രാക്ററുകൾ ഉണ്ടാക്കുന്നതിൽ അംഗീകരിക്കപ്പെടേണ്ട നടപടിക്രമം,

(ഛ) കാർപ്പറേഷൻ, വസ്തു ആർജ്ജിക്കുന്നതും ധാരണം ചെയ്യുന്നതും വ്യയനം ചെയ്യുന്നതും,

(ജ) കടങ്ങളെടുക്കുന്നതും തിരിയെ കൊടുക്കുന്നതും,

(ഝ) കാർപ്പറേഷൻേറയോ ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടിൻെറയോ മററു ആനുകൂല്യ ഫണ്ടിൻെറയോ പണം മുടക്കുന്നതും അത് മാററുകയോ വാങ്ങുകയോ ചെയ്യുന്നതും,

(ഞ) കാർപ്പറേഷൻെറ ആസ്തികളുടേയായ ബാദ്ധ്യതകളുടേയും ആനുകാലികമൂല്യനിർണ്ണയം ചെയ്യേണ്ടത് ഏത് അടിസ്ഥാനത്തിലാണെന്നുള്ളത്,

(ട) കാർപ്പറേഷൻെറ പണം നിക്ഷേപിക്കപ്പെടേണ്ടത് ഏത് ബാങ്കിലോ ബാങ്കുകളിലോ ആണെന്നുള്ളതും കാർപ്പറേഷന് സിദ്ധിക്കുന്നതോ കിട്ടേണ്ടതോ ആയ പണം വരവുവയ്ക്കുന്നതു സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമവും, കാർപ്പറേഷൻെറ പണത്തിൽനിന്ന് ഏതെങ്കിലും തുകകൾ കൊടുക്കുന്ന രീതിയും, അങ്ങനെയുള്ള പണം കൊടുക്കൽ പ്രാധികാരപ്പെടുത്താവുന്ന ഉദ്യോഗസ്ഥൻമാർ ആരാണെന്നുള്ളതും,

(ഠ) കാർപ്പറേഷൻ വയ്ക്കേണ്ട കണക്കുകളും അങ്ങനെയുള്ള കണക്കുകൾ വച്ചുപോരേണ്ട ഫാറങ്ങളും അങ്ങനെയുള്ള കണക്കുകൾ ആഡിററ് ചെയ്യേണ്ട സമയങ്ങളും,

(ഡ) കാർപ്പറേഷൻെറ കണക്കുകളും, ആഡിററർമാരുടെ റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തുന്നതും, ആഡിററ് റിപ്പോർട്ടിൻമേൽ എടുക്കേണ്ട നടപടിയും, ചെലവിനങ്ങൾ അനുവദിക്കാതിരിക്കുകയും സൂർചാർജ് ചെയ്യുകയും ചെയ്യാൻ ആഡിററർമാരുടെ അധികാരങ്ങളും അപ്രകാരം അനുവദിക്കാതിരിക്കുന്നതോ സർചാർജ് ചെയ്യുന്നതോ ആയ തുകകൾ വസൂലാക്കുന്നതും,

(ഢ) ബഡ്ജററ് അടങ്കലുകളും, അനുപൂരക അടങ്കലുകളും തയ്യാറാക്കുന്നതും, അങ്ങനെയുള്ള അടങ്കലുകൾക്ക് അനുമതി നൽകുകയും അത് പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ട രീതിയും,

(ണ) കാർപ്പറേഷൻെറ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും ആയി പ്രാവിഡൻറ് ഫണ്ടോ മററ് ആനുകൂല്യ ഫണ്ടോ സ്ഥാപിക്കുകയും നിലനിറുത്തുകയും ചെയ്യുന്ന്,

(ത) കേന്ദ്രഗവൺമെൻറിനാൽ നിർണ്ണയിക്കപ്പെടാൻ ഈ ആക്ററ് ആവശ്യപ്പെടുന്നതോ അനുവദിക്കുന്നതോ ആയ ഏതെങ്കിലും വിഷയം.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതോടെ, അവയ്ക്ക്, ഈ ആക്ററിൽ അധിനിയമം ചെയ്യപ്പെട്ടിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതും, ആണ്.

(4) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരുചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുൻപ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതുസംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അത് അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്തിട്ടുള്ള എന്തിൻെറയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

96. ചട്ടങ്ങളുണ്ടാക്കാൻ സ്റേററു ഗവൺമെൻറിനുള്ള അധികാരം.—(1) സ്റേററ് ഗവൺമെൻറിന്, കാർപ്പറേഷനുമായി ആലോചിച്ചതിനുശേഷവും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്നു ഉപാധിക്ക് വിധേയമായും, താഴെ പറയുന്ന എല്ലാ വിഷയങ്ങളുമോ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ച്, ഈ ആക്ററിനോട് അസംഗതമല്ലാത്ത ചട്ടങ്ങളുണ്ടാക്കാവുന്നതാണ്, അതായത്:—

(ക) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതികൾ ഏർപ്പെടുത്തുന്നതും, അവയിലെ ജഡ്ജിമാരായി നിയമിക്കപ്പെടാവുന്ന ആളുകളുടെ യോഗ്യതകളും, അങ്ങനെയുള്ള ജഡ്ജിമാരുടെ സേവനവ്യവസ്ഥകളും,

(ഖ) അങ്ങനെയുള്ള കോടതികളുടെ മുമ്പാകെയുള്ള നടപടികളിൽ അനുവർത്തിക്കപ്പെടേണ്ട നടപടിക്രമവും അങ്ങനെയുള്ള കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടത്തലും,

(ഗ) ജോലിക്കാരുടെ ഇൻഷ്വറൻസ് കോടതിയ്ക്ക് കൊടുക്കുന്ന അപേക്ഷകൾ സംബന്ധിച്ച് കൊടുക്കേണ്ട ഫീസും, അങ്ങനെയുള്ള കോടതിയിലെ നടപടികൾക്ക് ആനുഷംഗികമായ കോടതിച്ചെലവും ആ കോടതിക്ക് അപേക്ഷകൾ കൊടുക്കേണ്ടത് ഏത് ഫാറത്തിലാണെന്നുള്ളതും, അങ്ങനെയുള്ള അപേക്ഷകളിൽ വിനിർദ്ദേശിക്കേണ്ട വിവരങ്ങളും,

(ഘ) ആശുപത്രികളും, ഡിസ്പെൻസറികളും, മററ് സംസ്ഥാപനങ്ങളും സ്ഥാപിക്കലും, അങ്ങനെയുള്ള ഏതെങ്കിലും ആശുപത്രിയിലേയ്ക്കോ ഡിസ്പെൻസറിയിലേയ്ക്കോ, മററു സംസ്ഥാപനത്തിലേയ്ക്കോ ഇൻഷ്വർ ചെയ്യപ്പെട്ട ആളുകളേയോ, അവരുടെ കുടുംബങ്ങളേയോ തിരിച്ചുവയ്ക്കുന്നതും,

(ങ) ഏതെങ്കിലും ആശുപത്രിയിലോ ക്ലിനിക്കിലോ, ഡിസ്പെൻസറിയിലോ, സംസ്ഥാപനത്തിലോ നൽകപ്പെടേണ്ട ചികിൽസിയാനുകൂല്യത്തിൻെറ തോതും, ചികിൽസിയ റിക്കാർഡുകൾ വച്ചുപോരുന്നതും, സ്ഥിതി വിവര റിട്ടേണുകൾ നൽകുന്നതും,

(ച) അങ്ങനെയുള്ള ആശുപത്രികളിലും ഡിസ്പെൻസറികളിലും സംസ്ഥാപനങ്ങളിലും ഏർപ്പാട് ചെയ്യേണ്ട സ്ററാഫിൻെറയും സജ്ജീകരണത്തിൻെറയും മരുന്നുകളുടേയും പ്രകൃതവും വ്യാപ്തിയും,

(ഛ) അങ്ങനെയുള്ള ആശുപത്രികളും ഡിസ്പെൻസറികളിലും സംസ്ഥാപനങ്ങളിലും നിയോജിക്കപ്പെടുന്ന സ്ററാഫിൻെറ സേവനവ്യവസ്ഥകരം.

(ജ) സ്റേററ് ഗവൺമെൻറിനാൽ നിർണ്ണയിക്കപ്പെടാൻ, ഈ ആക്ററ് ആവശ്യപ്പെടുന്നതോ അനുവദിക്കുന്നതോ ആയ മററ് ഏതെങ്കിലും വിഷയം,

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങരം, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതോടെ, അവയ്ക്ക് ഈ ആക്ററിൽ അധിനിയമം ചെയ്യപ്പെട്ടിരുന്നാലെന്നപോലെ, പ്രഭാവം ഉണ്ടായിരിക്കുന്നതും, ആണ്.

97. <u>റഗുലേഷനുകളുണ്ടാക്കാൻ കാർപ്പറേഷനുള്ള അധികാരം.</u>—(1) കാർപ്പറേഷന്, കാർപ്പറേഷൻ കാര്യങ്ങളുടെ ഭരണത്തിനുവേണ്ടിയും ഈ ആക്ററിലെ വ്യവസ്ഥകരം നടപ്പിൽ വരുത്തുന്നതിനുവേണ്ടിയും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കു വിധേയമായി, ഈ ആക്ററിനോടും അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളോടും അസംഗതമല്ലാത്ത റഗുലേഷനുകരം ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗവരാതേയും, അങ്ങനെയുള്ള റഗുലേഷനുകരംക്ക് താഴെ പറയുന്ന എല്ലാ വിഷയങ്ങരംക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(i) കാർപ്പറേഷൻെറയും, സ്ററാൻഡിംഗ് കമ്മിററിയുടേയും ചികിൽസാനുകൂല്യ സമിതിയുടേയും യോഗങ്ങളുടെ സമയവും അങ്ങനെയുള്ള യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമവും,

(iക) ഒരു ഫാക്ടറിയോ സ്ഥാപനമോ രജിസ്ററർ ചെയ്യപ്പെടേണ്ടത് ഏതു സമയത്തിനുള്ളിലും ഏതു രീതിയിലുമാണെന്നുള്ളത്,

(ii) സ്ററാൻഡിംഗ് കമ്മിററി, കാർപ്പറേഷന് തീരുമാനത്തിനായ് റഫർ ചെയ്യേണ്ട വിഷയങ്ങരം,

(iii) ഈ ആക്ററിൻ കീഴിൽകൊടുക്കേണ്ട ഏതെങ്കിലും അംശദായം മതിക്കുകയും പിരിക്കുകയും ചെയ്യേണ്ട രീതി,

(iii ക) കൊടുക്കാനുള്ളതും, എന്നാൽ കൊടുത്തിട്ടില്ലാത്തതുമായ അംശദായങ്ങളിൻമേൽ പ്രതിവർഷം ആറു ശതമാനത്തിൽ കവിയാത്ത നിരക്കിൽ പലിശ ലെവി ചെയ്യുന്നത്,

(iv) ഈ ആക്ററിൻ കീഴിൽ കൊടുക്കേണ്ട അംശദായം നിജപ്പെടുത്തുന്നതിനുവേണ്ടി കൂലി കണക്കാക്കുന്നത്,

(v) സുഖക്കേട് സർട്ടിഫൈ ചെയ്യുന്നതും ഏതെങ്കിലും രൊക്കം പണമായ ആനുകൂല്യത്തിനുള്ള അർഹതയും,

(vi) ഇൻഷ്വർ ചെയ്യപ്പെട്ട ആരംക്ക്, മൂന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഒന്നോ അതിലധികമോ രോഗങ്ങരം ഉണ്ടോ എന്ന് നിശ്ചയിക്കുന്ന സംപ്രദായം.

(vii) രൊക്കം പണമായ ആനുകൂല്യമല്ലാത്ത ഏതെങ്കിലും ആനുകൂല്യത്തിൻെറ പണമായുള്ള മൂല്യം മതിക്കുന്നത്,

(viii) ആനുകൂല്യത്തിനുള്ള ഏതെങ്കിലും അവകാശവാദം കൊടുക്കാവുന്നത് ഏതു സമയത്തിനുള്ളിലും, ഫാറത്തിലും രീതിയിലും ആണെന്നുള്ളതും. അങ്ങനെയുള്ള അവകാശവാദത്തിൽ വിനിർദ്ദേശിക്കേണ്ട വിവരങ്ങളും,

(ix) അവശനാക്കപ്പെടൽ ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുന്ന ഒരു ജോലിക്കാരനെ ഡിസ്മിസ് ചെയ്യുകയോ, ഡിസ്ചാർജ് ചെയ്യുകയോ തരം താഴ്ത്തുകയോ മററുവിധത്തിൽ ശിക്ഷിക്കുകയോ ചെയ്യാവുന്നത്, ഏതു പരിതഃസ്ഥിതികളിലാണെന്നുള്ളത്,

(x) ഏതെങ്കിലും ആനുകൂല്യം കൊടുക്കേണ്ട രീതിയും സ്ഥലവും സമയവും,

(xi) കൊടുക്കേണ്ട രൊക്കം പണമായ ആനുകൂല്യത്തിൻെറ തുക കണക്കാക്കുന്ന സംപ്രദായവും അവശനാക്കപ്പെടൽ ആനുകൂല്യത്തിൻെറയും ആശ്രിതൻെറ ആനുകൂല്യത്തിൻെറയും സംരാശീകരണം അനുവദിക്കാവുന്നത് ഏത് പരിതഃസ്ഥിതികളിലും എത്രത്തോളവും ആണെന്നുള്ളതും, സംരാശീകരണമൂല്യം കണക്കാക്കുന്ന സംപ്രദായവും,

(xii) ഗർഭാവസ്ഥയെക്കുറിച്ചോ പ്രസവാവസ്ഥയെക്കുറിച്ചോ ഉള്ള നോട്ടീസും, സുഖക്കേടിനെക്കുറിച്ചുള്ള നോട്ടീസും,
അത് തെളിയിക്കലും,

(xiiക) പ്രസവകാലാനുകൂല്യത്തിനുള്ള അർഹതാ സർട്ടിഫിക്കററ് നല്കാൻ ക്ഷമതയുള്ള അധികാരസ്ഥാനത്തെ വിനിർദ്ദേശിക്കുന്നത്,

(xii ഖ) താനോ തൻെറ കുട്ടിയോ മരിച്ചുപോകുന്നുവെങ്കിൽ, പ്രസവകാലാനുകൂല്യം കൊടുക്കുന്നതിനുള്ള, ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീയാലുള്ള നാമനിർദ്ദേശത്തിൻെറ രീതി,

(xii ഗ) പ്രസവകാലാനുകൂല്യത്തിനോ കൂടുതൽ പ്രസവകാലാനുകൂല്യത്തിനോ ഉള്ള അവകാശവാദത്തിനും താങ്ങായുള്ള തെളിവ് ഹാജരാക്കുന്നത്,

(xiii) ഏതു ഉപാധികൾക്കു കീഴിലാണോ ഏതെങ്കിലും ആനുകൂല്യം നിറുത്തി വയ്ക്കപ്പെടാവുന്നത്, ആ ഉപാധികൾ,

(xiv) ഏതെങ്കിലും ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുമ്പോൾ ഒരാൾ പാലിക്കേണ്ട ഉപാധികളും ആനുകാലികമായി അങ്ങനെയുള്ള ആളുകളുടെ വൈദ്യപരിശോധന നടത്തുന്നതും,

(xv) സുഖക്കേടുള്ള ആളുകളെ സന്ദർശിക്കുന്നത്,

(xvi) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് ചികിൽസകൻമാരെ നിയമിക്കുന്നതും, അങ്ങനെയുള്ള ചികിൽസകൻമാരുടെ കർത്തവ്യങ്ങളും മെഡിക്കൽ സർട്ടിഫിക്കററുകളുടെ ഫാറവും,

(xvi ക) സുഖക്കേടിനെക്കുറിച്ചുള്ള സർട്ടിഫിക്കററ് നൽകുന്നതിന് ഒരാൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളും പരിചയവും,

(xvi ഖ) മെഡിക്കൽ ബോർഡുകളും മെഡിക്കൽ അപ്പീൽ ട്രിബ്യൂണലുകളും ഏർപ്പെടുത്തുന്നത്,

(xvii) റഗുലേഷനുകളുടെ ലംഘനത്തിന്, ജോലിക്കാരുടെ മേൽ ചുമത്താവുന്ന, (ആദ്യത്തെ ലംഘനത്തിന് രണ്ടുദിവസത്തെ കൂലിയിൽ കവിയാതേയും പിന്നീടുള്ള ഏതെങ്കിലും ലംഘനത്തിന് മൂന്നു ദിവസത്തെ കൂലിയിൽ കവിയാതേയും ഉള്ള) പിഴയുടെ രൂപത്തിലുള്ള ദണ്ഡനങ്ങൾ,

(xviii) ഏത് പരിതഃസ്ഥിതികളിലും ഏത് ഉപാധികൾക്ക് വിധേയമായും ആണ് ഏതെങ്കിലും റഗുലേഷൻ അയവുചെയ്യാവുന്നത് എന്നുള്ളതും, അങ്ങനെ അയവു ചെയ്യുന്നതിൻെറ വ്യാപ്തിയും, അങ്ങനെയുള്ള അയവു ചെയ്യൽ അനുവദിക്കാവുന്ന അധികാരസ്ഥാനവും,

(xix) മുഖ്യനിയോജകനും, തൊട്ടു മീതെയുള്ള നിയോജകനും സമർപ്പിക്കേണ്ട റിട്ടേണുകളും, വച്ചുപോരേണ്ട രജിസ്ററുകളും അല്ലെങ്കിൽ റിക്കാർഡുകളും, അങ്ങനെയുള്ള റിട്ടേണുകളുടെയോ രജിസ്ററുകളുടേയോ റിക്കാർഡുകളുടേയോ ഫാറങ്ങളും, അങ്ങനെയുള്ള റിട്ടേണുകൾ സമർപ്പിക്കേണ്ട സമയവും, അങ്ങനെയുള്ള റിട്ടേണുകളിലും രജിസ്ററുകളിലും റിക്കാർഡുകളിലും അടങ്ങിയിരിക്കേണ്ട വിവരങ്ങളും,

(xx) ഇൻസ്പെക്ടർമാരുടേയും കാർപ്പറേഷനിലെ മററ് ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും കർത്തവ്യങ്ങളും അധികാരങ്ങളും,

(xxi) മുഖ്യ ഉദ്യോഗസ്ഥൻമാർ അല്ലാത്ത, കാർപ്പറേഷനിലെ ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും റിക്രൂട്ടുമെൻറ് സമ്പ്രദായവും, ശമ്പളവും ബത്തയും അച്ചടക്കവും, പ്രായപരിധിയെത്തുന്നതിൻമേലുള്ള ആനുകൂല്യങ്ങളും മററു സേവനവ്യവസ്ഥകളും,

(xxii) കാർപ്പറേഷന് അംശദായങ്ങൾ അടയ്ക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമം,

(xxiii) ഏതു വിഷയം സംബന്ധിച്ചാണോ റഗുലേഷനുകൾ ഉണ്ടാക്കാൻ ഈ ആക്ററ് ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും വിഷയം.

(2 ക) (2)-ാം ഉപവകുപ്പ് (xxi)-ാം ഖണ്ഡത്തിൽ വിനിർദ്ദേശിക്കുന്ന പ്രകൃതത്തിലുള്ള ഏതെങ്കിലും റഗുലേഷനുകൾക്കും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധി ബാധകമായിരിക്കുന്നതല്ല.

(3) കാർപ്പറേഷൻ ഉണ്ടാക്കുന്ന റഗുലേഷനുകൾ ഇൻഡ്യാ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതോടെ, അവയ്ക്ക് ഈ ആക്ററിൽ അധിനിയമം ചെയ്യപ്പെട്ടിരുന്നാലെന്നപോലെ പ്രഭാവം ഉണ്ടായിരിക്കുന്നതും, ആണ്.

98. [1951-ലെ 53-ാം നമ്പർ ആക്ററ് 26-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.]

99. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ.—പണമുള്ളപക്ഷം കാർപ്പറേഷൻ ഏതു സമയത്തും, ഈ ആക്ററിൻ കീഴിൽ അനുവദനീയമായ ഏതെങ്കിലും ആനുകൂല്യത്തിൻെറ തോതും അങ്ങനെയുള്ള ആനുകൂല്യം നൽകാവുന്ന കാലയളവും വർദ്ധിപ്പിക്കാവുന്നതും, ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ കുടുംബങ്ങളുടെ ചികിൽസീയ ശുശ്രൂഷയ്ക്ക് ഏർപ്പാട് ചെയ്യുകയോ അതിൻെറ ചെലവിലേയ്ക്ക് സംഭാവന ചെയ്യുകയോ ചെയ്യാവുന്നതും ആണ്.

99 ക. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവു വഴി, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും, വിഷമത നീക്കാൻ ആവശ്യകമോ സമീചീനമോ ആണെന്ന് തോന്നുന്നതും, ആയ വ്യവസ്ഥകൾ ഉണ്ടാക്കുകയോ നിദേശങ്ങൾ നല്കുകയോ ചെയ്യാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും ഉത്തരവിന്, അതിനോട് അസംഗതമായി ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങളിലോ റഗുലേഷനുകളിലോ എന്തുതന്നെയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

100. റദ്ദാക്കലുകളും ഒഴിവാക്കലുകളും.—1956 നവംബർ 1-ാം തീയതിക്ക് തൊട്ടുമുമ്പ് ഒരു ഖ ഭാഗം സ്റേററിൽ ഉൾക്കൊണ്ടിരുന്ന രാജ്യക്ഷേത്രങ്ങളിലെ ഏതെങ്കിലും ഭാഗത്തിൽ ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന ദിവസത്തിന് തൊട്ടുമുമ്പ്, ഈ ആക്ററിന് തൽസ്ഥാനീയമായ ഏതെങ്കിലും നിയമം

പ്രാബല്യത്തിലുണ്ടെങ്കിൽ, ആ നിയമം, ആ ദിവസം റദ്ദാക്കപ്പെട്ടിരിക്കുന്നതാണ്:

എന്നാൽ ആ റദ്ദാക്കൽ—

(ക) അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിന്റെ മുൻ പ്രവർത്തനങ്ങളേയോ,

(ഖ) അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിനെതിരായി ചെയ്ത ഏതെങ്കിലും കുററം സംബന്ധിച്ച് നേരിട്ടിട്ടുള്ള ഏതെങ്കിലും ദണ്ഡനത്തേയോ, കണ്ടുകെട്ടലിനേയോ ശിക്ഷയേയോ,

(ഗ) അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ, കണ്ടുകെട്ടലോ, ശിക്ഷയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തേയോ, നിവൃത്തിമാർഗ്ഗത്തേയോ,

ബാധിക്കുന്നതല്ലാത്തതും, ഈ ആക്ററ് പാസ്സാക്കിയിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ, അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണമോ നിയമനടപടിയോ, നിവൃത്തിമാർഗ്ഗമോ ആരംഭിക്കുകയോ തുടരുകയോ പ്രാവർത്തികമാക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള ഏതെങ്കിലും ദണ്ഡനമോ, കണ്ടുകെട്ടലോ ശിക്ഷയോ ചുമത്തുകയും ചെയ്യാവുന്നതാണ്:

എന്നുമാത്രമല്ല, മുൻപറഞ്ഞ പരിമിതി വ്യവസ്ഥയ്ക്ക് വിധേയമായി, അങ്ങനെ യുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ചെയ്ത എന്തെങ്കിലുമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്ററിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്ക് കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടുന്നതും, അതനുസരിച്ച്, ഈ ആക്ററിൻകീഴിൽ ചെയ്ത എന്തിനാലെങ്കിലുമോ, എടുത്ത ഏതെങ്കിലും നടപടിയാലോ പുറംതള്ളപ്പെടാത്തപക്ഷവും, പുറംതള്ളപ്പെടുത്തുന്നതുവരേയും പ്രാബല്യത്തിൽ തുടരുന്നതും, ആകുന്നു.

## ഒന്നാം പട്ടിക

(39, 49, 50, 51, 52 എന്നീ വകുപ്പുകൾ നോക്കുക)

1. ഒരു ജോലിക്കാരനെ സംബന്ധിച്ച് ഒരു അംശദായ കാലാവധിയിൽ കൊടുക്കേണ്ട പ്രതിവാര അംശദായത്തിന്റെ തുക ആ ജോലിക്കാരനെ സംബന്ധിച്ച് അങ്ങനെയുള്ള അംശദായ കാലാവധിയിൽ അവസാനിക്കുന്ന കൂലി ആദ്യത്തെ കൂലി കാലാവധിയിലെ ശരാശരി ദിവസക്കൂലിയെ ആസ്പദമാക്കി കണക്കാക്കേണ്ടതാണ്:

എന്നാൽ, ഒരു ജോലിക്കാരൻ, അംശദായകാലാവധി നടപ്പിലിരിക്കുമ്പോൾ, തന്റെ നിയോജനം മാറുന്നിടത്ത്, ആ മുൻ നിയോജനം രണ്ടാമത്തേയോ പിന്നീടുള്ളതോ ആയ നിയോജകന് വെളിപ്പെടുത്താതിരിക്കുമ്പോഴൊഴികെ, അയാളെ സംബന്ധിച്ചുള്ള അംശദായങ്ങൾ, മുൻപറഞ്ഞ അംശദായകാലാവധിയിൽ ആദ്യത്തെ നിയോജനത്തിൽ കൊടുത്തുകൊണ്ടിരുന്ന നിരക്കിൽ തുടർന്ന് കണക്കാക്കപ്പെടുന്നതും അപ്രകാരം വെളിപ്പെടുത്താതിരിക്കുമ്പോൾ, പിന്നീടുള്ള നിയോജനത്തിലെ ആദ്യത്തെ കൂലി കാലാവധിയിലെ ശരാശരി ദിവസക്കൂലിയെ ആസ്പദമാക്കി കണക്കാക്കാവുന്നതും ആണ്.

2. ശരാശരി ദിവസക്കൂലി താഴെ പറയും പ്രകാരമായിരിക്കുന്നതാണ്—

(ക) റൈറം നിരക്കടിസ്ഥാനത്തിൽ നിയോജിക്കപ്പെടുന്ന ജോലിക്കാരനെ സംബന്ധിച്ച് പൂർണ്ണകൂലി കാലാവധിക്ക്, ആ കൂലി കാലാവധിയിലെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അയാൾ പ്രവൃത്തി ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ അയാൾക്ക് കൊടുക്കേണ്ടിവരുമായിരുന്ന തുകയെ അയാൾ മാസനിരക്കുകാരനാണെങ്കിൽ 26 കൊണ്ടും, പക്ഷനിരക്കുകാരനാണെങ്കിൽ 13 കൊണ്ടും, വാരനിരക്കുകാരനാണെങ്കിൽ 6 കൊണ്ടും ദിവസനിരക്കുകാരനാണെങ്കിൽ 1 കൊണ്ടും ഹരിച്ചുകിട്ടുന്ന തുക,

(ഖ) മററേതെങ്കിലും അടിസ്ഥാനത്തിൽ നിയോജിക്കപ്പെടുന്ന ജോലിക്കാരനെ സംബന്ധിച്ച് അംശദായകാലാവധിയിലെ ആദ്യത്തെ പൂർണ്ണകൂലി കാലാവധിയിൽ സമ്പാദിച്ച കൂലിയുടെ തുകയെ, ആ കൂലിക്കാലാവധിയിൽ അയാരം പ്രവൃത്തിചെയ്ത പൂർണ്ണമോ ഭാഗികമോ ആയ ദിവസങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ചുകിട്ടുന്ന തുക:

എന്നാൽ ഒരു ജോലിക്കാരന് അങ്ങനെയുള്ള കൂലി കാലാവധിയിൽ ഏതെങ്കിലും ദിവസം പ്രവർത്തി ചെയ്യാതെ കൂലി കിട്ടുന്നിടത്ത് കൂലിക്കാലാവധി ഒരു മാസമോ ഒരു പക്ഷമോ, ഒരു ആഴ്ചയോ ഒരു ദിവസമോ ആണെങ്കിൽ അയാരം യഥാക്രമം 26 ദിവസമോ, 13 ദിവസമോ, 6 ദിവസമോ, 1 ദിവസമോ പ്രവർത്തി ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

i. വിശദീകരണം. ഏതെങ്കിലും രാത്രി ഷിഫ്ററ് അർദ്ധരാത്രിക്കപ്പുറം തുടരുന്നിടത്ത്, രാത്രി ഷിഫ്ററിൻെറ അർദ്ധരാത്രിക്കുശേഷമുള്ള കാലം പ്രവർത്തി ചെയ്ത ദിവസങ്ങരം കണക്കാക്കുന്നതിന് തലേദിവസത്തിൻെറ ഭാഗമായി എണ്ണപ്പെടുന്നതാകുന്നു.

ii. വിശദീകരണം. "കൂലി ക്കാലാവധി" യ്ക്ക്, കൂലി സാധാരണമായി കൊടുക്കേണ്ടത്, അത് നിയോജന കാൺട്രാക്ററിലെ പ്രകടമോ വ്യംഗ്യമോ ആയ നിബന്ധനകളനുസരിച്ചോ, അല്ലാതേയോ ആയാലും, ഏത് കാലാവധി സംബന്ധിച്ചാണോ, ആ കാലാവധി എന്നർത്ഥമാകുന്നു.

3. (ക) കൊടുക്കേണ്ട പ്രതിവാര അംശദായത്തുക നിജപ്പെടുത്തുന്നതിനുവേണ്ടി ജോലിക്കാർ 2-ാം ഖണ്ഡികയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ തിട്ടപ്പെടുത്തുന്ന അവരുടെ ശരാശരി ദിവസക്കൂലിയുടെ അടിസ്ഥാനത്തിൽ, ഒമ്പത് ഗ്രൂപ്പുകളായി വിഭജിക്കപ്പെടുന്നതാണ്.

(ഖ) താഴെയുള്ള ടേബിളിലെ ഒന്നാം കാളത്തിൽ വിനിർദ്ദേശിക്കുന്ന ജോലിക്കാരുടെ ഗ്രൂപ്പുസംബന്ധിച്ച് കൊടുക്കേണ്ട ജോലിക്കാരൻെറ അംശദായവും നിയോജകൻെറ അംശദായവും, അതിലെ രണ്ടുംമൂന്നും കാളങ്ങളിലെ സമാന്തര ഉരംക്കുറിപ്പുകളിൽ, യഥാക്രമം വിനിർദ്ദേശിക്കുന്ന നിരക്കുകളിൽ ആയിരിക്കുന്നതാണ്.

(ഗ) താഴെയുള്ള ടേബിളിലെ ഒന്നാം കാളത്തിൽ വിനിർദ്ദേശിക്കുന്ന ജോലിക്കാരുടെ ഗ്രൂപ്പു സംബന്ധിച്ചുള്ള ആനുകൂല്യത്തിൻെറ ദിവസനിരക്ക് (ഇതിൽ ഇതിനുശേഷം, "മാനക ആനുകൂല്യനിരക്ക്" എന്ന് പരാമർശിക്കപ്പെടുന്നത്) അതിലെ അഞ്ചാം കാളത്തിലെ സമാന്തര ഉരംക്കുറിപ്പിൽ യഥാക്രമം വിനിർദ്ദേശിക്കുന്ന തുകയായിരിക്കുന്നതാണ്:

എന്നാൽ ഒരാരം, ഒരു അംശദായ കാലാവധിയിൽ, മുൻപറഞ്ഞ ടേബിളിലെ ഒന്നാം കാളത്തിൽ വിനിർദ്ദേശിക്കുന്നതുപോലെയുള്ള ഒന്നിലധികം ഗ്രൂപ്പുകളിൽപ്പെട്ടിരുന്നിട്ടുള്ളിടത്ത് അയാളെ സംബന്ധിച്ചുള്ള മാനക ആനുകൂല്യനിരക്ക് അങ്ങനെയുള്ള ഗ്രൂപ്പുകളിൽ ഏററവും താഴെയുള്ളതിന് സമാന്തരമായി അഞ്ചാം കാളത്തിൽ വിനിർദ്ദേശിക്കുന്ന തുകയായിരിക്കുന്നതാണ്.

ടേബിൾ

| | ശരാശരി ദിവസക്കൂലി താഴെപ്പറയുന്നതായിരിക്കുന്ന ജോലിക്കാരുടെ ഗ്രൂപ്പ് | ജോലിക്കാരുടെ പ്രതിവാരഅംശദായം (ജോലിക്കാരിൽനിന്ന് വസൂലാക്കാവുന്നത്.) | നിയോജകരുടെ പ്രതിവാര അംശദായം | ആകെ പ്രതിവാര അംശദായം (ജോലിക്കാരുടേയും നിയോജകൻേറയും അംശദായം) | സമാന്തരമായ പ്രതിദിന മാനക ആനുകൂല്യ നിരക്ക്. |
|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 |
| | | പൈസ | പൈസ | പൈസ | പൈസ |
| 1. | 2 രൂപയിൽ താഴെ | ഇല്ല | 75 | 75 | 100 |
| 2. | 2 രൂപയും അതിനുമീതേയും എന്നാൽ 3 രൂപയിൽ താഴെ | 40 | 80 | 120 | 130 |
| 3. | 3 രൂപയും അതിനുമീതേയും എന്നാൽ 4 രൂപയിൽ താഴെ | 50 | | | 5 |
| 4. | 4 രൂപയും അതിനുമീതേയും എന്നാൽ 6 രൂപയിൽ താഴെ | 70 | 140 | 210 | 250 |
| 5. | 6 രൂപയും അതിനുമീതേയും എന്നാൽ 8 രൂപയിൽ താഴെ | 95 | 190 | 285 | 350 |
| 6. | 8 രൂപയും അതിനുമീതേയും എന്നാൽ 12 രൂപയിൽ താഴെ | 125 | | | 500 |
| 7. | 12 രൂപയും അതിനുമീതേയും എന്നാൽ 18 രൂപയിൽതാഴെ | 175 | 350 | 525 | 700 |
| 8. | 16 രൂപയും അതിനുമീതേയും എന്നാൽ 24 രൂപയിൽ താഴെ | 275 | 550 | 825 | 1000 |
| 9. | 24 രൂപയും അതിനുമീതേയും | 375 | 750 | 1125 | 1500 |

4. ഏതെങ്കിലും ആനുകൂല്യ കാലാവധിയിലെ ഒരാളെ സംബന്ധിച്ചുള്ള സുഖക്കേട് ആനുകൂല്യത്തിന്റെ ദിവസനിരക്ക് സമാന്തര അംശദായകാലാവധിയിലെ അയാളുടെ ശരാശരി ദിവസക്കൂലിക്ക് സമാന്തരമായ മാനക ആനുകൂല്യ നിരക്കായിരിക്കുന്നതാണ്.

5. ഏതെങ്കിലും ആനുകൂല്യ കാലാവധിയിൽ ഉണ്ടാകുന്നതോ, ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതോ ആയ പ്രസവാവസ്ഥ സംബന്ധിച്ച് കൊടുക്കേണ്ട പ്രസവകാലാനുകൂല്യത്തിന്റെ ദിവസനിരക്ക് സമാന്തര അംശദായ കാലാവധിയിൽ, ഇൻഷ്വർ ചെയ്യപ്പെട്ട സ്ത്രീയെ സംബന്ധിച്ചുള്ള ശരാശരി ദിവസക്കൂലിക്ക് സമാന്തരമായ മാനക ആനുകൂല്യനിരക്കിന്റെ ഇരട്ടിക്ക് തുല്യമായിരിക്കുന്നതാണ്.

6. (ക) അവശനാക്കപ്പെടൽ ആനുകൂല്യത്തിന്റെയും ആശ്രിതരുടെ ആനുകൂല്യത്തിന്റേയും ദിവസനിരക്ക് നിയോജനക്ഷതി ഉണ്ടാകുന്നത് ഏത് ആനുകൂല്യ കാലാവധിയിലാണോ, ആ ആനുകൂല്യ കാലാവധിക്ക് സമാന്തരമായ അംശദായ കാലാവധിയിലെ ശരാശരി ദിവസക്കൂലിക്ക് സമാന്തരമായ മാനക ആനുകൂല്യ നിരക്കിനും ഇരുപത്തഞ്ചു ശതമാനം കൂടുതലായുള്ള നിരക്ക് അഞ്ചുപൈസയുടെ തൊട്ടുമീതേയുള്ള അഞ്ചുപൈസയുടെ ഗുണിതമായി പൂർണ്ണാങ്കമാക്കിയത് ആയിരിക്കുന്നതാണ്.

(ഖ) ഒരാളെ സംബന്ധിച്ച്, ആദ്യത്തെ ആനുകൂല്യ കാലാവധി ആരംഭിക്കുന്നതിനുമുമ്പ് ഒരു നിയോജനക്ഷതി ഉണ്ടാകുന്നിടത്ത്, അവശനാക്കപ്പെടൽ ആനുകൂല്യത്തിന്റേയും ആശ്രിതരുടെ ആനുകൂല്യത്തിന്റെയും ദിവസനിരക്ക്—

(i) ഒരാൾക്കു നിയോജനക്ഷതി നേരിടുന്നത്, ആ ക്ഷതി ഉണ്ടാകുന്നത് ഏതു അംശദായകാലാവധിയിലാണോ, ആ അംശദായ കാലാവധിയിലെ ആദ്യത്തെകൂലി കാലാവധി അവസാനിച്ചതിനുശേഷം ആയിരിക്കുന്നിടത്ത്, ആ കൂലി കാലാവധിയിലെ അയാളുടെ ശരാശരി ദിവസക്കൂലി ഏത് കൂലി ഗ്രൂപ്പിലാണോ പെടുന്നത്, ആ കൂലി ഗ്രൂപ്പിന് സമാന്തരമായ മാനക ആനുകൂല്യനിരക്കിലും ഇരുപത്തഞ്ചു ശതമാനം കൂടുതലുള്ള നിരക്കും—തൊട്ടുമീതെയുള്ള അഞ്ചുപൈസയുടെ ഗുണിതമായി പൂർണ്ണാങ്കമാക്കിയത്—

(ii) അയാൾക്ക് നിയോജനക്ഷതി നേരിടുന്നത്, ആ ക്ഷതി ഉണ്ടാകുന്നത് ഏത് അംശദായകാലാവധിയിലാണോ, ആ അംശദായകാലാവധിയിലെ ആദ്യത്തെ കൂലി കാലാവധി അവസാനിക്കുന്നതിനുമുമ്പ് ആയിരിക്കുന്നിടത്ത് അപകടത്തിന്റെ തീയതി യഥാർത്ഥത്തിൽ സമ്പാദിച്ചതോ, അയാൾ ഒരു പൂർണ്ണദിവസം പ്രവർത്തി ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ സമ്പാദിക്കുമായിരുന്നതോ ആയ കൂലി ഏത് ഗ്രൂപ്പിലാണോ പെടുന്നത്, ആ ഗ്രൂപ്പിന് സമാന്തരമായ മാനക ആനുകൂല്യ നിരക്കിലും ഇരുപത്തഞ്ചുശതമാനം കൂടുതലുള്ള നിരക്കും—തൊട്ടു മീതെയുള്ള അഞ്ചുപൈസയുടെ ഗുണിതമായി പൂർണ്ണാങ്കമാക്കിയത്— ആയിരിക്കുന്നതാണ്.

മുൻപറഞ്ഞവിധം കണക്കാക്കപ്പെടുന്ന അവശനാക്കപ്പെടൽ ആനുകൂല്യത്തിന്റേയോ ആശ്രിതരുടെ ആനുകൂല്യത്തിന്റേയോ നിരക്കിന് പൂർണ്ണനിരക്ക് എന്നു പേർ പറയപ്പെടുന്നതാകുന്നു.

7. അവശനാക്കപ്പെടൽ ആനുകൂല്യം ഇൻഷ്വർ ചെയ്യപ്പെട്ട ആൾക്ക് കൊടുക്കേണ്ടത് താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്. —

(ക) താൽക്കാലികമായ അവശനാക്കപ്പെടലിന് പൂർണ്ണനിരക്കിൽ,

(ഖ) എന്നന്നേക്കുമായും പൂർണ്ണമായും ഉള്ള അവശനാക്കപ്പെടലിന് പൂർണ്ണനിരക്കിൽ,

(ഗ) രണ്ടാം പട്ടികയിലെ II-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്ന ക്ഷതിയുടെ ഫലമായുള്ള , എന്നെന്നേയ്ക്കുമായും ഭാഗികമായുള്ള അവശനാക്കപ്പെടലിന്, എന്നന്നേക്കുമായും പൂർണ്ണമായുള്ള അവശനാക്കപ്പെട

ലിൻെറ സംഗതിയിൽ കൊടുക്കേണ്ടിവരുമായിരുന്ന പൂർണ്ണനിരക്കിൻെറ സമ്പാദിക്കാനുള്ള കഴിവിൻെറ ആ ക്ഷതിയിൽ ഉണ്ടായിട്ടുള്ള നഷ്ടത്തിൻെറ ശതമാനമായി മുൻപറഞ്ഞ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ശതമാന നിരക്കിൽ

(ഘ) രണ്ടാം പട്ടികയിൽ II-ാം ഭാഗത്തിൽ വിനിർദ്ദേശിക്കുന്നതല്ലാത്ത ക്ഷതിയുടെ ഫലമായുള്ള, എന്നന്നേക്കുമായും ഭാഗികമായുമുള്ള അവശനാക്കപ്പെടലിന് എന്നന്നേയ്ക്കുമായും പൂർണ്ണമായുമുള്ള അവശനാക്കപ്പെടലിൻെറ സംഗതിയിൽ കൊടുക്കേണ്ട പൂർണ്ണ നിരക്കിൻെറ ഏത് ശതമാനമാണോ സമ്പാദിക്കാനുള്ള കഴിവിന്, ആ ക്ഷതിയാൽ എന്നന്നേക്കുമായും ഉണ്ടായിട്ടുള്ള നഷ്ടത്തിന് ആനുപാതികമായിരിക്കുന്നത്, ആ ശതമാന നിരക്കിൽ,

വിശദീകരണം.— ഒരേ അപകടത്താൽ ഒന്നിലധികം ക്ഷതികൾ ഉണ്ടാകുന്നിടത്ത്, (ഗ)-യും (ഘ)-യും ഖണ്ഡങ്ങൾക്കുകീഴിൽ കൊടുക്കേണ്ട ആനുകൂല്യത്തിൻെറ നിരക്ക് ഒന്നിച്ചു കൂട്ടേണ്ടതും, എന്നാൽ അത്, ഏതു സംഗതിയിലും പൂർണ്ണ നിരക്കിൽ കവിയാത്ത വിധമായിരിക്കേണ്ടതും ആണ്.

(ങ), (ക), (ഖ), (ഗ), (ഘ) എന്നീ ഖണ്ഡങ്ങളിൽപ്പെടാത്ത അവശനാക്കപ്പെടലിൻെറ സംഗതിയിൽ, പൂർണ്ണ നിരക്കിൽ കവിയാത്തതും റഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്നതുമായ, നിരക്കിൽ.

8. ഇൻഷ്വർ ചെയ്യപ്പെട്ട ആൾ മരിച്ചുപോകുന്ന സംഗതിയിൽ, ആശ്രിതരുടെ ആനുകൂല്യം അയാളുടെ വിധവയ്ക്കും കുട്ടികൾക്കും താഴെ പറയും പ്രകാരം കൊടുക്കേണ്ടതായിരിക്കുന്നതാണ്:—

(ക) വിധവയ്ക്കും അവളുടെ ജീവിതകാലത്തേയ്ക്കോ പുനർവിവാഹം വരേയ്ക്കോ പൂർണ്ണനിരക്കിൻെറ അഞ്ചിൽ മൂന്നിന് തുല്യമായ തുക— രണ്ടോ അതിലധികമോ വിധവകളുണ്ടെങ്കിൽ, മുൻപറഞ്ഞ പ്രകാരം വിധവയ്ക്ക് കൊടുക്കേണ്ട തുക വിധവകൾക്കിടയിൽ തുല്യമായി വിഭജിക്കേണ്ടതാണ്.

(ഖ) നിയമാനുസൃത വേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ ഓരോ പുത്രനും, അവന് പതിനെട്ട് വയസ്സ് തികയുന്നതുവരെ പൂർണ്ണനിരക്കിൻെറ അഞ്ചിൽ രണ്ടിന് തുല്യമായ തുക :

എന്നാൽ, ദുർബ്ബലനായിരിക്കുന്നവനും, ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ മരണസമയത്ത് പൂർണ്ണമായി അയാളുടെ സമ്പാദ്യങ്ങളെ ആശ്രയിച്ചിരിക്കുന്നവനും, ആയ നിയമാനുസൃത വേഴ്ചയിലുണ്ടായ പുത്രൻെറ സംഗതിയിൽ, ആശ്രിതരുടെ ആനുകൂല്യം ദൗർബ്ബല്യം നിലനിന്നിടത്തോളം തുടർന്നു കൊടുക്കേണ്ടതാകുന്നു.

(ഗ) നിയമാനുസൃത വേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ ഓരോ അവിവാഹിത പുത്രിക്കും അവൾക്ക് പതിനെട്ടു വയസ്സ് തികയുന്നതോ അവളുടെ വിവാഹമോ, ഏതാണ് ആദ്യം വരുന്നത്, അതുവരെ പൂർണ്ണനിരക്കിൻെറ അഞ്ചിൽ രണ്ടിന് തുല്യമായ തുക :

എന്നാൽ, ദുർബ്ബലയായിരിക്കുന്നവളും ഇൻഷ്വർ ചെയ്യപ്പെട്ട ആളുടെ മരണസമയത്ത് പൂർണ്ണമായി അയാളുടെ സമ്പാദ്യങ്ങളെ ആശ്രയിച്ചിരിക്കുന്നവളും ആയ നിയമാനുസൃത വേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ അവിവാഹിതപുത്രിയുടെ സംഗതിയിൽ ആശ്രിതരുടെ ആനുകൂല്യം ദൗർബ്ബല്യം നിലവിലിരിക്കുകയും അവൾ അവിവാഹിതയായി തുടരുകയും ചെയ്യുന്നിടത്തോളം, തുടർന്നു കൊടുക്കുന്നതാണ്.

എന്നുമാത്രമല്ല, മരിച്ചുപോയ ആളുടെ വിധവയ്ക്കും, അല്ലെങ്കിൽ വിധവകൾക്കും നിയമാനുസൃത വേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ കുട്ടികൾക്കും ഇടയിൽ മുൻപറഞ്ഞ പ്രകാരം വീതിക്കപ്പെടുന്ന ആശ്രിതരുടെ ആനുകൂല്യങ്ങളുടെ ആകെത്തുക, ഏതെങ്കിലും സമയത്ത്, പൂർണ്ണ നിരക്കിൽ കവിയുന്നുവെങ്കിൽ, ആശ്രിതൻമാരിൽ ഓരോരുത്തൻേറയും ഓഹരി

അവർക്ക് കൊടുക്കേണ്ട ആകെത്തുക പൂർണ്ണനിരക്കിലുള്ള അവശനാക്കപ്പെടൽ ആനുകൂല്യത്തുകയിൽ കവിയാത്തവിധം, ആനുപാതികമായി കുറവു ചെയ്യേണ്ടതാണ്.

9. മരിച്ചുപോയ ആൾക്ക് വിധവയോ നിയമനുസൃത വേഴ്ചയിലുണ്ടായതോ ദത്തെടുക്കപ്പെട്ടതോ ആയ കുട്ടിയോ അവശേഷിക്കുന്നില്ലാത്ത സംഗതിയിൽ, ആശ്രിതരുടെ ആനുകൂല്യം മററുള്ള ആശ്രിതർക്ക് താഴെപ്പറയും പ്രകാരം, കൊടുക്കേണ്ടതായിരിക്കുന്നതാണ്—

(ക) മാതാവിനോ പിതാവിനോ, മാതാമഹിക്കോ മാതാമഹനോ പിതാമഹിക്കോ പിതാമഹനോ, ജീവിതകാലത്തേക്ക് പൂർണ്ണനിരക്കിൻെറ പത്തിൽ മൂന്നിന് തുല്യമായ തുക—മാതാവോ പിതാവോ മാതാമഹിയോ മാതാമഹനോ പിതാമഹിയോ, പിതാമഹനോ ആയി രണ്ടോ അതിലധികമോ ആറം ഉണ്ടെങ്കിൽ, മുൻപറഞ്ഞ പ്രകാരം മാതാപിതാക്കൻമാർക്കോ മാതാമഹിക്കോ മാതാമഹനോ പിതാമഹിക്കോ പിതാമഹനോ കൊടുക്കേണ്ട തുക അവർക്ക് ഇടയിൽ തുല്യമായി വിഭജിക്കേണ്ടതാകുന്നു.

(ഖ) മററതെങ്കിലും —

(i) പുരുഷനായ ആശ്രിതനു അവന് പതിനെട്ടു വയസ് തികയുന്നതുവരേയും.

(ii) ആശ്രിതയ്ക്ക്, അവൾക്ക് പതിനെട്ടു വയസ് തിയകയുന്നതോ അവളുടെ വിവാഹമോ, ഏതാണ് ആദ്യം വരുന്നത് അതുവരേയും. അല്ലെങ്കിൽ വിധവയാണെങ്കിൽ അവൾക്ക് പതിനെട്ടു വയസു തികയുന്നത് വരേയും

പൂർണ്ണനിരക്കിൻെറ പത്തിൽ രണ്ടിന് തുല്യമായ തുക എന്നാൽ

(ഖ) ഖണ്ഡത്തിൻകീഴിൽ ഒന്നിലധികം ആശ്രിതരുണ്ടെങ്കിൽ, ഈ ഖണ്ഡത്തിൻകീഴിൽ കൊടുക്കേണ്ട തുക അവർക്ക് ഇടയിൽ തുല്യമായി വിഭജിക്കേണ്ടതാകുന്നു.

## രണ്ടാം പട്ടിക

[2 (15ക) (15ഖ) എന്നീ വകുപ്പുകൾ നോക്കുക]

| ക്രമനമ്പർ | ക്ഷതിയുടെ വിവരണം | സമ്പാദിക്കാനുള്ള കഴിവിൻെറ നഷ്ട ശതമാനം |
|---|---|---|
| (1) | (2) | (3) |

### ഭാഗം I

ഏത് ക്ഷതികളുടെ ഫലമായാണോ എന്നന്നേക്കുമായും പൂർണ്ണമായും അവശനാക്കപ്പെടുന്നതായി കരുതപ്പെടുന്നത് ആ ക്ഷതികളുടെ ലിസ്ററ്

| | | |
|---|---|---|
| 1. | ഇരു കൈപ്പടങ്ങളുടേയും, നഷ്ടമോ അതിന് മുകൾ ഭാഗത്തുവച്ചുള്ള വിച്ഛേദനമോ. | 100 |
| 2. | ഒരു കൈപ്പടത്തിൻേറയും ഒരു കാല് പടത്തിൻേറയും നഷ്ടം. | 100 |
| 3. | കാലിലൂടേയോ തുടയിലൂടെയോ ഉള്ള ഇരട്ട വിച്ഛേദനമോ, അല്ലെങ്കിൽ ഒരു വശത്തുള്ള കാലിലൂടേയോ തുടയിലൂടെയോ ഉള്ള വിച്ഛേദനവും മറേറ കാല്പടത്തിൻെറ നഷ്ടവും. | 100 |

| (1) | (2) | (3) |
|---|---|---|
| 4. | കാഴ്ച ആവശ്യകമായ ഏതെങ്കിലും പ്രവൃത്തി നിർവ്വഹിക്കാൻ അവകാശവാദിയെ കഴിവില്ലാതാക്കുന്നിടത്തോളമുള്ള കാഴ്ച നഷ്ടം. | 100 |
| 5. | അതിതീവ്രമായി മുഖം വിരൂപമാക്കൽ. | 100 |
| 6. | പരിപൂർണ്ണമായ ബധിരത. | 100 |

ഭാഗം II

## ഏതു ക്ഷതികളുടെ ഫലമായാണോ എന്നന്നേക്കുമായും ഭാഗികമായും അവശനാക്കപ്പെടുന്നതായി കരുതപ്പെടുന്നത് ആ ക്ഷതികളുടെ ലിസ്ററ്

| | | |
|---|---|---|
| | വിച്ഛേദനം-മുകൾഭാഗത്തുള്ള അവയവങ്ങൾ (രണ്ടിലൊരു കൈ) | |
| 7. | തോൾ സന്ധിയിലൂടെയുള്ള വിച്ഛേദനം. | 90 |
| 8. | അംസകൂടത്തിൻെറ അററത്തുനിന്ന് 20.32 സെ. മീററിൽ കുറവായ കുററിയോടുകൂടെ തോളിന് താഴെയുള്ള വിച്ഛേദനം. | 80 |
| 9. | അംസകൂടത്തിൻെറ അററത്തുനിന്ന് 20.32 സെ. മീററർ മുതൽ കാഫണിയുടെ അററത്തുനിന്ന് താഴെ 11.43 സെ. മീററർ വരെയുള്ള വിച്ഛേദനം. | |
| 10. | ഒരു കൈപ്പടത്തിൻെറ അല്ലെങ്കിൽ, ഒരു കൈപ്പടത്തിലെ പെരുവിരലിൻേറയും നാലുവിരലുകളുടേയും നഷ്ടം, അല്ലെങ്കിൽ കഫണിയുടെ അററത്തുനിന്ന് താഴെ 11.43 സെ. മീററർ മുതൽക്കുള്ള വിച്ഛേദനം. | 60 |
| 11. | പെരുവിരലിൻെറ നഷ്ടം | 30 |
| 12. | പെരുവിരലിൻേറയും അതിൻെറ കരാസ്ഥിയുടേയും നഷ്ടം. | 40 |
| 13. | ഒരു കൈപ്പടത്തിൻെറ നാലു വിരലുകളുടെ നഷ്ടം. | 50 |
| 14. | ഒരു കൈപ്പടത്തിൻെറ മൂന്നു വിരലുകളുടെ നഷ്ടം. | 30 |
| 15. | ഒരു കൈപ്പടത്തിൻെറ രണ്ടുവിരലുകളുടെ നഷ്ടം | 20 |
| 16. | പെരുവിരലിൻെറ അന്തിമസ്ഥമായ അംഗുലാസ്ഥിയുടെ നഷ്ടം. | 20 |
| | (വിച്ഛേദനം-കീഴ്ഭാഗത്തുള്ള അവയവങ്ങൾ) | |
| 17. | അററം വരെ കുററികളാകത്തക്കവിധമുള്ള ഇരുകാല് പടങ്ങളുടേയും വിച്ഛേദനം. | 90 |
| 18. | പ്രപദാംഗുലാസ്ഥി സന്ധിക്ക് അടുത്തുവച്ചുള്ള ഇരുകാല്പടങ്ങളുടേയും വിച്ഛേദനം. | 80 |
| 19. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ള ഇരുകാല്പടങ്ങളുടേയും എല്ലാവിരലുകളുടേയും നഷ്ടം. | 40 |
| 20. | നികടസ്ഥ അന്തരാംഗുലാസ്ഥിക്ക് അടുത്തുവച്ചുള്ള ഇരുകാല്പടങ്ങളുടേയും എല്ലാ വിരലുകളുടേയും നഷ്ടം. | 30 |
| 21. | നികടസ്ഥ അന്തരാംഗുലാസ്ഥിതിയുടെ അകലെ വച്ചുള്ള ഇരുകാല്പടങ്ങളുടെ എല്ലാ വിരലുകളുടേയും നഷ്ടം. | 20 |
| 22. | ഇടുപ്പിൽവച്ചുള്ള വിച്ഛേദനം. | 90 |

| (1) | (2) | (3) |
|---|---|---|
| 23. | ശിഖരകത്തിൻെറ അററത്തുനിന്ന് അളന്നാൽ 12.70സെ. മീററിൽ കവിയാത്ത കുററിയോടുകൂടെ ഇടുപ്പിന് താഴെയുള്ള വിച്ഛേദനം. | 80 |
| 24. | മഹാശിഖരകത്തിൻെറ അററത്തുനിന്ന് 12.70 സെ. മീററർ കവിയുന്നതും എന്നാൽ ഊരുമദ്ധ്യം കടക്കാത്തതുമായ കുററിയോടുകൂടി ഇടുപ്പിനുതാഴെ ഉള്ള വിച്ഛേദനം. | 70 |
| 25. | കാൽമുട്ടിൽനിന്ന് 8.89 സെ. മീററർ താഴെവരെ ഊരുമദ്ധ്യത്തിന് താഴെയുള്ള വിച്ഛേദനം. | 60 |
| 26. | 8.89 സെ. മീററിൽ കവിയുന്നതും, എന്നാൽ 12.70 സെ. മീററിൽ കവിയാത്തതുമായ കുററിയോടുകൂടെ കാൽമുട്ടിനു താഴെയുള്ള വിച്ഛേദനം. | 50 |
| 27. | 12.70 സെ. മീററിൽ കവിയുന്ന കുററിയോടുകൂടെ കാൽമുട്ടിനു താഴെയുള്ള വിച്ഛേദനം. | 40 |
| 28. | അററംവരെ കുററിയാകാത്ത വിധമുള്ള ഒരു കാല്പടത്തിൻെറ വിച്ഛേദനം. | 30 |
| 29. | പ്രപദാംഗുലാസ്ഥി സന്ധിയ്ക്കു അടുത്തുവച്ചുള്ള ഒരു കാല്പടത്തിൻെറ വിച്ഛേദനം. | 30 |
| 30 | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ള ഒരു കാല്പടത്തിൻെറ എല്ലാ വിരലുകളുടേയും നഷ്ടം. | 20 |
| | മററു ക്ഷതികൾ | |
| 31. | ഒരു കണ്ണിൻെറ നഷ്ടം, മററ് കുഴപ്പങ്ങൾ ഇല്ലാതിരിക്കുകയും മറേറ കണ്ണു സാധാരണ നിലയിൽ ഇരിക്കുകയും ചെയ്യുമ്പോൾ. | 40 |
| 32. | ഒരു കണ്ണിൻെറ കാഴ്ചയുടെ നഷ്ടം, മററ് കുഴപ്പങ്ങൾ ഇല്ലാതിരിക്കുകയോ നേത്രഗോളം വിരൂപമാക്കപ്പെടാതിരിക്കുകയോ ചെയ്യുകയും മറേറ കണ്ണ് സാധാരണ നിലയിൽ ഇരിക്കുകയും ചെയ്യുമ്പോൾ. | 30 |

ക-വലത്തുകൈയിലെയോ ഇടത്തുകൈയിലേയോ വിരലുകൾ

| | | |
|---|---|---|
| | (ചൂണ്ടാണി വിരൽ) | |
| 33. | മുഴുവൻ | 14 |
| 34. | രണ്ട് അംഗുലാസ്ഥികൾ | 11 |
| 35. | ഒരു അംഗുലാസ്ഥി | 9 |
| 36. | അസ്ഥി നഷ്ടപ്പെടാതെയുള്ള അററത്തിൻെറ ഗില്ലാററിൻ വിച്ഛേദനം. | 5 |
| | (നടുവിരൽ) | |
| 37. | മുഴുവൻ | 12 |
| 38. | രണ്ട് അംഗുലാസ്ഥികൾ | 9 |
| 39. | ഒരു അംഗുലാസ്ഥി. | 7 |
| 40. | അസ്ഥിനഷ്ടപ്പെടാതെയുള്ള അററത്തിൻെറ ഗില്ലററിൻ വിച്ഛേദനം. | 4 |
| | (മോതിരവിരൽ അല്ലെങ്കിൽ ചെറുവിരൽ) | |
| 41. | മുഴുവൻ | 7 |
| 42. | രണ്ടു അംഗുലാസ്ഥികൾ. | 6 |

| (1) | (2) | (3) |
|---|---|---|
| 43. | ഒരു അംഗുലാസ്ഥി | 5 |
| 44. | അസ്ഥി നഷ്ടപ്പെടാതെ അററത്തിൻെറ ഗില്പററിൻ വിച്ഛേദനം | 2 |
| | ഖ-വലത്തെ കാല്പടത്തിൻെറയോ ഇടത്തെ കാല്പടത്തിൻെറയോ | |
| | കാൽവിരലുകൾ | |
| | കാൽ പെരുവിരൽ | |
| 45. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 14 |
| 46. | അതിൻെറ ഭാഗം, കുറച്ച അസ്ഥി നഷ്ടത്തോട് കൂടി | 3 |
| | മറേറതെങ്കിലും കാൽവിരൽ | |
| 47. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 3 |
| 48. | അതിൻെറ ഭാഗം കുറച്ച് അസ്ഥിനഷ്ടത്തോടുകൂടി | 1 |
| | ഒരു കാലപകടത്തിൻെറ പെരുവിരൽ ഒഴിച്ചുള്ള രണ്ടു വിരലുകൾ. | |
| 49. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 5 |
| 50. | അതിൻെറ ഭാഗം കുറച്ച് അസ്ഥി നഷ്ടത്തോടുകൂടി | 2 |
| | (ഒരു കാല്പടത്തിൻെറ പെരുവിരൽ ഒഴിച്ചുള്ള മൂന്നു വിരലുകൾ) | |
| 51. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 6 |
| 52. | അതിൻെറ ഭാഗം കുറച്ച് അസ്ഥി നഷ്ടത്തോടുകൂടി | 3 |
| | ഒരു കാലപടത്തിൻെറ പെരുവിരൽ ഒഴിച്ചുള്ള നാലുവിരലുകൾ | |
| 53. | പ്രപദാംഗുലാസ്ഥി സന്ധിയിൽ വച്ചുള്ളത്. | 9 |
| 54. | അതിൻെറ ഭാഗം കുറച്ച് അസ്ഥിനഷ്ടത്തോടുകൂടി. | 3 |

കുറിപ്പ്- ഈ പട്ടികയിൽ പരാമർശിച്ച ഏതെങ്കിലും അവയവത്തിൻെറയോ അംഗത്തിൻേറയോ ഉപയോഗത്തിൻെറ പൂർണ്ണവും എന്നെന്നേക്കുമുള്ളതുമായ നഷ്ടം, ആ അവയവത്തിൻേറയോ അംഗത്തിൻേറയോ നഷ്ടത്തിന് തുല്യമായി കരുതപ്പെടുന്നതാണ്.

## മൂന്നാം പട്ടിക

(52-ാം വകുപ്പു നോക്കുക)

### ജീവികാജന്യ രോഗങ്ങളുടെ ലിസ്ററ്

| ജീവികാജന്യരോഗം (1) | നിയോജനം (2) |
|---|---|
| | ഭാഗം ക |
| ആന്ത്രാക്സ് | ക. കമ്പിളിയോ രോമമോ ശുകങ്ങളോ അല്ലെങ്കിൽ ജന്തുക്കളുടെജഡങ്ങളോ, അല്ലെങ്കിൽ തോലുകളും, കുളമ്പുകളും കൊമ്പുകളും ഉൾപ്പെടെ അങ്ങനെയുള്ള ജഡങ്ങളുടെ ഭാഗങ്ങളോ എടുത്തുപെരുമാറുന്നത് ഉൾക്കൊള്ളുന്നതോ, അല്ലെങ്കിൽ. |
| | ഖ. ആന്ത്രാക്സ് പകർന്നുകിട്ടിയിട്ടുള്ള ജന്തുവിനെ സംബന്ധിച്ചതോ, അല്ലെങ്കിൽ |
| | ഗ. ഏതെങ്കിലും കച്ചവടച്ചരക്കുകൾ, കയററുകയോ ഇറക്കുകയോ പരിവഹനം ചെയ്യുകയോ ചെയ്യുന്നത് ഉൾക്കൊള്ളുന്നതോ, |
| | ആയ ഏതെങ്കിലും നിയോജനം. |

| (1) | (2) |
|---|---|
| സമ്മർദ്ദിതവായു രോഗം അല്ലെങ്കിൽ തജ്ജന്യ രോഗാവസ്ഥ. | സമ്മർദ്ദിതവായുവിൽ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും പ്രകിയ. |
| ലെഡ്ടെട്രാ ഏഥിലാലുള്ള വിഷബാധ. | ലെഡ്ടെട്രാ ഏഥിലിന്റെഉപയോഗം ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. നൈട്രസ് ധൂമത്താലുള്ള വിഷബാധ നൈട്രസ് ധൂമങ്ങൾ ഏൽക്കത്തക്കവിധത്തിലുള്ള ഏതെങ്കിലും പ്രക്രിയ. |
| കാർബണിക ഫാസ്ഫറസ് കീടനാശിനികളാലുള്ള വിഷബാധ. | കാർബണിക ഫാസ്ഫറസ് കീടനാശിനികളിൽ ഏതെങ്കിലും അടങ്ങുന്ന ധൂമമോ ധൂളിയോ ബാഷ്പമോ ഉപയോഗിക്കുന്നതോ എടുത്തു പെരുമാറുന്നതോ ഏൽക്കുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രകിയ. |

ഭാഗം—ഖ

| | |
|---|---|
| ഈയത്താലോ അതിന്റെ ധാതുമിശ്രങ്ങളാലോ യൗഗികങ്ങളാലോ ഉള്ള വിഷബാധ, അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ, ലെഡ്ടെട്രാ ഏഥിലാലുള്ള വിഷബാധ ഒഴിച്ചുള്ളത്. | ഈയ അയിരോ ഈയമോ അതിന്റെ ഏതെങ്കിലും കൂട്ടുകളോ ലെഡ്ടെട്രാ എഥിൽ ഒഴികെയുള്ള യൗഗികങ്ങളോ എടുത്ത പെരുമാറുന്നതോ ഉപയോഗിക്കുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ഫാസ്ഫറസിനാലോ അതിന്റെ യൗഗികങ്ങളാലോ ഉള്ള വിഷബാധ, അല്ലെങ്കിൽ തജ്ജന്യ രോഗാവസ്ഥ. | ഫാസ്ഫറസിന്റെ വിമോചനമോ അല്ലെങ്കിൽ ഫാസ്ഫറസിന്റെയോ അതിന്റെ കൂട്ടുകളുടേയോ യൗഗികങ്ങളുടെയോ ഉപയോഗമോ എടുത്തു പെരുമാറലോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| മെർക്കുറിയാലും അതിന്റെ അമാൽഗങ്ങളാലും യൗഗികങ്ങളാലും ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യ രോഗാവസ്ഥ. | മെർക്കുറിയുടേയോ അതിന്റെ കൂട്ടുകളുടേയോ യൗഗികങ്ങളുടേയോ ഉപയോഗം ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ബെൻസിനാൽ അല്ലെങ്കിൽ അതിന്റെ സജാതിയങ്ങളാലും അവയുടെ അമിഡോവുത്പന്നങ്ങളാലും നൈട്രോ ഉത്പന്നങ്ങളാലും ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ബെൽസിനിന്റെയും ബെൻസിൻ സജാതീയങ്ങളുടേയും അവയുടെഅമിഡോവുത്പന്നങ്ങളുടേയും നൈട്രോവ്യുത്പന്നങ്ങളുടേയും നിർമ്മാണമോ വിമോചനമോ ഉപയോഗമോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ക്രോം അൾസരേഷൻ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ക്രോമിക് ആസിഡിന്റെയോ അമോണിയം ബൈക്രോമേററിന്റെയോ പൊട്ടാസിയം ബൈക്രോമേററിന്റെയോ സോഡിയം ബൈക്രോമേററിന്റെയോ അവയുടെ കൂട്ടുകളുടേയോ ഉപയോഗമോ ബൈക്രോമേററിന്റെ നിർമ്മാണമോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |

| (1) | (2) |
|---|---|
| ആഴ്സെനിക്കിനാലോ അതിന്റെ യൗഗികങ്ങളാലോ ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ആഴ്സെനിക്കിന്റേയോ അതിന്റെ യൗഗികങ്ങളുടേയോ ഉത്പാദനമോ വിവേചനമോ ഉപയോഗപ്പെടുത്തലോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| (ക) റേഡിയവും മററു റേഡിയോ ആക്ററീവ് പദാർത്ഥങ്ങളും (ഖ) എക്സ്റേകളും, കാരണമായി ഉണ്ടാകുന്ന രോഗവിജ്ഞാനീയ ലക്ഷണങ്ങൾ. | റേഡിയത്തിന്റേയോ, റേഡിയോ ആക്ററീവ് പദാർത്ഥങ്ങളുടേയോ എക്സ്റേകളുടെയൊ ക്രിയയ്ക്ക് വിധേയമാകാൻ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| ചർമ്മത്തിന്റെ പ്രൈമറി എപ്പിത്തെലിയോമാററസ് ക്യാൻസർ. | താറോ പിച്ചോ ബിററുമിന്നോ ഖനിജ തൈലമോ പാരഫിനോ അല്ലെങ്കിൽ ഈ പദാർത്ഥങ്ങളുടെ യൗഗികങ്ങളോ ഉൽപന്നങ്ങളോ അവശേഷങ്ങളോ എടുത്തുപെരുമാറുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത് ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| അലിഫാററിക്ക് പരമ്പരയിലുള്ള ഹാലോജനീകൃത ഹൈഡ്രോകർബ്ബണുകളാലും അവയുടെ ഹാലോജൻവ്യുത്പന്നങ്ങളാലും ഉള്ള വിഷബാധ. | അലിഫാററിക്ക് പരമ്പരയിലുള്ള ഹൈഡ്രോ കോർബ്ബണുകളുടെയും അവയുടെ ഹാലോജൻവ്യുൽപന്നങ്ങളുടേയും നിർമ്മാണവും വിമോചനവും ഉപയോഗവും ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |
| കാർബൺ ഡൈസാംഫൈഡിനാലുള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ. | ക. കാർബൺഡൈസംഫൈഡിന്റെ നിർമ്മാണത്തിലോ,<br>ഖ. വിസ്കോസ് പ്രോസസ്വഴിയുള്ള കൃത്രിമപ്പട്ട് നിർമ്മാണത്തിലോ,<br>ഗ. റബർ വ്യവസായത്തിലോ.<br>ഘ. കാർബൺ ഡൈസൽഫൈഡ് അടങ്ങുന്ന ഉൽപന്നങ്ങളുടെ ഉൽപാദനമോ ഉപയോഗമോ അല്ലെങ്കിൽ കാർബൺ ഡൈസൽഫൈഡിൽനിന്നുള്ള പ്രസർജ്ജനം ഏൽക്കുന്നതോ ഉൾക്കൊള്ളുന്ന മറേറതെങ്കിലും വ്യവസായത്തിലോ ഉള്ള ഏതെങ്കിലും നിയോജനം. |
| ഇൻഫ്രാ റെഡ് റേഡിയേഷൻ കൊണ്ടുള്ള ജീവികാജന്യതിമിരം. | ഉരുക്കിയ പദാർത്ഥങ്ങളിൽ നിന്നുള്ള വെട്ടിത്തിളക്ക മേൽക്കുന്നതോ അല്ലെങ്കിൽ ഇൻഫ്രാ-റെഡ് റേഡിയേഷന്റെ മറേറതെങ്കിലും പ്രഭാവങ്ങൾക്ക് അപാവൃതമാകുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും നിർമ്മാണപ്രക്രിയ. |

| (1) | (2) |
| --- | --- |
| ടെലഗ്രാഫീസ്ക്രാംപ്. | ടെലഗ്രാഫ് ഉപകരണങ്ങളുടെ ഉപയോഗം ഉൾക്കൊള്ളുന്ന ഏതെങ്കിലും നിയോജനം. |
| മാങ്ഗനിസീനാലോ മാങ്ഗനീസിന്റെ യൗഗികത്താലോ ഉള്ള വിഷബാധ അല്ലെങ്കിൽ തജ്ജന്യ രോഗാവസ്ഥ. | മാങ്ഗനീസിന്റേയോ, മാങ്ഗനീസിന്റെ യൗഗികത്തിന്റേയോ മാങ്ഗനീസ് അടങ്ങുന്ന പദാർത്ഥത്തിന്റേയോ ഉപയോഗമോ അല്ലെങ്കിൽ അവയുടെ ധൂമമോ ധൂളിയോ ബാഷ്പമോ ഏൽക്കുന്നതോ ഉൾക്കൊള്ളുന്ന ഏതെങ്കിലും പ്രക്രിയ. |

ഭാഗം ഗ.

| (1) | (2) |
| --- | --- |
| സിലിക്കോസിസ് | സിലിക്കാ അടങ്ങുന്ന ധൂളി ശ്വസിക്കലിന് വിധേയമാക്കുന്നതു ഉൾക്കൊള്ളുന്ന ഏതെങ്കിലും നിയോജനം |
| കൽക്കരി ഖനിത്തൊഴിലാളിയുടെ ന്യൂമക്കോണിയോസിസ്. | ഖനനത്തിലെ ഏതെങ്കിലും നിയോജനം. |
| അസ്ബസ്റ്റോസിസ്. | (1) (i) ഫൈബ്രോസിമന്റ് പദാർത്ഥങ്ങളുടെയോ<br>(ii) അസ്ബസ്റ്റാസ് മിൽബോർഡിന്റേയോ ഉത്പാദനത്തിലോ,<br>(2) അസ്ബസ്റ്റാസ് അടങ്ങുന്ന അയിരുകൾ പ്രാസസ്സ് ചെയ്യുന്നതിലോ,<br>ഉള്ള ഏതെങ്കിലും നിയോജനം. |
| കരിമ്പിൻചണ്ടി രോഗം. | കരിമ്പിൻചണ്ടി മിൽബോർഡിന്റേയോ അല്ലെങ്കിൽ കരിമ്പിൻ ചണ്ടിയിൽനിന്നുമുള്ള മററു സാധനങ്ങളുടെയോ ഉത്പാദനത്തിലുള്ള ഏതെങ്കിലും നിയോജനം. |